# കേരളപാഠാവലി

# മലയാളം

## സ്റ്റാൻഡേർഡ് VIII

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

കേരളപാഠാവലി
8
**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2025
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

ഭാഷയുടെ മുഖ്യധർമ്മം ആശയവിനിമയമാണ്. മനുഷ്യരുടെ ജീവിതപരിസര വുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നത് മാതൃഭാഷയാണ്. നമ്മുടെ വികാരങ്ങളും ചിന്തകളും അറിവുകളും ഫലപ്രദമായി പ്രകടിപ്പിക്കാൻ ഭാഷാനൈപുണി വേണം. നിരന്തരം പരിണമിക്കുന്ന ലോകത്തെ അറിയുന്നതിനും മാറ്റങ്ങളെ പിന്തുടരുന്നതിനും മാനസികവികാസത്തിനും സഹായിക്കുന്നത് ഭാഷാജ്ഞാ നമാണ്.

അനുഭൂതികളുടെയും ആശയങ്ങളുടെയും സൗന്ദര്യാത്മകമായ ആവിഷ്കാരമാണ് കലയുടെയും സാഹിത്യത്തിന്റെയും ധർമ്മം. സമൂഹത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെ പ്രകടമാക്കുന്നതിൽ ഇവയ്ക്ക് പ്രധാനപങ്കുണ്ട്. സാമൂഹിക ജീവിതത്തിന്റെ അരങ്ങിലും അണിയറയിലും മലയാളിസമൂഹം ചേർത്തു പിടിക്കുന്ന കലാ-സാഹിത്യരൂപങ്ങളെ അറിയാനും മനസ്സിലാക്കാനും അവസര മൊരുക്കുന്നതാണ് ഈ പുസ്തകം. സാമൂഹികനീതിയും സമത്വബോധവും പരസ്പരസ്നേഹവും സഹവർത്തിത്വവും നിറഞ്ഞ സമൂഹത്തിന്റെ നിർമ്മിതിക്ക് ഇതിലെ ഉള്ളടക്കം സഹായകമാകും.

കേരളത്തിന്റെ വൈവിധ്യമാർന്ന പ്രകൃതിദൃശ്യങ്ങളും കാലാവസ്ഥാഭേദങ്ങളും ജീവിതശൈലിയുമെല്ലാം ഈ പുസ്തകത്തിൽ വിശകലനം ചെയ്യുന്നുണ്ട്. മാനവികത എന്ന മഹത്തായ ആശയം ഉൾക്കൊള്ളുന്ന പാഠഭാഗങ്ങൾ മനോ ഭാവങ്ങളെ കൂടുതൽ ഉയർന്ന തലങ്ങളിലേക്കെത്തിക്കാൻ ഉദ്ദേശിച്ചിട്ടുള്ളവയാണ്.

നമ്മുടെ ഭാഷാശേഷികളെ മെച്ചപ്പെടുത്താനും പുതിയ കാലത്തിനുതകുന്ന തരത്തിൽ ഭാഷയെ ഉപയോഗിക്കാനും നവീനമായ സാങ്കേതികവിദ്യകളു മായി ഭാഷാവ്യവഹാരങ്ങളെ ബന്ധിപ്പിച്ച് പ്രയോഗിക്കാനും ഇതിലെ പഠന പ്രവർത്തനങ്ങൾ സഹായകരമാകും. മൂല്യബോധത്തെ വളർത്താനുതകുന്ന സർഗാത്മക രചനകൾ കൊണ്ട് സജീവമാണ് ഈ പുസ്തകം.

അനുഭൂതിയും അറിവും നന്മയും പകർന്നുതരാനുതകുന്ന മാതൃഭാഷാ പഠന ത്തിന് ഉപകാരപ്രദമാകുമെന്ന ഉറച്ച പ്രതീക്ഷയോടെ എട്ടാം ക്ലാസിലെ കേരള പാഠാവലി അവതരിപ്പിക്കുന്നു.

**ഡോ. ജയപ്രകാശ് ആർ. കെ.**
**ഡയറക്ടർ**
**എസ്.സി.ഇ.ആർ.ടി., കേരളം**

# പാഠപുസ്തകരചന
## ശില്പശാലയിൽ പങ്കെടുത്തവർ

### അഡ്വൈസർ
**ഡോ. അനിൽ വള്ളത്തോൾ**
മുൻ വൈസ് ചാൻസലർ,
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല

### ചെയർപേഴ്സൺ
**ഡോ. പി. സത്യനേശൻ**
അസിസ്റ്റന്റ് പ്രൊഫസർ (റിട്ട.), മുൻ
കരിക്കുലം വിഭാഗം തലവൻ
എസ്.സി.ഇ.ആർ.ടി.കേരള

### വിദഗ്ധർ
**ഡോ. അജയൻ പനയറ,** അസോ. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം
**ഡോ. വി.പരമേശ്വരൻ,** സീനിയർ ലക്ചറർ (റിട്ട.) ഡയറ്റ്, കോഴിക്കോട്
**ഡോ. തോമസ് താമരശ്ശേരി,** അസോ. പ്രൊഫ. (റിട്ട), ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, കാലടി
**രവികുമാർ എം.ജി.,** അസി. പ്രൊഫസർ, ഗവ. കോളേജ് ആറ്റിങ്ങൽ, തിരുവനന്തപുരം
**ഡോ. കെ. രാമചന്ദ്രൻ,** സീനിയർ ലക്ചറർ (റിട്ട.) ഡയറ്റ്, പാലക്കാട്

### അംഗങ്ങൾ
**ഡോ. പി.കെ. ജയരാജൻ**, എച്ച്.എസ്.ടി. (റിട്ട.), ജി.എച്ച്.എസ്.എസ്. ചെർക്കള സെൻട്രൽ കാസറഗോഡ്
**ഷാജി വെള്ളത്തൂർ**, എച്ച്.എസ്.ടി., ജി.എച്ച്.എസ്.എസ്. ഒതുക്കുങ്ങൽ, മലപ്പുറം
**ഡോ. കെ.ആർ. ബിന്ദുജി**, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുറവിലങ്ങാട്, കോട്ടയം
**ബിനു കെ. സാം**, എച്ച്.എസ്.ടി., സെന്റ് മേരീസ് എച്ച്.എസ്. പത്തനംതിട്ട
**ഹരിദാസൻ കെ.**, എച്ച്.എസ്.ടി. (റിട്ട), ജി.വി.എച്ച്.എസ്.എസ്. കാരാകുർശ്ശി, പാലക്കാട്
**അനൂപ് ലാൽ സി.കെ.**, എച്ച്.എസ്.ടി., ജി.എച്ച്.എസ്.എസ്. ചട്ടുകപ്പാറ, കണ്ണൂർ
**പ്രേംകുമാർ വി.പി.**, എച്ച്.എസ്.ടി., ജി.ജി.എച്ച്.എസ്.എസ്. പയ്യന്നൂർ, കണ്ണൂർ
**ഡോ. പ്രിയ ആർ.**, എച്ച്.എസ്.എസ്.ടി., എം.എസ്.എം.എച്ച്.എസ്.എസ്. കായംകുളം, ആലപ്പുഴ
**നെജീന നാസർ**, എച്ച്.എസ്.ടി., ജി.എച്ച്.എസ്. കാച്ചാണി, തിരുവനന്തപുരം
**സൗമ്യ എസ്.**, എച്ച്.എസ്.എസ്.ടി., ജി.എച്ച്.എസ്.എസ്. മാങ്കോട്, പത്തനംതിട്ട

### ചിത്രരചന
**നിഷാ രവീന്ദ്രൻ**, ആർട്ടിസ്റ്റ്, മഞ്ചേരി
**ദീപേഷ് ടി.**, സി.എച്ച്.എം.എച്ച്.എസ്.എസ്. തില്ലങ്കേരി, കണ്ണൂർ
**പ്രസാദ് കുമാർ കെ.എസ്.**, ജി.എച്ച്.എസ്.എസ്. എരിമയൂർ, പാലക്കാട്
**അരുണ ആലഞ്ചേരി ജി.എം.**, ആർ.എസ്. കണിയാമ്പറ്റ, വയനാട്
**ജീവൻ ലാൽ പി.എൻ**, ജി.ജി.വി.എച്ച്.എസ്.എസ്. പെരിന്തൽമണ്ണ, മലപ്പുറം
**ധന്യ എം.സി.**, മുക്കൂട്ടത്തിൽ പറമ്പ്, കാപ്രശ്ശേരി, എറണാകുളം

### അക്കാദമിക് കോ-ഓർഡിനേറ്റർ
**ഡോ. ശശി എം.ടി.** റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

# ഉള്ളടക്കം

1 മനസ്സുനന്നാവട്ടെ

പനിനീർപ്പൂവ്............................................ 8

താളുകൾക്കിടയിലൊരു മയിൽപ്പീലി............................................ 11

തിങ്കളാഴ്ച നല്ല ദിവസം............................................ 19

2 കലയുടെ വേരുകൾ

കളിവിളക്കിൻ തിരിനാളം............................................ 27

പാടിവീട്ടാത്ത കടങ്ങൾ............................................ 30

ലന്തൻ ബത്തേരിയിലെ കാഴ്ചകൾ............................................ 36

3 ഒന്നല്ലി നാം

നിങ്ങളോർക്കുക............................................ 43

ബ്രേക്കിങ് ന്യൂസ്............................................ 47

സ്വപ്നച്ചിറകുകൾ............................................ 50

4 മൊഴിമുത്തുകൾ

മൊഴിയഴക്............................................ 53

മൊഴിയാഴം............................................ 57

എന്റെ ഭാഷ............................................ 63

5 വിത്തും വിത്തവും

കപ്പവാട്ടിന്റെ കഥ............................................ 66

കൃഷി............................................ 70

ജോസപ്പ്............................................ 73

പദപരിചയം ............................................ 77

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാ നിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം “പരമാധികാര ജനാധിപത്യ റിപ്പബ്ലിക് ”എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം “രാഷ്ട്രത്തിന്റെ ഐക്യം”എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

# 1

# മനസ്സുനന്നാവട്ടെ

സ്വർഗത്തേക്കാൾ ഉന്നതമാണ്
മനുഷ്യന്റെ പദവി.
മനുഷ്യനോടുള്ള ആദരവിലാണ്
യഥാർഥ സംസ്കാരം നിലകൊള്ളുന്നത്.
ജീവിതമെന്ന ഗാനത്തിൽ
ഏറ്റവും മനോഹരമായ താളം
നിങ്ങളാണ്.

**മുഹമ്മദ് ഇക്ബാൽ**



'മനുഷ്യരോടുള്ള ആദരവിലാണ് യഥാർഥ സംസ്കാരം നിലകൊള്ളുന്നത്'- സ്വാഭിപ്രായം എഴുതി, ചർച്ച നടത്തൂ.

*പൂക്കൾ ഇതളുകളടർത്തി വീണ്ടും ചേർത്തുവയ്ക്കുമ്പോൾ പൂക്കളമാവുന്നു...*

# പനിനീർപ്പൂവ്

ഞാനൊരു മാൺപെഴും ചെമ്പനീർപ്പൂവിനെ-
ക്കാണവേ ചോദിച്ചേനിപ്രകാരം:
“പുഞ്ചിരിക്കൊള്ളുന്നതെന്തിന്നു പൂവേ, നീ?
നിൻ ചെറുജീവിതമെത്ര മോശം!
പാഴുറ്റ മണ്ണിൽ നീ വീഴുവാൻ പോകുന്നു
താഴത്തു നാളെയെന്നോർമ്മയില്ലേ?”
ഓതിയില്ലുത്തരമൊന്നുമച്ചോദ്യത്തി-
ന്നാതങ്കമേശാത്തൊരാപ്രസൂനം
എൻതെറ്റു കാട്ടുവാൻ മേന്മേൽ വിലങ്ങനെ-
ത്തൻ തലയാട്ടുക മാത്രം ചെയ്തു.
എന്തതിൻ താൽപര്യമെന്നു ഞാൻ ചിന്തിച്ചേൻ;
ബന്ധം മനസ്സിലായല്പമപ്പോൾ.
തെറ്റെന്നു വീണ്ടുമപ്പൂവിനോടോതിനേൻ:
“തെറ്റിപ്പോയ് ഞാനൊരു ബുദ്ധിഹീനൻ;
നിന്നുടെ ജീവിതം മോശമെന്നല്ലീ ഞാൻ
ചൊന്നതെന്നോമനേ? മാപ്പു നൽകൂ!
പൂക്കളേ, പൂക്കളേ, പാരിതിൽ നിങ്ങൾക്കു
പാർക്കുകിലെന്തൊന്നു മീതെ ചൊൽവാൻ?
ഏതൊരു പാഴ്മണൽക്കാടുതാൻ നിങ്ങളാൽ-
പ്പൂതമാം നന്ദനമാകുന്നില!





ഏതൊരു മാലിൽത്താൻ മർത്ത്യർക്കു നിങ്ങളാൽ
സ്ഫീതമാമാനന്ദം വായ്ക്കുന്നീല!
പാടുന്ന വണ്ടുകൾക്കൊപ്പമായ്ത്തെന്നലി-
ലാടുന്ന നിങ്ങളെയാർ മറക്കും?
ഘ്രാണേന്ദ്രിയത്തിന്നു സാഫല്യം നേടുന്നു
മാനവർ നിങ്ങൾതന്നന്തികത്തിൽ.
തൻനറുംതേൻ നിങ്ങളേകുന്നു ലോകത്തി-
ന്നന്നപൂർണ്ണേശ്വരിമാർ കണക്കേ.
പാണിയാൽ സ്പർശിച്ചാലെന്തൊരു മാർദവം!
വേണിയിൽച്ചൂടിയാലെന്തു ഭംഗി!
ദേവനെപ്പൂജിക്കാം; വീരനെച്ചാർത്തിക്കാം
പാവത്തിൻ മൗലിക്കും ഭൂഷയാക്കാം;
കല്യാണകർമ്മത്തിന്നാവശ്യമേവർക്കും
കല്യാണധാമങ്ങളായ നിങ്ങൾ.
മന്നിനീ മാഹാത്മ്യം നൽകുന്ന നിങ്ങളോ
വിണ്ണിലേപ്പൈതങ്ങൾ? ആരറിഞ്ഞു?
പൂക്കളേ, പൂക്കളേ, നിങ്ങൾക്കെൻ കൂപ്പുകൈ
പാർക്കുകിൽ നിങ്ങളെൻ ദേവതമാർ"

**അമൃതധാര** — **ഉള്ളൂർ എസ്. പരമേശ്വരയ്യർ**

### വായിക്കാം, ചൊല്ലാം

കവിത ഇഷ്ടമായോ? വ്യക്തിഗതമായി വായിക്കുക. കവിതയ്ക്ക് അനുയോജ്യമായ ഈണം, താളം എന്നിവ കണ്ടെത്തി സംഘമായി ചൊല്ലി അവതരിപ്പിക്കുക.

### കണ്ടെത്താം, പറയാം

- 'പൂക്കളേ, പൂക്കളേ, നിങ്ങൾക്കെൻ കൂപ്പുകൈ
  പാർക്കുകിൽ നിങ്ങളെൻ ദേവതമാർ'

പൂക്കളെ ദേവതകളായി കവി സങ്കല്പിച്ചത് എന്തുകൊണ്ടാവാം? കണ്ടെത്തലുകൾ ഓരോരുത്തരായി ക്ലാസിൽ പങ്കുവയ്ക്കൂ.

### അഭിപ്രായക്കുറിപ്പ്

- 'സ്വതേ, മനുഷ്യർ സുന്ദരന്മാരാണ്; സുന്ദരികളുമാണ്.'

**ഉറൂബ്**

- ഒന്നല്ലി നാമയി സഹോദരരല്ലിപൂവേ?
  ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം.

**കുമാരനാശാൻ**

- 'നിന്നുടെ ജീവിതം മോശമെന്നല്ലീ ഞാൻ
  ചൊന്നതെന്നോമനേ മാപ്പു നൽകൂ'

**ഉള്ളൂർ**

ഓരോന്നിനും ഭൂമിയിൽ അതിന്റേതായ സൗന്ദര്യവും സ്ഥാനവുമുണ്ട്. മുകളിൽ കൊടുത്തിട്ടുള്ള വാക്യവും വരികളും വിശകലനം ചെയ്ത് സ്വാഭിപ്രായം രേഖപ്പെടുത്തുക.

### വ്യാഖ്യാനിക്കാം

- 'തെറ്റെന്നുവീണ്ടുമപ്പൂവിനോടോതിനേൻ
  തെറ്റിപ്പോയ് ഞാനൊരു ബുദ്ധിഹീനൻ'

താൻ ബുദ്ധിഹീനനാണെന്ന് കവി പറയാനിടയായ സാഹചര്യം എന്താണ്?
പിന്നീട് കവിയുടെ ചിന്തയിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാം?
ഈ ചിന്തകൾ പനിനീർപ്പൂവിനെക്കുറിച്ച് മാത്രമാണോ?
കവിത വ്യാഖ്യാനിച്ച് കുറിപ്പ് തയ്യാറാക്കുക.

### കാവ്യഭംഗി കണ്ടെത്താം

- 'പാടുന്ന വണ്ടുകൾക്കൊപ്പമായ്ത്തെന്നലി-
  ലാടുന്ന നിങ്ങളെയാർ മറക്കും?'

- 'പാണിയാൽ സ്പർശിച്ചാലെന്തൊരു മാർദവം!
  വേണിയിൽ ചൂടിയാലെന്തു ഭംഗി'

വരികൾ ചൊല്ലിനോക്കൂ. കവിതയ്ക്ക് ഭംഗി നൽകുന്ന എന്തെല്ലാം സവിശേഷതകളാണ് ഈ വരികളിലുള്ളത്? കൂടുതൽ വരികൾ കാവ്യഭാഗത്തു നിന്നും കണ്ടെത്തി അവതരിപ്പിക്കൂ.

### ആസ്വാദനക്കുറിപ്പ്

- പനിനീർപ്പൂവ് എന്ന കവിതയിലെ ആശയം, ശബ്ദഭംഗി, പ്രയോഗഭംഗി, സാദൃശ്യപ്പെടുത്തലുകൾ എന്നിവ ഉൾപ്പെടുത്തി ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.
- വ്യക്തിഗതമായി തയ്യാറാക്കിയവ ഗ്രൂപ്പിൽ വായിച്ചുമെച്ചപ്പെടുത്തുക. മികച്ച ആസ്വാദനക്കുറിപ്പിന്റെ സവിശേഷതകൾ ചർച്ചചെയ്ത്, സൂചകങ്ങൾ തയ്യാറാക്കുക.അവയുടെ സഹായത്തോടെ വിലയിരുത്തുകയും ചെയ്യുമല്ലോ.

*വാടാതെ നിത്യവും ജീവിതവാടിയിൽ പൂവിടാറുള്ളതീ സ്നേഹം*

# താളുകൾക്കിടയിലൊരു മയിൽപ്പീലി

എത്ര ചികിത്സിച്ചാലും എന്നെ വിട്ടുപിരിയാൻ കൂട്ടാക്കാത്ത എന്റെ അസുഖം തരുന്ന നോവുകൾ പേറി കിതച്ചും തളർന്നും പാഠപുസ്തകങ്ങളുടെ താളുകളിൽ ഞാനറിയാതെ വീഴുന്ന കണ്ണുനീർത്തുള്ളികൾ തുടച്ചും എത്രയോ നാളുകളായി ഞാനിങ്ങനെ...

വേദനകളുടെ ലോകത്തുനിന്നെനിക്കൊരു ചെറിയ ഒഴിവുകാലം വെച്ചുനീട്ടാൻമാത്രം ദയ വല്ലപ്പോഴുമേ എന്റെ അസുഖത്തിന് തോന്നാറുള്ളൂ. അസുഖം മാറി ക്ലാസിൽ തിരിച്ചെത്തുമ്പോൾ, പൊരുത്തപ്പെടാനാവാത്ത അകലത്തിലാണ് സർവതും എന്ന് തോന്നും.

വളരെ മുമ്പേ കുതിച്ചുപായുന്ന അറിവുകൾക്കൊപ്പം പണിപ്പെട്ടോടിയെത്തിയും കൂട്ടുകാരുടെ തമാശകൾ നുണഞ്ഞും ഞാൻ വീണ്ടുമൊന്ന് ചിരിക്കാൻ തുടങ്ങുമ്പോഴേക്ക്, വേദനകളിലേക്കെന്നെ പിടിച്ചുവലിച്ച് കൊണ്ടുപോകാനായി എന്റെ അസുഖം തിരക്കിട്ടെത്തുകയായി.

ഏറ്റവും മനോഹരമാകേണ്ടിയിരുന്ന കുട്ടിക്കാലം, വിടരാതെ കരിഞ്ഞുപോയ ഒരിതൾപോലെ. നുണയാൻ മധുരമില്ലാതെ, കൂട്ടിന് കളിമേളങ്ങളില്ലാതെ കടന്നുപോയ ബാല്യത്തിന് നഷ്ടബോധങ്ങളുടെ നിരയിൽ എന്നും ഒന്നാം സ്ഥാനമാണ്.



പ്രൈമറി ക്ലാസുകളുടെ താളുകൾക്കിടയിൽ സൂക്ഷിക്കാൻ എനിക്ക് ഓർമ്മകളുടെ ഒരു മയിൽപ്പീലിശേഖരം ഉണ്ടാവാതെ പോയത് ഈ അസുഖം കാരണമാണ്.

എന്റെയും മറ്റുചില കുട്ടികളുടെയും ചില ഉടുപ്പുകൾ, രണ്ടോ മൂന്നോ പിണക്കങ്ങൾ, പിന്നെ നീലകണ്ഠൻ- ഇത്രയൊക്കയേ എന്റെ ഓർമ്മയിലുള്ളൂ. ഇവയിൽ ഏറ്റവും വ്യക്തവും പ്രകാശമാനവുമായത് നീലകണ്ഠനെക്കുറിച്ചുള്ള ഓർമ്മകളാണ്.

അസുഖംകൊണ്ട് ചുരുങ്ങിയ ദേഹവും ക്ഷീണം കൂടുവച്ച വലിയ കണ്ണുകളും മുഖത്തൊതുങ്ങാത്ത സന്തോഷച്ചിരിയുമായി വീണ്ടും ക്ലാസിലെത്തുമ്പോൾ, ഓർമ്മയുടെ താളുകളിൽ നിന്ന് കൂട്ടുകാരിൽ പലരും എന്റെ പേര് വെട്ടിയിട്ടുണ്ടാവും.

പാർവതിയമ്മ എന്ന ഞങ്ങളുടെ ജോലിക്കാരി ഒരു ദിവ്യവസ്തുവെന്നപോലെ ചേർത്തുപിടിച്ചെന്നെ സ്കൂളിലേക്ക് കൊണ്ടുവരികയും സ്റ്റാഫ്റൂമിൽ നിന്ന് ടീച്ചേഴ്സിറങ്ങിവന്ന് എന്റെ കവിളിൽ തൊട്ട് വിശേഷങ്ങൾ ചോദിക്കുകയും ചെയ്യുമ്പോൾ, എന്റെ ക്ലാസിലെയും വേറെ ക്ലാസിലെയും കുട്ടികൾ എനിക്ക് ചുറ്റും കൂടിനിന്ന് അപരിചിതത്വത്തോടെ എന്നെ നോക്കും. എന്നെക്കുറിച്ച് അവർക്കറിയാവുന്ന കാര്യങ്ങളൊക്കെ രഹസ്യമായി പങ്കുവയ്ക്കും. പകൽസമയത്ത് ഞങ്ങളുടെ വീട്ടിൽ കയറിക്കൂടിയ മൂങ്ങക്കുഞ്ഞിനെ കാണാൻ വഴിയേകൂടിപ്പോയ ഒരുപാട് പേർ വട്ടംകൂടിയത് എനിക്കപ്പോഴൊക്കെ ഓർമ്മവരും.

മരുന്നുകളുടെ ചൂടിൽ പൊഴിഞ്ഞ് വികൃതമായ തലമുടിക്കു മീതെക്കൂടി കെട്ടിയ സ്കാർഫിന്റെ കെട്ടഴിച്ചും വീണ്ടും കെട്ടിയും ഞാൻ നിന്നു. ചുറ്റുമൊഴുകിപ്പരന്ന അപരിചിതത്വം സഹിക്കാതെ വന്നപ്പോൾ എനിക്ക് കരയണം എന്ന് തോന്നി.



മുറ്റത്തെവിടെയോ തകർത്തുനടക്കുന്ന കളികളിൽനിന്ന് തലയൂരി ഓടിക്കിതച്ച് ആൾക്കൂട്ടത്തിനിടയിലൂടെ നുഴഞ്ഞുകയറി നീലകണ്ഠൻ എന്നെത്തേടി വരുമെന്നോർമ്മിച്ചതും എന്റെ കണ്ണുനീർ ഉണങ്ങിത്തീർന്നു. അദ്ഭുതവും ആഹ്ലാദവും നിറഞ്ഞുകവിയുന്ന മട്ടിൽ എന്റെയടുത്ത് വന്നു നിന്ന് നീലകണ്ഠൻ പറയും "അനുതാര ഇന്നു വരുംന്ന് എനിക്കറിയായിരുന്നൂലോ."

ക്ലാസിലേക്കുള്ള വഴിമുതൽ അനു, താര, അനുതാര, അനുതാര എസ്. മേനോൻ എന്നൊക്കെ മാറിമാറി വിളിച്ച് നീലകണ്ഠൻ വിശേഷങ്ങളുടെ കെട്ടഴിക്കും. എടുത്തുകഴിഞ്ഞ പാഠങ്ങളൊക്കെ, വല്യ എളുപ്പാണ് എന്ന് സാന്ത്വനം പോലെ പറയും. എന്റെ നോട്ടുബുക്ക് വാങ്ങിക്കൊണ്ടുപോയി ഭക്രാനംഗലിനെക്കുറിച്ചുള്ള ചോദ്യോത്തരങ്ങളും

വഴിക്കണക്കുകളും ശിപ്പായിലഹളയും സൗരയൂഥത്തിലെ അന്തേവാസികളുടെ പേരുവിവരങ്ങളും നിറച്ച് എനിക്ക് തിരികെത്തരും.

ഉപകഥകൾപോലെ എന്റെയുള്ളിൽ അസുഖത്തിന്റെ അവശിഷ്ടങ്ങൾ ചുറ്റിത്തിരിയുന്നതുകൊണ്ടാവാം, എനിക്ക് നീലകണ്ഠൻ പകർത്തിത്തന്ന അറിവുകൾ മുഴുവൻ ഉൾക്കൊള്ളാനായില്ല. ചിലത് എന്റെയുള്ളിലേക്ക് കയറാതെ വഴിമാറിനടന്നു. ചിലതൊന്നും എന്റെ ബുദ്ധിക്ക് താങ്ങാനായില്ല. അതൊക്കെയറിഞ്ഞാവണം, പരീക്ഷയ്ക്ക് നീലകണ്ഠൻ, എല്ലാവരുടെയും കണ്ണുവെട്ടിച്ച് എനിക്കുത്തരങ്ങൾ പറഞ്ഞും കാണിച്ചും തന്നു. അത് തെറ്റാണെന്ന് എനിക്കോ നീലകണ്ഠനോ തോന്നിയതുമില്ല.

മുത്തുകൾ പോലെയുള്ള പല്ലുകൾ കാണിച്ച് നീലകണ്ഠൻ ആരെക്കാളും ഭംഗിയായി ചിരിക്കും. കറുപ്പും വെളുപ്പും തമ്മിൽ നല്ല ചേർച്ചയാണെന്ന് ഞാനങ്ങനെയാണറിഞ്ഞത്. കരയുമ്പോഴും ദേഷ്യപ്പെടുമ്പോഴും വഴക്കുകൂടുമ്പോഴും ആ മുഖത്ത് ചിരിയുണ്ടെന്നെനിക്ക് തോന്നി.

രണ്ട് ഷർട്ടുകളേയുള്ളൂ നീലകണ്ഠന്. ഒന്ന് വെള്ള, മറ്റൊന്ന് പച്ച. നെറ്റിയിൽ നീട്ടിവലിച്ച് ഒരു ചന്ദനക്കുറിയുണ്ടാവും. ഒരുപാട് ബസും കാറും ലോറിയുമൊക്കെ ചീറിപ്പായുന്ന റോഡ് തനിയെ ക്രോസ് ചെയ്യുന്ന നീലകണ്ഠന്റെ ധൈര്യം എനിക്ക് വലിയൊരദ്ഭുതത്തിന് വകയായി. വീട്ടിൽ പുറംവേലയ്ക്ക് നിർത്തിയിരിക്കുന്ന പാർവതിയമ്മയാണല്ലോ എന്നെ സ്കൂളിൽ കൊണ്ടുചെന്നാക്കുകയും തിരിച്ചുകൊണ്ടുവരികയും ചെയ്തിരുന്നത്.

നന്നായി പഠിക്കുന്ന നീലകണ്ഠന് സ്ലേറ്റ് പെൻസിൽ കൊടുക്കാൻ ക്ലാസിലെല്ലാവരും പരസ്പരം മത്സരിച്ചു. പാവം നീലകണ്ഠന് അച്ഛനില്ല. അതുവരെ അച്ഛനില്ലാത്ത ഒരു കുട്ടിയെയും ഞാൻ കണ്ടിരുന്നില്ല. അച്ഛനില്ലാത്ത ഒരവസ്ഥയും ഉണ്ടാകാം എന്ന സത്യം എനിക്ക് ഒരേ സമയം ദുഃഖവും അദ്ഭുതവുമായി. പുതിയ ചെരുപ്പുവേണം, ഐസ്ക്രീം വേണം എന്നൊക്കെ പറയാനും എട്ടുകാലിയെ കൊല്ലാനും അസുഖം വന്നാൽ പൂപോലെ എടുത്ത് തോളിലിട്ട് നടക്കാനും അച്ഛനില്ലാതെ നീലകണ്ഠൻ എത്ര വിഷമിക്കുന്നുണ്ടാവും എന്നോർത്തപ്പോഴൊക്കെ എന്റെ കണ്ണുനിറഞ്ഞു.

'നീലകണ്ഠന് അച്ഛനില്ല' എന്ന് ഞാൻ അച്ഛനോടും അമ്മയോടും പാർവതിയമ്മയോടും മാറിമാറിപ്പറഞ്ഞു. 'നീലകണ്ഠന് മോളൊരു പുതിയ പെൻസിൽ കൊടുത്തോളൂ' എന്നു പറഞ്ഞാണ് അച്ഛനെന്നെ സന്തോഷിപ്പിച്ചത്. പിന്നീട് അച്ഛൻ പറഞ്ഞില്ല എങ്കിലും ഞാൻ ഒരുപാട് പെൻസിൽ നീലകണ്ഠന് കൊടുത്തു.

ഒന്നാംക്ലാസിൽവച്ച് പെൺകുട്ടികളുടെ ബഞ്ചിൽ സ്ഥലം തികയാതെ വന്നപ്പോൾ, റോസിടീച്ചറെന്നെ നീലകണ്ഠന്റെയടുത്തിരുത്തി. പിന്നെ പുതിയ ബഞ്ചുകളെത്തിയിട്ടും പുതിയ ക്ലാസിലേക്കായിട്ടും ഞാൻ സ്ഥാനം മാറിയില്ല.

ക്ലാസെടുക്കുമ്പോൾ എല്ലാ കുട്ടികളും ഇടയ്ക്കെന്തെങ്കിലും വർത്തമാനം പറഞ്ഞു. നീലകണ്ഠൻ മാത്രം മുഴുവൻ ശ്രദ്ധയും ടീച്ചറിലാക്കി അനങ്ങാതിരുന്നു. രാവിലെ കണ്ട പൂമ്പാറ്റയുടെ കാര്യവും ഒരു പൂച്ചയെ അണ്ണാറക്കണ്ണൻ കളിയാക്കിയതുമെല്ലാം പറയാൻ തോന്നിയെങ്കിലും നീലകണ്ഠനെ അനുകരിച്ച് ഞാൻ മിണ്ടാതിരുന്നു.

ഇന്റർവെല്ലിന് നീലകണ്ഠനെനിക്ക് മയിൽപ്പീലിയും താമരമൊട്ടും മഞ്ഞക്കിളിയുടെ തൂവലും ചെറുപുന്നയുടെ തളിരും തന്നു. ചായപ്പെൻസിൽ കൊണ്ട് ഞാൻ തന്നെ വരച്ച ചിത്രങ്ങളാണ് എനിക്ക് പകരംകൊടുക്കാനുണ്ടായിരുന്നത്. ഓരോ ചിത്രം കൊടുക്കുമ്പോഴും നീലകണ്ഠന്റെ കണ്ണുകൾ വിടർന്നു. 'ഇത് ജീവനുള്ള മയിലാന്നാ വിചാരിച്ചത്' എന്നൊരദ്ഭുതം,

'ഈ വീടിന്റെ തുറന്നിട്ട വാതിലിൽക്കൂടി ദാ, ഞാനിപ്പോൾ അകത്തുകയറും' എന്നൊരു തമാശ-എല്ലാം എനിക്ക് വളരെ പ്രിയപ്പെട്ടതായി.

ആദ്യം ഒരു മയിൽ, പൂച്ച, വീട് ഇതൊക്കെയേ വരയ്ക്കാനറിയാമായിരുന്നുള്ളൂ. നീലകണ്ഠന്റെ പ്രശംസ കേൾക്കാൻവേണ്ടി ഞാൻ എന്തു കണ്ടാലും അതുനോക്കി വരച്ചുപഠിക്കാൻ തുടങ്ങി.

ലോകത്തിലേക്കുവച്ച് ഏറ്റവും ഭംഗിയുള്ളത് മയിൽപ്പീലികൾക്കാണെന്ന് നീലകണ്ഠൻ പറഞ്ഞു. എന്റെ വിടർന്ന കണ്ണുകളിലേക്കു നോക്കി, 'മയിൽപ്പീലിക്കണ്ണുകൾ പോലെയുണ്ട്' എന്ന് ഇടയ്ക്കെല്ലാം നീലകണ്ഠൻ പറയുമ്പോൾ എന്റെ എല്ലാ വേദനകളും ഞാൻ മറന്നുപോയി.

അഞ്ചാംക്ലാസിലെത്തിയതോടെ ഞങ്ങളെല്ലാവരും വടക്കേ സ്കൂളിൽ ചേർന്നു. അതോടെ ഞാൻ തനിയെ സ്കൂളിൽ പോയിവരാൻ തുടങ്ങി.

ഞങ്ങളുടെ ക്ലാസിൽ പെൺകുട്ടികൾ മാത്രം. ആൺകുട്ടികൾ മാത്രമുള്ള ഒരു ക്ലാസിലാണ് നീലകണ്ഠൻ എന്നാരോ പറഞ്ഞു. അത്രയധികം കുട്ടികളും ക്ലാസുകളുമുള്ള നെടുങ്കൻ സ്കൂളിൽ, നീലകണ്ഠൻ പെരുമഴയത്തെ ഒരു തുള്ളിപോലെ.

'നിങ്ങളിപ്പോൾ വലിയ കുട്ടികളാണ്. പഠിക്കെന്ന് പറഞ്ഞ് ഇനി ആരും നിങ്ങളുടെ പുറകെ നടക്കില്ല. തനിയെ തോന്നി പഠിക്കണം' എന്ന് ചുവന്ന മൂക്കുത്തിയും നക്ഷത്രക്കണ്ണുമുള്ള ആതിരടീച്ചർ പറഞ്ഞു. അതുവരേയും തനിയേതോന്നി പഠിക്കുന്ന ഒരാളെയേ എനിക്കറിയാമായിരുന്നുള്ളൂ-നീലകണ്ഠൻ. അമ്മയും അച്ഛനും മാറിമാറിപ്പറയുന്നതുകൊണ്ടും ഒന്നാമതായാൽ നീലക്കല്ലുള്ള ഒരു കമ്മൽ, ചിത്രശലഭങ്ങൾ പറന്നുനടക്കുന്ന ഒരുടുപ്പ് എന്നെല്ലാം മോഹിപ്പിക്കുന്നതുകൊണ്ടും പഠിക്കുന്നവരായിരുന്നു ഞങ്ങളെല്ലാം.

പുതിയ ക്ലാസിൽ ഞാനല്ലാതെ വേറെയാരും നീലകണ്ഠനെ ഓർമ്മിക്കുന്നില്ല എന്നെനിക്ക് തോന്നി. വേറെ സ്കൂളിൽനിന്ന് വന്ന ഒരുപാട് കുട്ടികളോട് സൗഹൃദം സ്ഥാപിച്ചെടുക്കുന്ന തിരക്കിലായിരുന്നു എല്ലാവരും.



ആയിടയ്ക്ക് അച്ഛനെനിക്ക് മഞ്ഞയും പച്ചയും ഇടകലർന്ന ഒരുകൂട് പെൻസിൽ വാങ്ങിത്തന്നു. പകുതിയാകുന്ന ഓരോ പെൻസിലും 'നീലകണ്ഠന്' എന്നോർത്ത് ഞാൻ മാറ്റിവെച്ചു. 'ഒരുകൂട് പെൻസിൽ ഇത്രയും വേഗം തീർക്കാൻ ഈ കുട്ടിക്ക് മാത്രമേ കഴിയൂ' എന്ന് അമ്മ പരാതിപറഞ്ഞു.

സ്കൂളിലേക്കുള്ള വഴിയിലും സ്കൂൾമുറ്റത്തും പാഞ്ഞുനടക്കുന്ന കുട്ടികളുടെ കൂട്ടത്തിലും ഞാൻ നീലകണ്ഠനെ തിരഞ്ഞ് തോറ്റു.

വീണ്ടുമൊരു ആശുപത്രിവാസം കഴിഞ്ഞ് ക്ലാസിലെത്തി, പിടികിട്ടാ ഉയരത്തിൽ പറന്നു തിമിർക്കുന്ന അറിവിന്റെ തുമ്പികളെ കൈയെത്തിപ്പിടിക്കാൻ ശ്രമിച്ച് തളർന്നിരിക്കുമ്പോൾ, അടുത്തിരുന്ന ജയന്തി സ്വരംതാഴ്ത്തി എന്നോടൊരു രഹസ്യം

പറഞ്ഞു- 'നീലകണ്ഠന് ഒരു വലിയ പനി വന്ന് കണ്ണ് കാണാണ്ടായി. ഇനി സ്കൂളിൽ വരില്ലാത്രെ.'

ഞാനത് തീരെ ഗൗനിച്ചില്ല. അതൊരു വെറും നുണയാണെന്ന് എന്തുകൊണ്ടോ എനിക്കു തീർച്ചയായിരുന്നു.

പിറ്റേന്ന് ശനിയാഴ്ചയായിരുന്നു.

അപരിചിതമായ ഒരു സ്ത്രീശബ്ദം, ഉറക്കെ സങ്കടപ്പെട്ടുള്ള കരച്ചിലായി മാറുന്നതുകേട്ടാണ് രാവിലെ ഞാൻ ഉണർന്നത്. ആരു കരയുന്നതും ഇഷ്ടമില്ലാതിരുന്ന ഞാൻ അവരെ ആരാണ് ഉപദ്രവിച്ചിട്ടുണ്ടാവുക എന്നാലോചിച്ച് മുൻവശത്തേക്കോടി.



കൈലിയുടുത്ത്, ബ്ലൗസിനു മീതേക്കൂടി നിറം മങ്ങിയ തോർത്തിട്ട്, മെലിഞ്ഞുണങ്ങിയ ഒരു സ്ത്രീ ഇറയത്തിരുന്ന് കാൽമുട്ടിൽ മുഖംവെച്ച് തേങ്ങിക്കരയുന്നതിനരികെ നീലകണ്ഠൻ!

'പോണേനുമുമ്പ് മോളേ കാണാൻ വരണോന്ന് വാശിയല്ലാരുന്നോ ഇവന്?' എന്നെ ചേർത്തുപിടിച്ച് നീലകണ്ഠന്റെയമ്മ കരഞ്ഞു.

എന്താണവർ പറയുന്നതെന്ന് എനിക്ക് തീരെ മനസ്സിലായില്ല. കൂടുതൽ ആലോചിക്കാനൊന്നും നിൽക്കാതെ അവരുടെ കൈകളിൽ നിന്ന് കുതറി, 'നീലകണ്ഠൻ' എന്നാർത്തുവിളിച്ച് ഞാൻ നീലകണ്ഠന്റെയടുത്ത് ചെന്നുനിന്നു. നീലകണ്ഠൻ, കൈകൾ കൊണ്ട് വായുവിൽ പരതി എന്റെ കൈകൾ കണ്ടുപിടിച്ചു.

'എന്താണിങ്ങനെ?' എന്നമ്പരക്കുമ്പോൾ, ഒരു ദുഃസ്വപ്നംപോലെ ജയന്തിയുടെ വാക്കുകൾ ഓർമ്മ വന്നു. നീലകണ്ഠന്റെയമ്മ അപ്പോഴൊന്നു കൂടി കരഞ്ഞു. നിശ്ചലമായ കൃഷ്ണമണികളെ തൊട്ട് താഴേക്ക് ഒഴുകിയിറങ്ങിയ കണ്ണുനീരി നിടയിലും നീലകണ്ഠൻ ചിരിച്ചു, മന്ദാരപ്പൂ പോലെ.

'ഇവന്റെ ചികിത്സയ്ക്കായി വീട് വില്ക്കാൻ പോകുവാണ്. അങ്ങ് കിഴക്കൻ നാട്ടില് ഇവന്റമ്മാവന്റെ കൂടെ കഴിയാനാ വിചാരി ക്കുന്നെ' - നീലകണ്ഠന്റെയമ്മയ്ക്ക് കരഞ്ഞു കരഞ്ഞ് ഒച്ചയിടറി. ശബ്ദമില്ലാത്ത കരച്ചിലിലേക്കെത്തിയ അവരെ, അമ്മ അകത്തേക്ക് കൂട്ടിക്കൊണ്ടു പോയി.

നീലകണ്ഠനെനിക്ക് ഒരുകെട്ട് ചെറു പുന്നത്തളിര് കൊണ്ടുവന്നിരുന്നു.

'തളിർത്ത് നില്ക്കുന്ന ചെറുപുന്ന കണ്ടാൽ ചെത്തിപൂത്തതുപോലെ തോന്നും' എന്ന് നീലകണ്ഠൻ പറയാറുള്ളത് ഓർത്തുനില്ക്കുമ്പോൾ, നീലകണ്ഠന്റെ ശബ്ദം ഒരു വിറയലോടെ വന്ന് എന്നെ തൊട്ടു- 'അത് വെട്ടി വിറ്റു. തീർത്താലും തീരാണ്ടല്ലേ കടം!'

അതോടെ എന്റെ കരച്ചിലിന്റെ ശക്തികൂടി.

'അയ്യയ്യോ, എന്തിനാ ഇങ്ങനെ കരയണത്? നോക്ക് ഞാൻ കരയണില്ലല്ലോ' നീലകണ്ഠൻ എന്നെ സമാധാനിപ്പിച്ചു.

പിന്നെ ഞങ്ങൾ കൈകോർത്തു പിടിച്ചുകൊണ്ട് ചവിട്ടുപടിയിലിരുന്നു. കുഞ്ഞമ്മ വാങ്ങിത്തന്ന പാദസരം തൊട്ടുനോക്കി, 'ഹായ്, നല്ല ഭംഗിയുണ്ട്' എന്ന് നീലകണ്ഠൻ പറഞ്ഞു.

ഓരോ മുറിയിലുംകൂടി കയറിയിറങ്ങുമ്പോൾ, 'എത്ര വലിയ വീടാ' എന്ന് നീലകണ്ഠൻ അദ്ഭുതപ്പെട്ടു. എന്റെ മുറിയിലെത്തിയപ്പോൾ, പുസ്തകത്താളുകൾ മറിച്ചുനോക്കി, 'ഇപ്പോൾ ഏത് പാഠമാണെടുക്കുന്നത്? അതൊന്ന് വായിച്ചേ, കേൾക്കട്ടേ' എന്ന് സ്വപ്നത്തിലെന്നപോലെ പറഞ്ഞു.

അമ്മ കൊടുത്ത പഴയ സാരികളും കുറച്ച് രൂപയുമായി നിന്ന നീലകണ്ഠന്റെയമ്മ, പോകാൻ നേരം വീണ്ടും കരഞ്ഞു.

ശേഖരിച്ചുവച്ച പെൻസിലെല്ലാം കൈയിൽ വച്ചുകൊടുക്കുമ്പോൾ നീലകണ്ഠന്റെ ചിരി മങ്ങി –

'ഇനി എനിക്കെന്തിനാ പെൻസില്?'
എന്നിട്ട് ഇത്തിരിനേരം കഴിഞ്ഞ് ചോദിച്ചു –
'ഇതിനെന്താ നിറം?
ഇതിനോ?'

കൈകോർത്തുപിടിച്ചുകൊണ്ട് ഞങ്ങൾ റോഡുവരെ നടന്നു.

'ഇനി എന്റെ പങ്കുംകൂടി അനുതാര പഠിച്ചോളൂ' എന്ന് ഒരു വലിയ തമാശപോലെ പറഞ്ഞ്, ഈറനായ ഒരു പൊട്ടിച്ചിരിയുതിർത്ത് നീലകണ്ഠൻ നടന്നുനീങ്ങി.

**പ്രിയ എ.എസ്സിന്റെ കഥകൾ** **പ്രിയ എ.എസ്**

### കഥാസന്ദർഭങ്ങൾ കണ്ടെത്താം

കഥ വായിക്കൂ. മനസ്സിൽ പതിഞ്ഞ സന്ദർഭങ്ങൾ അവതരിപ്പിക്കൂ.

### വിശകലനക്കുറിപ്പ്

"എന്റെ വിടർന്ന കണ്ണുകളിലേക്കു നോക്കി, മയിൽപ്പീലിക്കണ്ണുകൾ പോലെയുണ്ട് എന്ന് ഇടയ്ക്കെല്ലാം നീലകണ്ഠൻ പറയുമ്പോൾ എന്റെ എല്ലാ വേദനകളും ഞാൻ മറന്നുപോയി." ഈ വാക്യം വിശകലനം ചെയ്ത്, കുറിപ്പ് തയ്യാറാക്കുക.

### പ്രയോഗഭംഗി

- മന്ദാരപ്പൂപോലെ
- പെരുമഴയത്തെ ഒരു തുള്ളിപോലെ

ഈ കഥയെ മനോഹരമാക്കുന്നത് ഇത്തരത്തിലുള്ള പ്രയോഗങ്ങളാണ്. കൂടുതൽ പ്രയോഗങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി എങ്ങനെയാണ് അവ കഥയ്ക്ക് ഭംഗി നൽകുന്നതെന്ന് വിശദീകരിക്കുക

### കണ്ടെത്തി എഴുതാം

- 'അത് വെട്ടി വിറ്റു. തീർത്താലും തീരാണ്ടല്ലേ കടം!'
- 'അയ്യയ്യോ. എന്തിനാ ഇങ്ങനെ കരയണത്? നോക്ക് ഞാൻ കരയണില്ലല്ലോ'
- 'ഇനി എന്റെ പങ്കുംകൂടി അനുതാര പഠിച്ചോളൂ-'

നീലകണ്ഠന്റെ സ്വഭാവത്തിലേക്കും ജീവിതത്തിലേക്കും വെളിച്ചം വീശുന്ന സംഭാഷണശകലങ്ങൾ ശ്രദ്ധിച്ചല്ലോ. ഇതുപോലെ പാഠഭാഗത്തുനിന്നും കൂടുതൽ സംഭാഷണങ്ങൾ കണ്ടെത്തി എഴുതൂ.

### കഥ തുടരാം

'ഇനി എന്റെ പങ്കുംകൂടി അനുതാര പഠിച്ചോളൂ' എന്ന് ഒരു വലിയ തമാശപോലെ പറഞ്ഞ് ഈറനായ ഒരു പൊട്ടിച്ചിരിയുതിർത്ത് നീലകണ്ഠൻ നടന്നുനീങ്ങി.

നീലകണ്ഠന് പിന്നീട് എന്ത് സംഭവിച്ചിരിക്കാം? തുടർന്നുള്ള ഭാഗങ്ങൾ കഥ, കവിത, ചിത്രം, ലഘുനാടകം എന്നീ വ്യത്യസ്തരൂപങ്ങളിൽ ആവിഷ്കരിക്കൂ. രചനകൾക്ക് ഉചിതമായ തലക്കെട്ടും നൽകുമല്ലോ.

നിങ്ങൾ തയ്യാറാക്കിയ രചനകൾ ഗ്രൂപ്പിൽ കൈമാറി വായിച്ച് മെച്ചപ്പെടുത്തുക. മെച്ചപ്പെടുത്തിയവ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കി പ്രകാശനം ചെയ്യുക.

### ഓർമ്മ പങ്കുവയ്ക്കാം

രണ്ടുകുട്ടികളുടെ സ്കൂൾ കാലത്തെ സൗഹൃദമാണ് 'താളുകൾക്കിടയിലൊരു മയിൽപ്പീലി' എന്ന കഥ. ഇത്തരം അനുഭവങ്ങൾ നിങ്ങൾക്കുമുണ്ടാവില്ലേ. ഈ കഥയിലെ സുഹൃദ്ബന്ധം പോലെ നിങ്ങളുടെ ഒരു സ്കൂൾ അനുഭവം എഴുതി ക്ലാസിൽ പങ്കുവയ്ക്കൂ.

# വാക്ക്



യന്ത്രമനുഷ്യൻ കൈനീട്ടി പൂവിൽ നിന്ന് ഒരു
ചിത്രശലഭത്തെ നുള്ളിയെടുത്തു.
കരകരശബ്ദത്തിൽ
അവൻ ചോദിച്ചു: 'നീയാര്?'
ചിറകടിച്ച് ശലഭം വിക്കി.
'ഞാൻ... ഞാൻ........'
നിർദയമായി അവൻ പറഞ്ഞു.
'ഞാൻ നിന്നെ വിശദമായി ഒന്നു പഠിക്കട്ടെ.'
അവയവങ്ങൾ ഓരോന്നായി
മുറിച്ചെടുത്ത് അവൻ മുരണ്ടു.
ചായം കോരിയൊഴിച്ച ചിറകുകൾ.
വല്ലാത്ത മൃദുവായ ഒരുടൽ.
വെറുതെ തിളങ്ങുന്ന രണ്ട് കണ്ണുകൾ.
തേനൊട്ടുന്ന കുഴൽച്ചുണ്ട്.
പൊടിപുരണ്ട കാലുകൾ.
ഛേ! ഛേ!  എന്തൊരു വൃത്തികെട്ട ജീവി!
ഞങ്ങളുടെ ലോകത്തിൽ നിനക്കെന്ത് കാര്യം?

**ഗ്രേസിയുടെ കുറുങ്കഥകൾ** — **ഗ്രേസി**

### ആനിമേഷൻ ചിത്രം

വാക്ക് എന്ന കുറുങ്കഥ വായിച്ചല്ലോ. കഥയെ അടിസ്ഥാനമാക്കി ഒരു ആനിമേഷൻ ചിത്രം നിർമ്മിച്ച്, നവമാധ്യമങ്ങളിൽ പങ്കുവയ്ക്കുക.

*മായാത്ത കഥകളിലെ നക്ഷത്രക്കണ്ണുകൾ, പാൽപുഞ്ചിരികൾ...*
*അകന്നുപോകുന്ന താരാട്ടിന്നീണങ്ങൾ...*

# തിങ്കളാഴ്ച നല്ല ദിവസം



*സീൻ*
*മുപ്പത്തിയൊന്ന്* *പകൽ*

(പറമ്പിൽ, ആടിനെയഴിച്ച് മേലേക്കു വരുന്ന അമ്മ. ഒപ്പം അംബികയും ബിന്ദുവും റിതുവുമുണ്ട്.)

ബിന്ദു : അമ്മേടെ ഇവിടുത്തെ ഈ ഒറ്റയ്ക്കു കെടന്നുള്ള അലച്ചിലും ബുദ്ധിമുട്ടുമൊക്കെ ഒന്നവസാനിക്കാൻ പോവ്വാ...

അമ്മ : എനിക്കെന്തോന്നലച്ചില്?

ബിന്ദു : അത് കണ്ടുനില്ക്കുന്ന ഞങ്ങൾക്കല്ലേ അറിയാൻ പറ്റൂ. (പതുക്കെ) അതിനുള്ള ഹെൽത്ത് ഉണ്ടെങ്കിലും സാരമില്ലാരുന്നു.

(ആടിനെക്കെട്ടി, പശുവിന്റെ അരികിലെത്തി, അതിന് വെള്ളം കൊടുക്കുന്ന അമ്മ)

(മെല്ലെ) അംബിക: ബിന്ദുവിനേക്കാൾ ഹെൽത്തിയാ അമ്മ

(അതുകേൾക്കാത്തതുപോലെ)

ബിന്ദു : കൊഴപ്പം ഉണ്ടോന്നൊള്ളതല്ല. അമ്മക്കതിന്റെ ആവശ്യമില്ലല്ലോ

(പാതി അംബികയോടായി) അമ്മേടെ പ്രായത്തിലൊക്കെ പൊറത്തൊള്ളവര് ചെയ്യുന്നതെന്താന്നറിയാമോ?

നല്ല കംഫർട്ടബിൾ ആയിട്ട്, എല്ലാ പണീം ഒതുക്കി, അതിനൊള്ള സ്ഥലങ്ങളൊണ്ട്. പറ്റിയ ഒരു സെന്റർ നോക്കി, അങ്ങോട്ട് മാറും. മെന്റലായിട്ടും ഫിസിക്കലായിട്ടും ഒരേ പ്രായത്തിലുള്ളവരുടെ കമ്പനീം കൂടിയാകുമ്പോ - കാണണം ചെലരെയൊക്കെ - എന്തു ഹാപ്പിയാണെന്നറിയാവോ? അങ്ങനെയൊരു സ്ഥലം അമ്മേക്കൊണ്ടുചെന്നു കാണിക്കാൻ പോവ്വാ.



അമ്മ : എന്നിട്ട് ?

ബിന്ദു : എന്നിട്ടൊന്നുമില്ല. അവിടെയൊരു പണീം ഇല്ല. വെറുതേയിരിക്കുക.

അമ്മ : വെറുതേയിരുന്നിട്ട്?

ബിന്ദു : വെറുതേയിരിക്കുകയെന്ന് പറഞ്ഞാൽ വെറുതെയങ്ങിരിക്കുകയല്ല - ടീവി കാണാം വീഡിയോ കാണാം. പ്രയർ ഉണ്ട്. എക്സർസൈസ് ഉണ്ട്. സകല ഡയിലീസും പീരിയോഡിക്കൽസും കിട്ടും. ദിവസോം ഡോക്ടറ് വരും - നോക്കും. എത്ര ദൂരെയുള്ള ബന്ധുക്കളായാലും, എപ്പഴും അവരുമായിട്ട് Touch-ലിരിക്കാം. വേണേൽ ആരുടെയെങ്കിലും കൂടെപ്പോയി നിൽക്കണമെന്നു തോന്നിയാലങ്ങനേയും ചെയ്യാം. വീടുപോലെത്തന്നെ. പക്ഷേ, കുറേക്കൂടെ കംഫർട്ടബിൾ ആയ ഒരു വീട്.

(അമ്മയുടെ മുഖത്ത് ക്രമേണ ശ്രദ്ധയേറുന്നുണ്ട്.)

ബിന്ദു : അമ്മ അത്തരം സ്ഥലത്തെപ്പറ്റി കേട്ടിട്ടുണ്ടോ?

അമ്മ : സ്വർഗലോകം എന്നു കേട്ടിട്ടുണ്ട്. അവിടേം ഇതുപോലെ, ആർക്കും പ്രത്യേകിച്ചൊരു പണീം ഇല്ല. അവിടെപ്പിന്നെ ആടാം പാടാം, അങ്ങനേം കൂടെയൊക്കെയുണ്ട്.

(അംബിക ചിരിച്ചു)

ബിന്ദു : അയ്യോ അമ്മേ, ഇതു സ്വർഗലോകമല്ല. ഇതിന്റെ പേര് ശരണാലയം!

* * *

സീൻ

മുപ്പത്തിരണ്ട് പകൽ

(വീട് - പുറത്ത്

ഉമ്മറത്തോ മറ്റോ, അമ്മയും മകനും.

അമ്മ നാരായണൻകുട്ടിയെ നോക്കി.)

അമ്മ : നാരായണൻകുട്ടി ഇതുവല്ലോം കേട്ടായിരുന്നോ?

നാരായണൻകുട്ടി : ങാ.....

അമ്മ : ഇവിടം വില്ക്കുന്നതിനെക്കുറിച്ചൊക്കെയാ ഇവൻ പറയുന്നത്. (നാരായണൻകുട്ടിയുടെ മൗനം, ഗോപനെ ലേശം ശുണ്ഠി പിടിപ്പിച്ചു.)

ഗോപൻ : ഞാൻ ചേട്ടനുമായിട്ട് ഇതെല്ലാം ആലോചിച്ചതാ!

അമ്മ : ആണോടാ?

നാരായണൻകുട്ടി : ങാ... ഏതാണ്ടെല്ലാം പറഞ്ഞു.

അമ്മ : അപ്പൊ നീയുംകൂടെ അറിഞ്ഞോണ്ടാണോ, എന്നോടിത് ഒളിച്ചുവച്ചത്? ഇത്രേം നാളും?

(അവരുടെ സ്വരത്തിൽ പെട്ടന്നൊരു വിതുമ്പൽ വന്നു. ഉടൻതന്നെ അവരതു നിയന്ത്രിച്ചു.

പിറകിൽ അംബിക കടന്നുവന്നുനിന്നു.)



നാരായണൻകുട്ടി : ബാംഗ്ലൂരിൽ ഫ്ലാറ്റുവാങ്ങിക്കാൻ മണി കുറേ കാശു കൊടുത്തിട്ടുണ്ട്. കൊറച്ചൂടെ കാശുവേണം. അതിനീ വീട് കൊടുത്താലോ, എന്നവനെന്നോട് ചോദിച്ചു... അവന്റെ ഷെയറിലാ വീട്. എനിക്കതീ തലയിടാനൊക്കുകില്ല.

(ഗോപനും ലേശം ചൂടു കയറി.)

ഗോപൻ : അങ്ങനെയങ്ങു പറഞ്ഞാൽ അതുമുഴുവൻ ശരിയാവുകയില്ല. അമ്മ ഒറ്റയ്ക്കിവിടെയിങ്ങനെ നില്ക്കുന്നത് ശരിയല്ല. ഒന്നുകിൽ നമ്മുടെ ആരുടെയെങ്കിലും കൂടെ വന്നു നിൽക്കണം. അതെത്ര പറഞ്ഞാലും കേൾക്കുകയില്ല. അതുകൊണ്ട്, കുറെക്കൂടെ നോക്കാനും കാണാനും ഒക്കെ ആളും സൗകര്യവുമുള്ള ഒരു സ്ഥലത്തേക്ക് മാറ്റുന്നു. ഇതൊക്കെ ആലോചനേടെ സ്റ്റേജിൽ ഇരിക്കുന്ന കാര്യങ്ങളാ. എല്ലാരും കൂടെ ഒന്നിരുന്നു ഡിസ്കസ് ചെയ്താൽ, അങ്ങോട്ടോ ഇങ്ങോട്ടോ തീരുമാനിക്കാവുന്ന കാര്യങ്ങളാ. (ചേട്ടനെ ഉദ്ദേശിച്ച്) അതിനാരും തയ്യാറാവുന്നില്ലാന്നു പറഞ്ഞാൽ.

അംബിക : (പെട്ടെന്ന് ഇടപെട്ടുകൊണ്ട്) വീടും പറമ്പും ഗോപന്റെ ഷെയറാ, അതെന്താ വേണ്ടതെന്നു വച്ചാൽ ഇഷ്ടംപോലെ ചെയ്തോണം. അമ്മ അങ്ങനെ ആരടേം പ്രത്യേക ഷെയറിലല്ലല്ലോ?

* * *

സീൻ

അറുപത് രാവിലെ

തിങ്കളാഴ്ച

(അമ്മ ആ വീടിന്റെ പടിയിറങ്ങി. അമ്മയുടെ കൈയിലൊന്നുമില്ല. ഒരു തുണിസഞ്ചി പോലും. എല്ലാവരുമുണ്ട്. രണ്ടു മക്കളും അവരുടെ കുടുംബവും വേണുവും അശോകനും അമ്മിണിയും. മുറ്റത്ത് ഒരു ടൂറിസ്റ്റ് അംബാസഡർ കിടപ്പുണ്ട്. ഡ്രൈവർ കാത്തുനിൽക്കുന്നു. (പിൻസീറ്റിൽ അമ്മയ്ക്ക് തലയണയും കുഷനുമൊക്കെയുണ്ട്) അമ്മ കരയുന്നില്ല. ഒരുതരം പ്രത്യേക പ്രസന്നത മുഖത്ത് മനഃപൂർവം കയറ്റിനിർത്തിയതുപോലെ.

കാറിനടുത്തെത്തി അമ്മ നിന്നു.)

അമ്മ : എന്നാ. എല്ലാരോടും......

(ആരുമൊന്നും മിണ്ടിയില്ല.

കുനിഞ്ഞ്, കുട്ടിയെ വാരിപ്പിടിച്ച് കവിളിൽ ആഴമുള്ള ഒരുമ്മ കൊടുത്തുകൊണ്ട് വിതുമ്പലൊതുക്കാൻ ബദ്ധപ്പെട്ടു.)

അമ്മ : പോട്ടെ മക്കളേ......

റിതു : അമ്മൂമ്മ അവിടന്ന് ഫോൺ ചെയ്യണം.

അമ്മ : ചെയ്യാം.

റിതു : ഇന്നു വിളിക്കണം. (ശാഠ്യത്തോടെ)

അമ്മ : ഇന്നിപ്പൊ എന്താ വിളിക്കാൻ? നാളെ വിളിക്കാം.

റിതു : എപ്പൊ?

അമ്മ : നാളെ രാവിലെ...

റിതു : രാവിലെ എത്ര മണിക്ക്?

അമ്മ : മോളു പലഹാരം കഴിച്ചുകഴിഞ്ഞാലൊടനെ അമ്മൂമ്മ വിളിക്കാം.

കുട്ടി തലയാട്ടി.

(അംബികയുടെ കണ്ണുകളിൽ നനവുവീണു. മറ്റാരും കാണാതെ അവളത് മാനേജ് ചെയ്തു.

നാരായണൻകുട്ടി വന്ന് ഡോർ തുറന്നു പിടിച്ചു നിന്നു. അമ്മ കുട്ടിയെ വിട്ട് ഒരു സ്റ്റെപ്പ് കാറിന്നരികിലേക്ക് വച്ചു.

എല്ലാവരോടുമായി.)

അമ്മ : പശൂന്റേം ആടിന്റേം കാര്യമൊക്കെ ഞാനമ്മിണിയെ ഏൽപ്പിച്ചിട്ടൊണ്ട്. അതവൾക്കാ. അവളത് നിങ്ങള് പോയിട്ട് വേണ്ടപോലൊക്കെ വീതിച്ചു കൊടുത്തോളും. അതുവരെ കുഞ്ഞുങ്ങൾക്ക് കളിക്കാൻ നിന്നോട്ടെ.

(അമ്മിണി കണ്ണു തുടച്ചു.)

അമ്മ : നടക്കുമെന്നു തോന്നുന്നില്ല. ഏതെങ്കിലും കാരണവശാൽ, എന്നെ ഈ പുരേടത്തിത്തന്നെ ദഹിപ്പിക്കാൻ ഇടയായാൽ ആ മാവു തന്നെ വെട്ടണം.

(നാരായണൻകുട്ടി അസ്വസ്ഥനായി; അംബികയെ നോക്കി. കാറിലേയ്ക്കു കയറാനായി ഡോറിൽപ്പിടിച്ച്, പെട്ടെന്നോർത്തതുപോലെ, അമ്മ തിരിഞ്ഞു നിന്നു.)

അമ്മ : പിന്നെയൊരു കാര്യം കൂടെ പറയാനൊള്ളത്, ഞാനിപ്പൊ എങ്ങോട്ടോ പോവ്വാണല്ലോ. നിങ്ങളാരും, എത്രകാലം കഴിഞ്ഞാലും, എന്നെക്കാണാനായിട്ട് അങ്ങോട്ട് വരരുത്. പുള്ളാരു പോലും!

(എല്ലാ മുഖങ്ങളിലും ഒരു പകപ്പുണ്ട്. അമ്മ കാറിലേക്ക് കയറിയിരുന്നു. നാരായണൻകുട്ടി ഡോറടച്ചു. അകലെ പശു കരഞ്ഞു. അമ്മ ഞെട്ടലോടെ അവിടേക്കു നോക്കി. അമ്മയുടെ കാഴ്ചപ്പാടിൽ-അകലെ - പറമ്പിൽ പശു. അത് നീട്ടിക്കരഞ്ഞു - വേറെയെവിടെ നിന്നോ വേറൊന്നു കൂടി.)

**പത്മരാജന്റെ തിരക്കഥകൾ** — **പി. പത്മരാജൻ**

### കണ്ടെത്തി എഴുതാം

"നിങ്ങളാരും, എത്രകാലം കഴിഞ്ഞാലും, എന്നെക്കാണാനായിട്ട് അങ്ങോട്ട് വരരുത്."
ഈ നിലപാട് സ്വീകരിക്കുന്നതിന് അമ്മയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാവാം? തിരക്കഥ വായിച്ച് കണ്ടെത്തി എഴുതുക.

### ഉപന്യാസം

"വീടും പറമ്പും ഗോപന്റെ ഷെയറാ, അമ്മ അങ്ങനെ ആരടേം പ്രത്യേക ഷെയറിലല്ലല്ലോ?"
സമകാലിക കേരളത്തിൽ കുടുംബഘടനകളിലും ജീവിതരീതികളിലും വന്നുചേർന്നിട്ടുള്ള മാറ്റങ്ങളുടെ പ്രതിഫലനമാണ് തിരക്കഥയിൽ ദൃശ്യമാകുന്നത്- പ്രതികരണങ്ങൾ സംഘമായി ചർച്ചചെയ്ത് അവതരിപ്പിക്കുക. അവതരണത്തിലെ ആശയങ്ങൾ ക്രോഡീകരിച്ച് ഉപന്യാസം തയ്യാറാക്കുമല്ലോ.

### ചലച്ചിത്രാസ്വാദനസദസ്

പി. പത്മരാജൻ സംവിധാനം ചെയ്ത 'തിങ്കളാഴ്ച നല്ല ദിവസം' എന്ന സിനിമ ക്ലാസിൽ പ്രദർശിപ്പിക്കുക. സിനിമയെക്കുറിച്ച് ആസ്വാദനചർച്ചാസദസ് സംഘടിപ്പിക്കുക.

### സംവാദം

പ്രായമായ അച്ഛനമ്മമാരെ വൃദ്ധസദനത്തിലേക്ക് അയയ്ക്കുന്നത് ശരിയാണോ? നമ്മുടെ നാട്ടിൽ വൃദ്ധസദനങ്ങൾ പെരുകുന്നതെന്തുകൊണ്ട്? 'കുടുംബബന്ധങ്ങളും വൃദ്ധസദനങ്ങളും' എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിക്കുക.

| അനുകൂലിക്കുന്നവർ | പ്രതികൂലിക്കുന്നവർ |
|---|---|
| • യുവജനങ്ങൾ തൊഴിൽതേടി വിദേശത്തേക്ക് പോകുമ്പോൾ മാതാപിതാക്കളെ സുരക്ഷിതരായി പാർപ്പിക്കുന്ന ഇടങ്ങളാണ് വൃദ്ധസദനങ്ങൾ<br>• | • കുടുംബഘടനയിലും ബന്ധങ്ങളിലും വന്നുചേർന്ന വിള്ളലുകളാണ് വൃദ്ധസദനങ്ങൾക്ക് കാരണം<br>• |

### കഥാപാത്രനിരൂപണം

തിരക്കഥയിലെ കരുത്തുറ്റ കഥാപാത്രമാണ് അമ്മ. കഥാപാത്രത്തിന്റെ വ്യക്തിത്വം, സ്വഭാവം, മനോനില, നിലപാട്, കഥയിലെ സ്ഥാനം, മറ്റു കഥാപാത്രങ്ങളോടുള്ള ഇടപെടൽ എന്നിവ ഉൾക്കൊണ്ട് കഥാപാത്രനിരൂപണം തയ്യാറാക്കുക.

## അറിയാം പ്രയോഗിക്കാം

- 'പശുവിന്റെ കാര്യമൊക്കെ അമ്മിണിയെ ഏൽപ്പിച്ചിട്ടുണ്ട്.'
- 'ആടിന്റെ കാര്യമൊക്കെ അമ്മിണിയെ ഏൽപ്പിച്ചിട്ടുണ്ട്.'
- 'പശുവിന്റെയും ആടിന്റെയും കാര്യമൊക്കെ അമ്മിണിയെ ഏൽപ്പിച്ചിട്ടുണ്ട്.'

ആദ്യത്തെ രണ്ടുവാക്യങ്ങൾ ചേർത്തുപറഞ്ഞപ്പോൾ ഉണ്ടായ മാറ്റമെന്താണ്? ചർച്ചചെയ്യൂ. ഇതുപോലുള്ള കൂടുതൽ വാക്യങ്ങൾ കണ്ടെത്തി എഴുതുക.



# പിന്നെ?

നിങ്ങൾ എന്റെ 'പിന്നേക്കഥ' കേട്ടിരിക്കുകയില്ല. ഞാൻ ആ കഥ പറയാം.

ആരോഗ്യം, ബുദ്ധിശക്തി, ഉൽക്കർഷേച്ഛ ഇവയൊക്കെ തികഞ്ഞ ഒരു വിദ്യാർഥി ഒരിക്കൽ ഒരു ലോകവിരക്തന്റെ അടുത്തുചെന്നു. പല കാര്യങ്ങളും പറഞ്ഞകൂട്ടത്തിൽ ആ പയ്യന്റെ ഭാവിയെപ്പറ്റി എന്തെല്ലാമാണ് വിചാരിച്ചിരിക്കുന്നതെന്നു സന്യാസി ചോദിച്ചു. "ഞാൻ പരീക്ഷയിൽ എല്ലാം ഒന്നാമതായി ജയിക്കും." എന്ന് ഔദ്ധത്യത്തോടെ ആ കുട്ടി മറുപടി പറഞ്ഞു.

സന്യാസി : വളരെ സന്തോഷം, പിന്നെ?
വിദ്യാർഥി : പിന്നെ, ഞാൻ ഉദ്യോഗത്തിൽ കയറും.
സന്യാസി : പിന്നെ?
വിദ്യാർഥി : പിന്നെ ഉദ്യോഗം ഭരിക്കും.
സന്യാസി : ഭരിച്ചു. പിന്നെ?
വിദ്യാർഥി : പിന്നെ, ഞാൻ അതിസുന്ദരിയായ ഒരു യുവതിയെ വിവാഹംചെയ്യും
സന്യാസി : പിന്നെ?
വിദ്യാർഥി : അങ്ങനെ സുഖമായി ജീവിക്കും.
സന്യാസി : ജീവിച്ചു. പിന്നെ?
വിദ്യാർഥി : അങ്ങനെയങ്ങു ജീവിക്കുമെന്ന്.
സന്യാസി : അതെ. എത്രകാലം വേണമെങ്കിലും ജീവിച്ചുകൊള്ളൂ. പിന്നെ?
വിദ്യാർഥി : പിന്നെ പ്രമോഷൻ ഒക്കെ കിട്ടും. വലിയ ശമ്പളം കിട്ടും:
സന്യാസി : പിന്നെ?
വിദ്യാർഥി : പിന്നെ... പിന്നെ കുഞ്ഞുങ്ങൾ ഉണ്ടാകും. അവരെ ഉൽകൃഷ്ട വിദ്യാഭ്യാസം ചെയ്യിക്കും. അവർക്ക് ഉദ്യോഗങ്ങൾ കിട്ടും.
സന്യാസി : പിന്നെ?
വിദ്യാർഥി : അങ്ങനെ ഞാൻ അങ്ങു സുഖിച്ചിരിക്കും.
സന്യാസി : അങ്ങനെ സുഖിച്ചിരുന്നു. പിന്നെ?
വിദ്യാർഥി : ഞാൻ ഒട്ടധികം സമ്പാദിക്കും. ഒന്നാന്തരം കാർ വാങ്ങും. വലിയ ബംഗ്ലാവുകൾ വയ്ക്കും.
സന്യാസി : പിന്നെ?
വിദ്യാർഥി : പിന്നെ, പിന്നെ അങ്ങനെയങ്ങ് ഇരിക്കുമെന്ന്.



സന്യാസി : ഇരുന്നു. സമ്മതിച്ചു. പിന്നെ?
വിദ്യാർഥി : പിന്നെ, പിന്നെ എന്തു പറയാനാണ്?
സന്യാസി : പിന്നെ എന്തെന്നു പറഞ്ഞേച്ചാൽ മതി.
ആ പ്രസന്നമുഖത്തിൽ കാർമേഘത്തിന്റെ ചില അസ്പഷ്ടലാഞ്ഛനകൾ പകർന്നു. ഇളകിക്കൊണ്ടിരുന്ന നേത്രങ്ങൾ അല്പസമയത്തേക്കു നിശ്ചലങ്ങളായി. എന്നിട്ട് ആ ബാലൻ പറഞ്ഞു. "അതെ, ഞാൻ പെൻഷൻ വാങ്ങും."
സന്യാസി : കൊള്ളാം. എന്നിട്ട്?
വിദ്യാർഥി : എന്നിട്ട്, എല്ലാവരുടെയും സുഖം കണ്ടുകൊണ്ട് അങ്ങ് ഇരിക്കും.
സന്യാസി : പിന്നെ?
വിദ്യാർഥി : പിന്നെ സുഖമായി അങ്ങിരിക്കും.
സന്യാസി : ഇരുന്നു. പിന്നെ?
വിദ്യാർഥി : പിന്നെ...

ആ കുമാരന്റെ ശബ്ദം ഇടറി, അഭേദ്യമായ അന്ധകാരമഹാസാഗരം മുമ്പിൽ തിരതല്ലുന്നതായി അവൻ കണ്ടു. ആ കൂരിരുട്ടിൽ എന്തൊക്കെയോ നീങ്ങുന്നതായും, അവ്യക്തസ്വരങ്ങൾ കേൾക്കുന്നതായും തോന്നി. അലൗകികമായ ശൈത്യം വഹിക്കുന്ന കാറ്റ് കടൽപ്പരപ്പിൽനിന്നുയർന്നു തന്റെ ശരീരം ഇളക്കിയെടുക്കുന്നുവെന്നു സംഭ്രാന്തനായി. അപ്പോഴാണ്, അതുവരെ കണ്ട 'പേക്കിനാവുകളു'ടെ അപ്പുറത്തായി ഉറച്ചുനിൽക്കുന്ന പരമ യാഥാർഥ്യത്തെപ്പറ്റിയുള്ള ചിന്ത ആ പാവത്തിൽ ഉദിച്ചത്. മുഖം വാടി. ദേഹം തളർന്നു.

സന്യാസി പറഞ്ഞു: അപ്പോൾ, പിന്നെ ഏതോ ഒന്നുണ്ട്.

**ചിരിയും ചിന്തയും** — **ഇ.വി.കൃഷ്ണപിള്ള**

## ലോകമേ യാത്ര

ഒരിക്കലീജ്ജഗത്തെയും ജഡത്തെയും പിരിഞ്ഞു നാം
തിരിക്കണം വിസമ്മതങ്ങളൊന്നുമേ ഫലപ്പെടാ
തിരിച്ചു പിന്നെ വന്നിടാത്ത യാത്രയാണതാകയാൽ
കരത്തിലുള്ളതൊക്കെ നാമതിർത്തിയിൽ ത്യജിക്കണം.

ഇഹത്തിലേ ധനം സുഖം യശസ്സുമാഭിജാത്യവും
വഹിച്ചു കൊണ്ടു പോകയില്ല മർത്ത്യനന്ത്യയാത്രയിൽ
അഹന്തകൊണ്ടഴുക്കു പെട്ടിടാത്ത പുണ്യമൊന്നു
താൻ മഹത്തരം പ്രയോജനം പരത്തിലും വരുത്തിടും.

**സിസ്റ്റർ മേരിബനീഞ്ഞ**

### താരതമ്യക്കുറിപ്പ്

ലോകമേ യാത്ര എന്ന കവിതയിലെ വരികളും കഥയിലെ ആശയവും താരതമ്യം ചെയ്യൂ. എല്ലാ മനുഷ്യരും ഇങ്ങനെയാണോ ചിന്തിക്കുന്നത്? മനുഷ്യ ജീവിതത്തെപ്പറ്റിയുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ ചർച്ചചെയ്യൂ. ആശയങ്ങൾ ക്രോഡീകരിച്ച് എഴുതൂ.

2

# കലയുടെ വേരുകൾ



ചിത്രത്തിൽ നൽകിയിട്ടുള്ള കലാരൂപങ്ങൾ തിരിച്ചറിയുക.
കേരളത്തിലെ മറ്റു കലാരൂപങ്ങൾ അന്വേഷിച്ച് കണ്ടെത്തി, പട്ടിക പൂർത്തിയാക്കൂ.

| | | |
|---|---|---|
| തെയ്യം | - | പടയണി |
| മാർഗംകളി | - | ഒപ്പന |
| ...................... | - | ...................... |
| ...................... | - | ...................... |
| ...................... | - | ...................... |

*ബാല്യത്തിന്റെ വിസ്മയാനുഭൂതികളാണ് ഓരോ കലയുടെയും തിരനോട്ടം.*
*തിരശ്ശീല നീങ്ങുമ്പോൾ അരങ്ങിൽ ആട്ടവിളക്ക് തെളിയുന്നു.*

# കളിവിളക്കിൻ തിരിനാളം



ബാല്യത്തിൽത്തന്നെ കഥകളി കാണാൻ വലിയ ഉത്സാഹമായിരുന്നു. മറ്റു കുട്ടികളെപ്പോലെ കളിവിളക്കിനു മുന്നിൽത്തന്നെ വലിയ ഉത്സാഹത്തിൽ തിക്കിത്തിരക്കിയിരിക്കും. കഷ്ടിച്ച് കഥ തുടങ്ങാറാകുമ്പോഴേക്ക് ഉറങ്ങിയിട്ടുമുണ്ടാകും. എങ്കിലും അന്നത്തെ ചില കഥകളിവേഷങ്ങൾ എന്റെ മനസ്സിൽ മായാത്ത മുദ്ര പതിച്ചിട്ടുണ്ട്. പരോക്ഷമാണെങ്കിലും അതും പിൽക്കാലത്ത് എനിക്ക് പ്രചോദകമായിട്ടുണ്ടാകാം. അങ്ങനെ പറയാൻ കാരണമുണ്ട്. കുട്ടിക്കാലത്ത് ഞാൻ കണ്ട വേഷങ്ങളിൽ എന്നെ ഹഠാദാകർഷിച്ചത് ഹനുമാന്റെ വേഷമാണ്. അതും 'തോരണയുദ്ധ'ത്തിലെ ഹനുമാൻ. അതിനോടു ബന്ധപ്പെട്ട ഒരു ചെറിയ സംഭവം:

ഒരിക്കൽ ഉത്സവക്കളിക്ക് കൂട്ടുകാരുമൊത്ത് അരങ്ങിനു മുമ്പിൽ ചെന്നിരുന്നു. കളി തുടങ്ങിയിരുന്നു. എന്തുകൊണ്ടോ ഒരു രസം തോന്നിയില്ല. ഞങ്ങളിൽ ചിലർ മെല്ലെ എഴുന്നേറ്റ് അണിയറയിലെത്തി. അണിയറയുടെ വാതിൽപ്പാളിയിലൂടെ സൂക്ഷിച്ചുനോക്കി. അപ്പോഴതാ അങ്ങേത്തലയ്ക്കൽ ഒരു സാധനം അനക്കമറ്റിരിക്കുന്നു. നിലവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ അത് കണ്ണ് അടച്ചാണോ തുറന്നാണോ ഇരുന്നിരുന്നത് എന്നുപോലും ഞങ്ങൾക്ക് വ്യക്തമായിരുന്നില്ല. ആശാരിക്കോപ്പൻ എന്ന പേരിൽ പ്രശസ്തനായ കോപ്പൻനായരുടെ ഹനുമാനായിരുന്നു അത് എന്ന് പിന്നീട് മനസ്സിലായി.

ഏതായാലും ഞങ്ങൾക്ക് രസം മൂത്തു. വാതിൽ കുറേശ്ശെ തള്ളിത്തുറന്ന് അണിയറയുടെ ഉള്ളിലേക്ക് സംശയിച്ചു സംശയിച്ചു നീങ്ങിത്തുടങ്ങി. ഓർക്കാപ്പുറത്ത് ആ രൂപം പൊടുന്നനെ എഴുന്നേറ്റ് അമർത്തി നാലു ചവിട്ട്. വേഷം ഏകദേശം അരങ്ങത്ത് പ്രവേശിക്കാറായി എന്ന് മനസ്സിലാക്കിയ ആശാൻ ഒന്നെഴുന്നേറ്റുനിന്ന് കഥകളിസമ്പ്രദായത്തിൽ 'മടമ്പിടിച്ച്'

ഒരു ചുറുചുറുക്ക് വരുത്തിയതാണ്. ഇത് ഞങ്ങൾക്കറിയില്ല. പേടിച്ചുവിരണ്ട ഞങ്ങൾ അണിയറയിൽ നിന്ന് ഇരുട്ടിലേക്ക് പിന്തിരിഞ്ഞോടി. അണിയറയ്ക്ക് ഒരു പ്രത്യേകതയുണ്ടായിരുന്നു. അപരിചിതർ നേരെചൊവ്വെ വന്നിറങ്ങിയാൽ ഒരു പൊട്ടക്കുണ്ടിലാണ് വന്നുചാടുക. കാരണം, വാതിൽ കടന്നാൽ ഒരു വശത്തേക്ക് തിരിഞ്ഞുവേണം ഇറങ്ങിപ്പോകാൻ, ഇതറിയാതെ ഞങ്ങൾ ഓടി. കൂട്ടത്തോടെ ചെന്നുവീണതോ ആ കുണ്ടിലും! അപ്പോഴും കച്ചമണികളുടെയും മടമ്പിടിയുടെയും ശബ്ദം കേൾക്കുന്നുണ്ടായിരുന്നു. പ്രസ്തുതരൂപം ഞങ്ങളെ പിന്തുടർന്ന് ആക്രമിക്കുകയാണോ? കൊട്ടിപ്പിടഞ്ഞ് എണീറ്റോടാൻ നോക്കി. സമാധാനം, വേഷം ഞങ്ങളുടെ പുറകെയില്ല. അരങ്ങത്തേക്കാണ് ഇറങ്ങിപ്പോകുന്നത്. കോപ്പൻനായർ ഞങ്ങളെ ശ്രദ്ധിച്ചിട്ടേയില്ല. കാരണം, കഥകളി അണിയറകളിൽ അത്യാവശ്യം കാഴ്ചക്കാരും കുട്ടികളും അവിടവിടെ എത്തിയും പാളിയും നോക്കുന്നത് ഒരു സാധാരണസംഭവമാണല്ലോ.

ഇത്രയുമായപ്പോഴേക്കും ഞങ്ങളുടെ ഉറക്കച്ചടവെല്ലാം തീർന്നു. ഇനി ഏതായാലും കഥകളി കാണുകതന്നെ എന്നു തീരുമാനിച്ചു. വീണ്ടും അരങ്ങിനു മുമ്പിലെത്തി. അപ്പോഴേക്കും ഹനുമാൻ ആട്ടം തുടങ്ങിയിരുന്നു. അതിൽ രാക്ഷസന്മാരുമായുള്ള യുദ്ധചാപല്യങ്ങൾ എന്നെ വളരെ ആകർഷിച്ചു. യുദ്ധത്തിനിടയിൽ സ്റ്റേജിൽ മുൻകൂട്ടി തയ്യാറാക്കിവച്ചിരുന്ന



ഉങ്ങിന്റെ കൊമ്പു പൊട്ടിച്ച് രാക്ഷസവേഷക്കാരെ ഹനുമാൻ തലങ്ങുംവിലങ്ങും അടിച്ചു. ഞങ്ങൾക്ക് രസം പിടിച്ചു. അതിനിടയിൽ ഉങ്ങിന്റെ കൊമ്പിലുണ്ടായിരുന്ന ഒരു ഉങ്ങിൻകായ് നേരെ തെറിച്ച് എന്റെ മൂക്കിന്മേൽ തട്ടി. കലശലായ വേദന അനുഭവപ്പെട്ടു. അപ്പോഴേക്കും കഷ്ണിച്ച് പുലരാറായിരുന്നു. എണീറ്റ് വീട്ടിലേക്ക് നടന്നു. ആ വേദന കുറേദിവസം നീണ്ടു നിന്നു.

**തിരനോട്ടം** **കലാമണ്ഡലം രാമൻകുട്ടിനായർ**

## കണ്ടെത്താം എഴുതാം

കഥകളി കാണാൻ പോയ കുട്ടികൾക്കുണ്ടായ ഹൃദയസ്പർശിയായ അനുഭവങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി പറയൂ. കുറിപ്പെഴുതൂ.

## അനുഭവം പങ്കിടാം

"എങ്കിലും അന്നത്തെ ചില കഥകളിവേഷങ്ങൾ എന്റെ മനസ്സിൽ മായാത്ത മുദ്ര പതിച്ചിട്ടുണ്ട്. പരോക്ഷമാണെങ്കിലും അതും പിൽക്കാലത്ത് എനിക്ക് പ്രചോദകമായിട്ടുണ്ടാകാം" ഇതുപോലെ പ്രചോദകമായ അനുഭവങ്ങൾ നിങ്ങളുടെ ജീവിതത്തിലുണ്ടാകുമല്ലോ. സ്വാനുഭവക്കുറിപ്പ് തയ്യാറാക്കുക. തയ്യാറാക്കിയ അനുഭവക്കുറിപ്പ് സ്വന്തമായും സംഘമായും വിലയിരുത്തി മെച്ചപ്പെടുത്തുക.

## വായനക്കുറിപ്പ്

സ്കൂൾ ലൈബ്രറിയിൽ നിന്നും കലാകാരന്മാരുടെ ആത്മകഥകൾ തിരഞ്ഞെടുത്ത് വായിച്ച് കുറിപ്പ് തയ്യാറാക്കുക.

- എന്റെ കുട്ടിക്കാലം (ചാർലി ചാപ്ലിൻ)
- കാൻസർവാർഡിലെ ചിരി (ഇന്നസെന്റ്)
- മഞ്ജുതരം (കലാമണ്ഡലം ഹൈദരാലി)
-
-

*അണിയറയിൽ നിന്ന് അരങ്ങിലേക്കുള്ള ദൂരം ചെറുതാണോ?*
*അതൊരു യാത്രയാണ്.*
*കലയെ അരങ്ങിലെത്തിക്കുന്ന കലാകാരന്റെ ജീവിതയാത്ര.*

# പാടിവീട്ടാത്ത കടങ്ങൾ



ശ്രീനാരായണഗുരുവിന്റെ വരികളാണ് ചലച്ചിത്രത്തിനുവേണ്ടി യേശുദാസ് ആദ്യം ആലപിച്ചത്

" ജാതിഭേദം മതദ്വേഷം
ഏതുമില്ലാതെ സർവരും
സോദരത്വേന വാഴുന്ന
മാതൃകാസ്ഥാനമാണിത് "

ആ വരികളുടെ സത്ത പിന്നീട് ഗായകൻ ജീവിതദർശനമാക്കി. രാമൻ നമ്പിയത്ത് നിർമ്മിച്ച് കെ.എസ്. ആന്റണി സംവിധാനം ചെയ്ത 'കാല്പാടുകൾ'ക്കുവേണ്ടി സംഗീതം ഒരുക്കി യേശുദാസിനെ ആദ്യം പാടിച്ചത് എം. ബി. ശ്രീനിവാസനാണ്. പിന്നീട് സംഭവിച്ചത് ഇന്ത്യൻ സംഗീതത്തിലെ തന്നെ പുതുയുഗപ്പിറവി. ഈ പ്രായത്തിലും പകരക്കാരനില്ലാത്ത സംഗീതദാസനായി പഠനത്തിരക്കിലാണ് യേശുദാസ്. ആദ്യപാട്ടിന്റെ ഓർമ്മകളിൽ യേശുദാസ് നൽകിയ അഭിമുഖമാണിത്.

*ചോദ്യം : ആദ്യം ആലപിച്ച ഗാനം സിനിമയിൽ കേട്ടപ്പോഴുള്ള അനുഭവം എന്തായിരുന്നു?*

റിക്കോർഡിങ് കഴിഞ്ഞ് സംഗീതസംവിധായകനായ എം. ബി. ശ്രീനിവാസൻ സാർ സ്റ്റുഡിയോയിലെ സ്പീക്കറിൽത്തന്നെ അതു കേൾപ്പിച്ചു തന്നിരുന്നു. ദിവസങ്ങൾ കഴിഞ്ഞാണ് അതേ സിനിമയിലെ 'അറ്റൻഷൻ പെണ്ണേ' എന്ന ഗാനം ശാന്ത പി. നായർക്കൊപ്പം പാടിയത്. പക്ഷേ ആ സിനിമ ഇറങ്ങാൻ ഒരു വർഷത്തോളം വൈകി. അതിനിടെ 'വേലുത്തമ്പിദളവ'യിൽ പാടാൻ അവസരം ലഭിച്ചു. എന്റെ അപ്പച്ചന്റെ അടുത്ത സുഹൃത്തുക്കളായ അഭയദേവ് സാറും ദക്ഷിണാമൂർത്തിസ്വാമിയും ചേർന്നാണ് അതിലെ പാട്ടുകൾ ചെയ്തത്. ഷൂട്ടിങ് എല്ലാം കഴിഞ്ഞ് റീ-റിക്കോർഡിങ് സമയത്താണ് ഞാൻ പാടുന്ന ടൈറ്റിൽ സോങ് ഉൾപ്പെടുത്താൻ തീരുമാനമായത്. 'കാല്പാടുകൾ'ക്കു മുമ്പേ തീയേറ്ററുകളിൽ എത്തിയതു 'വേലുത്തമ്പിദളവ'യായതിനാൽ 'പുഷ്പാഞ്ജലികൾ'.. എന്നു തുടങ്ങുന്ന ടൈറ്റിൽ സോങ്ങാണ് എന്റെ ശബ്ദത്തിൽ അപ്പച്ചനടക്കം എല്ലാവരും ആദ്യം കേട്ടത്. പക്ഷേ, വൈകി ഉൾപ്പെടുത്തിയ ഗാനമായതിനാലാവണം ടൈറ്റിലിൽ ഗായകരുടെ കൂട്ടത്തിൽ എന്റെ പേരുണ്ടായിരുന്നില്ല. ആ സമയത്ത് ഞാൻ ചെന്നൈയിൽ ആയിരുന്നതിനാൽ തിയേറ്ററിൽ പോയി സിനിമയൊന്നും കാണാനുമായില്ല. ആദ്യം പാടിയ വരികളുടെ റിക്കോർഡിങ് ഇപ്പോൾ എവിടെയെങ്കിലുമുണ്ടോയെന്നും അറിയില്ല.

*ചോദ്യം : തുടക്കകാലത്ത് നിലനിൽപ് ഒരു പ്രശ്നമായിരുന്നോ?*

കഷ്ടപ്പെട്ടും പട്ടിണി കിടന്നുമൊക്കെയായിരുന്നു പഠനം. അപ്പച്ചന് വളരെ അടുപ്പമുള്ളവർ സിനിമയിലുണ്ടായിരുന്നെങ്കിലും ഒരിക്കലും എനിക്കുവേണ്ടി ശിപാർശ ചെയ്തിട്ടില്ല. ആദ്യപാട്ട് പാടാനായി ഞാൻ മദ്രാസിലേക്കു പോകാനൊരുങ്ങുമ്പോൾ അദ്ദേഹം സുഖമില്ലാതെ കിടപ്പിലായിരുന്നു. വരുമാനമൊന്നുമില്ല. ഒപ്പം വരാനും കഴിയില്ല. എന്നെ ഒറ്റയ്ക്ക് വിടാൻ അമ്മച്ചിക്കും സങ്കടമായിരുന്നു. ടിക്കറ്റ് എടുക്കാൻപോലും പണമില്ലാതെയാണു ഞാൻ വീട്ടിൽനിന്ന് ഇറങ്ങിയത്. ഫോർട്ട് കൊച്ചിയിലെ കൂട്ടുകാരനായ തങ്ങളാണ് എല്ലാറ്റിനും തുണയായി ഉണ്ടായിരുന്നത്. തങ്ങളുടെ ബാപ്പ തയ്ക്കാവുതങ്ങളും എന്റെ അപ്പച്ചനും അടുത്ത കൂട്ടുകാരായിരുന്നു. പള്ളുരുത്തിയിലെ ടാക്സിഡ്രൈവർ മത്തായിയുടെ കാറുമായി വന്നാണ് തങ്ങൾ എന്നെ വില്ലിങ്ഡൺ ഐലൻഡിലെ റെയിൽവേ സ്റ്റേഷനിലേക്കു കൂട്ടിക്കൊണ്ടുപോയത്. കൈയിൽ ഒരു കാശുമില്ലാത്ത കാര്യം കാറിലിരുന്നു തങ്ങളോടുപറഞ്ഞു സങ്കടപ്പെടുമ്പോൾ എന്താ പിറുപിറുക്കുന്നതെന്നായി മത്തായിച്ചേട്ടൻ. കാര്യം പറഞ്ഞപ്പോൾ 'ഇനി അതും ഞാൻ തരണോ?' എന്നായി  പരുക്കൻ ചോദ്യം. പക്ഷേ റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയ എനിക്ക് അദ്ദേഹം പോക്കറ്റിൽ നിന്ന് പതിനാറുരൂപ ഒരു മടിയും കൂടാതെ എടുത്തു തന്നു. തിരിച്ചുകിട്ടുമെന്ന് ഒരുറപ്പുമില്ലാതെ ഒന്നും പ്രതീക്ഷിക്കാതെയാണ് അദ്ദേഹം അതു തന്നത്. പതിനൊന്നുരൂപയായിരുന്നു ടിക്കറ്റിനെന്നാണ് ഓർമ്മ. എന്തെങ്കിലും കഴിച്ചോയെന്നുപോലും ഓർമ്മയില്ല. മനസ്സിൽ നിറയെ പാടാൻ പോകുന്ന പാട്ടായിരുന്നു. ലോക്കൽ കമ്പാർട്ട്മെന്റിൽ ചടഞ്ഞുകൂടി. മദ്രാസ് വരെ ഒറ്റയ്ക്കുള്ള യാത്ര എന്നെ അവശനാക്കിയിരുന്നു. മൈലാപ്പൂരിൽ ഒരു അമ്മാവന്റെ വീട്ടിലായിരുന്നു താമസം. അവിടെയെത്തിയ ഉടൻ പനി പിടിപ്പെട്ടതോടെ തീരുമാനിച്ചിരുന്ന ദിവസം പാടാൻ പോകാനായില്ല. 'കാണുമ്പോൾ ഞാനൊരു കാരിരുമ്പ്...' എന്നൊരു പാട്ടാണ് എനിക്കായി നിശ്ചയിച്ചിരുന്നത്. ആ അവസരം നഷ്ടപ്പെട്ടതോടെ പിന്നെ അലച്ചിലിന്റെ ദിവസങ്ങൾ. ഒടുവിൽ എന്നെ വെറുതെ മടക്കി അയയ്ക്കുന്നതിൽ സങ്കടം തോന്നിയാണ് സംഗീതസംവിധായകൻ എം. ബി. ശ്രീനിവാസൻസാർ നാലുവരി പാടിച്ചത്. ശ്രീനാരായണഗുരുവിന്റെ ആ വരികൾ അതുവരെ ഞാൻ കേട്ടിട്ടുണ്ടാ

യിരുന്നില്ല. വേഗം തന്നെ പഠിച്ചു പാടാനായി. റിക്കോർഡിങ് കഴിഞ്ഞ് എങ്ങനെയുണ്ടെന്ന് എം.ബി.എസ്. തിരക്കിയപ്പോൾ സൗണ്ട് എഞ്ചിനീയറായ കോടീശ്വരറാവു പറഞ്ഞത് 'പത്തു വർഷം കഴിഞ്ഞു പറയാം' എന്നായിരുന്നു.

അപ്പച്ചൻ മരിച്ച സമയത്ത് ആശുപത്രിയിൽ നിന്നു മൃതദേഹം വിട്ടുകിട്ടാൻ ബിൽ അടയ്ക്കാനായി പണമില്ലാതെ ഓടിയപ്പോൾ എണ്ണൂറുരൂപ തന്നുസഹായിച്ചത് പി. ഭാസ്കരൻമാഷാണ്. മത്തായി പതിനാറുരൂപ തന്നപോലെ ഒന്നും പ്രതീക്ഷിക്കാതെയാണ് മാഷും ആ പണം തന്നത്. ആ രണ്ടു കടങ്ങളും ജീവിതത്തിലെ വലിയ കടപ്പാടുകളാണ്. അപ്പച്ചന്റെ അനുഭവം പ്രതിഫലം കൃത്യമായി വാങ്ങണമെന്ന് എന്നെ പഠിപ്പിക്കുന്നതായിരുന്നു. സമ്പാദിച്ചതൊന്നും അനാവശ്യമായി ചെലവഴിച്ചിട്ടില്ല. പ്രതിഫലം വാങ്ങാതെ സ്ഥിരമായി പാടുന്ന സംഗീതവേദികളുമുണ്ട്. പാടുമ്പോൾ മനഃസംതൃപ്തിയാണ് പ്രധാനം.

**അഭിമുഖം - യേശുദാസ്** **അനീഷ് നായർ**

### കണ്ടെത്താം പറയാം

'രണ്ടു കടങ്ങളും ജീവിതത്തിലെ വലിയ കടപ്പാടുകളാണ്.' രണ്ടു കടങ്ങൾ ഏതെല്ലാമാണെന്ന് കണ്ടെത്തുക? ഇത്തരത്തിലുള്ള കടപ്പാടുകളെക്കുറിച്ച് നിങ്ങൾക്ക് പറയാനുണ്ടോ? പരസ്പരം പങ്കുവയ്ക്കൂ.

### ഗാനാലാപനം

യേശുദാസ് ആലപിച്ച ഗാനങ്ങളിൽ നിങ്ങൾക്ക് ഇഷ്ടപ്പെട്ട ഗാനങ്ങൾ ഏതൊക്കെയാണ്? ഇഷ്ടപ്പെടാനുള്ള കാരണം കൂടി പറയുക. ക്ലാസിൽ സംഘമായോ വ്യക്തിഗതമായോ ആലപിക്കുക. ലഭ്യമായ വാദ്യോപകരണങ്ങളും ഉപയോഗിക്കുമല്ലോ.

### സ്വാഭിപ്രായം വ്യക്തമാക്കാം

'ഓരോ വ്യക്തിയുടെയും വിജയത്തിന് പിന്നിൽ നിരവധി ആളുകളുടെ സഹനത്തിന്റെയും കരുതലിന്റെയും കരങ്ങളുണ്ട്' - പാഠഭാഗത്തെ ആസ്പദമാക്കി സ്വാഭിപ്രായം വ്യക്തമാക്കുക.

### ലഘുവാക്യങ്ങളാക്കാം

'അപ്പച്ചന് വളരെ അടുപ്പമുള്ളവർ സിനിമയിൽ ഉണ്ടായിരുന്നെങ്കിലും ഒരിക്കലും എനിക്ക് വേണ്ടി ശിപാർശ ചെയ്തിട്ടില്ല.'- അർഥവ്യത്യാസം വരാതെ രണ്ടു വാക്യങ്ങളാക്കുക. ഇത്തരത്തിലുള്ള കൂടുതൽ വാക്യങ്ങൾ പാഠഭാഗങ്ങളിൽ നിന്ന് കണ്ടെത്തി അവയെ ലഘുവാക്യങ്ങളാക്കുക.

### ഡിജിറ്റൽ ജീവചരിത്രക്കുറിപ്പ്

നിങ്ങളുടെ പ്രദേശത്തുള്ള കലാപ്രവർത്തകരുമായി അഭിമുഖസംഭാഷണം നടത്തി, അവരുടെ ജീവിതരേഖ, കലാരംഗത്തെ സംഭാവനകൾ, നേടിയ പുരസ്കാരങ്ങൾ എന്നിവ ശേഖരിച്ച് ഡിജിറ്റൽ മാധ്യമത്തിൽ പ്രസിദ്ധീകരിക്കാനുള്ള ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

വ്യക്തിഗതമായി തയ്യാറാക്കിയ ജീവചരിത്രക്കുറിപ്പ് ഗ്രൂപ്പിൽ വായിച്ച്, ചർച്ചചെയ്ത് മെച്ചപ്പെടുത്തുക. ഗ്രൂപ്പിൽ രൂപപ്പെട്ട രചനയെ അക്ഷരം, പദം, വാക്യം, ആശയം എന്നീ തലങ്ങളിൽ എഡിറ്റ് ചെയ്യുക.

# ചോറും പാട്ടും

വർഷങ്ങൾക്കുമുമ്പാണ്-

മാസത്തിലെ അവസാന ഞായറാഴ്ച.

അല്പശമ്പളക്കാരായ ഞങ്ങളാരും വീട്ടിൽ പോയില്ല. ലോഡ്ജിൽത്തന്നെ തങ്ങി. മെസ്സിന്റെ കലവറയും ഒഴിഞ്ഞ കീശയായിരുന്നു. രാവിലെ ഉപ്പുമാവും പഴവും. ഉച്ചയ്ക്ക് ചോറും രസവും കൂർക്കത്തോരനും വൈകിട്ട് ചപ്പാത്തിയും ഉള്ളിസലാഡും എന്ന സിംപിൾ മെനു കുക്ക് തങ്കപ്പനെ ഏല്പിച്ചിട്ട് ഞങ്ങൾ വെറുതെയിരിക്കുമ്പോഴാണ് അയാൾ കടന്നുവന്നത്.

വൃദ്ധനെന്നു തോന്നുന്ന ഒരു മധ്യവയസ്കൻ. മുഷിഞ്ഞുചുളുങ്ങിയ മുണ്ടും ഷർട്ടുമാണ് വേഷം. ഉലഞ്ഞ ചെമ്പൻമുടിയും മയക്കമാർന്നു ക്ഷീണിച്ച കണ്ണുകളും. ആൾ ആകെ അവശൻ.

ഇത്തരം അതിഥികളിൽ സാധാരണയായി കാണുന്ന അതിവിനയമൊന്നും ആ മുഖത്ത് കണ്ടില്ല. നല്ല കനത്ത സ്വരത്തിൽ അയാൾ പറഞ്ഞു: ചോറുതന്നാൽ പകരം പാട്ടുപാടാം!

അശേഷം യാചനയുടെ ഭാവമുണ്ടായിരുന്നില്ല ആ സ്വരത്തിൽ. ഞങ്ങൾ ഒച്ചയും വിളിയും നിറുത്തി വന്നയാളെ നോക്കി. അയാൾ ആവർത്തിച്ചു: ചോറുതന്നാൽ പാട്ടുപാടാം!

ഇപ്പോഴാണ് അയാൾ പറഞ്ഞതെന്തെന്ന് ഞങ്ങൾ അറിഞ്ഞത്. ഞങ്ങൾക്ക് കൗതുകമായി. കുക്ക് തങ്കപ്പനോട് ചോറുവിളമ്പാൻ പറഞ്ഞു. അയാളെ ഞങ്ങൾക്കൊപ്പമിരുത്തി ഊട്ടി.

പാവം, ചോറുണ്ടിട്ട് ദിവസങ്ങളായി എന്നു തോന്നി. രസവും കൂർക്കത്തോരനും മാങ്ങാ അച്ചാറുംകൂട്ടി അയാൾ മൂക്കുമുട്ടെ ഉണ്ടു.



ഇനി, നിറവയറിൽ പാടാൻ പറ്റ്വോ? ഞങ്ങൾ ചോദിച്ചു. അതിന് മറുപടി ഉണ്ടായില്ല.

തറയിൽ പടിഞ്ഞിരുന്ന് അയാൾ പതുക്കെ പാടിത്തുടങ്ങി:

'പാഹി തായേ പാർവതീ പരമേശ്വരീ ലളിതേ...'

ഞങ്ങൾ വേഗം നിശ്ശബ്ദരായിപ്പോയി. ഈ മനുഷ്യനിൽനിന്നോ... ഈ മനോഹരാലാപം!

പാട്ട് തീരുംവരെ ആരും അനങ്ങിയില്ല.

പാടിത്തീർന്നപ്പോൾ ആരോ ആവശ്യപ്പെട്ടു: കീർത്തനമല്ലാതെ സിനിമാപ്പാട്ടുകളൊന്നുമില്ലേ കൈയിൽ?

അയാൾ മറുപടി പറഞ്ഞില്ല. പാടിത്തുടങ്ങുകയാണുണ്ടായത്.

പ്രസിദ്ധങ്ങളായ നാലഞ്ചു പഴയപാട്ടുകൾ:

- 'വനഗായികേ വാനിൽ വരൂ നായികേ...'
- 'അകാലേ ആരും കൈവിടും...'
- 'മാനെന്നും വിളിക്കില്ല, മയിലെന്നും വിളിക്കില്ല...'
- 'ചെന്താമരപ്പൂന്തേൻ കുടിച്ച വണ്ടേ - നീ
  ചാണകമുരുട്ടണതും ഞമ്മള് കണ്ടേ...'
- 'നീയല്ലാതാരുണ്ടാരുണ്ടെന്നുടെ
  പ്രണയപ്പുഴയിൽ ചിറകെട്ടാൻ...'
  (ഞാൻ വളർത്തിയ ഖൽബിലെ മോഹം
  പോത്തുപോലെ വളർന്നല്ലാ-ഞാൻ
  കാത്തുകാത്തു കുഴഞ്ഞല്ലോ.)

ഹരംകൊള്ളിക്കുന്ന സുന്ദരഗാനങ്ങൾ. ആഹ്ലാദം അലതല്ലിത്തകർത്തു, ഞങ്ങളുടെ മുറിയിലാകെ. ഉഗ്രൻ. തകർപ്പൻ. കലക്കൻ. ഞങ്ങൾ ഓരോരുത്തരും പറഞ്ഞു. എന്നിട്ട് ചോദിച്ചു: പക്ഷേ, ഈ തമാശപ്പാട്ടുകളേ അറിയ്വോ? അന്നത്തെ ചില ഗംഭീരഗാനങ്ങൾ പാടാൻ ആ പാട്ടുകാരനോട് ഞങ്ങൾ നിർദേശിച്ചു.

- 'എങ്ങനെ നീ മറക്കും കുയിലേ...'
- 'ആത്മവിദ്യാലയമേ...'
- 'താമസമെന്തേ വരുവാൻ...'

അപ്പോൾ, തീരെ നിസ്സംഗനായി ആ ഗായകൻ പ്രഖ്യാപിച്ചു: അബ്ദുൾ ഖാദറിന്റേം പുരുഷോത്തമന്റേം ദാസിന്റേമൊന്നും പാട്ടുകൾ ഞാൻ പാടില്ല. എന്നിട്ട് അയാൾ പാടിത്തുടങ്ങി:

കാത്തുസൂക്ഷിച്ചൊരു കസ്തൂരിമാമ്പഴം
കാക്ക കൊത്തിപ്പോകും...
കാക്കച്ചി കൊത്തിപ്പോകും....

ഞങ്ങൾക്ക് ആ നാടൻശീലുകൾ ഇഷ്ടപ്പെടാഞ്ഞിട്ടല്ല; അയാളുടെ തോന്ന്യാസം സഹിക്കാഞ്ഞ് ഞങ്ങൾ ഉത്തരവിട്ടു: നിറുത്ത്! അയാൾ നിറുത്തിയില്ല. പാട്ട് തുടർന്നു:

-കാച്ചിക്കുറുക്കിയ മോഹത്തിൻ പാല്
പൂച്ച കുടിച്ചുപോകും...
നട്ടുനനച്ചു വളർത്തിയ പൂച്ചെടി
മുട്ടനാടെത്തിത്തിന്നും.....

നിറുത്താൻ ഞങ്ങൾ വീണ്ടും പറഞ്ഞു. അയാൾ ഒട്ടും കൂസിയില്ല. പാടി മുഴുമിപ്പിച്ചിട്ട് സാവധാനം നിർവികാരനായി, കനത്ത സ്വരത്തിൽ അറിയിച്ചു:

നിങ്ങള് ചോറുതന്നെന്നുവച്ച് നിങ്ങള് പാട്ടുനിറുത്താൻ പറഞ്ഞാൽ ഞാൻ നിറുത്തില്ല! നിങ്ങള് ചോറുതന്നതിന് നിങ്ങള് പറയുന്ന പാട്ട് ഞാനൊട്ട് പാടുകേമില്ല!

ഞങ്ങൾ കോപംകൊണ്ട് കണ്ണും കാതുമറ്റവരായി. എന്തൊക്കെയോ വിളിച്ചുപറഞ്ഞു.

അതിനെല്ലാംകൂടി അയാൾ സ്വസ്ഥമായി ഒറ്റവാക്യത്തിൽ ഉത്തരമോതി: ഞാൻ എന്റെ പാട്ടുകളേ പാടൂ; അതിനേ ആത്മാവുണ്ടാവൂ...

ഞങ്ങളിൽ ആർക്കോ അല്പം തിരിച്ചറിവുണ്ടായി: എന്നാപ്പിന്നെ താൻ മെഹ്ബൂബിന്റെ പാട്ടുകൾ പാടുന്നതോ?

പ്രശാന്തസുന്ദരഭാവത്തിൽ സ്വരലയത്തോടെ അയാൾ ശബ്ദം താഴ്ത്തി പറഞ്ഞു: ഞാൻ മെഹ്ബൂബ് ആയതുകൊണ്ട്...

**സി. ആർ. ഓമനക്കുട്ടന്റെ കഥകൾ** — **സി. ആർ. ഓമനക്കുട്ടൻ**

## പ്രതികരണക്കുറിപ്പ്

"നിങ്ങള് ചോറുതന്നെന്നുവച്ച് നിങ്ങള് പാട്ടുനിറുത്താൻ പറഞ്ഞാൽ ഞാൻ നിറുത്തില്ല! നിങ്ങള് ചോറുതന്നതിന് നിങ്ങള് പറയുന്ന പാട്ട് ഞാനൊട്ട് പാടുകേമില്ല!" ഗായകന്റെ ഈ വാക്കുകൾ ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പ്രഖ്യാപനമായി മാറുന്നത് എങ്ങനെയെന്ന് ചർച്ചചെയ്ത് പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

*മനംകുളിർക്കേ നിറഭേദങ്ങൾ*
*മേളപ്പെരുക്കങ്ങൾ*
*ചക്രവാളത്തിൽ കുടമാറ്റം.*

# ലന്തൻബത്തേരിയിലെ കാഴ്ചകൾ

ഞാൻ ആദ്യമായി ചവിട്ടുനാടകം കണ്ടത് എറണാകുളത്ത് ടി.ഡി.എം. ഹാളിൽ ഓണാഘോഷത്തിന്റെ ഭാഗമായി നടത്തിയ കലോത്സവത്തിൽ അവതരിപ്പിച്ച 'കാറൽസ്മാൻചരിത'ത്തിലെ കുറച്ചു രംഗങ്ങൾ മാത്രമായിരുന്നു. അന്ന് പല എറണാകുളംകാരും ആദ്യമായി ചവിട്ടുനാടകം കണ്ടു. അരങ്ങിൽ ഞാൻ കണ്ട മഹാദൃശ്യം, എന്റെ കണ്ണുകൾ കണ്ടു ശീലിച്ച കായൽപ്പരപ്പിന്റെ തുറസ്സും അതിൻമേലുള്ള ശബ്ദകോലാഹലത്തെയും ഓർമ്മിച്ചു. പാട്ടിന്റെ തമിഴ് കലർന്ന ഭാഷ എനിക്കു മനസ്സിലായില്ല. കാറൽസ്മാന്റെ കൊട്ടാരത്തിന്റെ പുറത്ത്, ബദ്ധശത്രുവായ അൽബിറാന്തിന്റെ മകൻ പെരമ്പ്രാസ്, കരിങ്കല്ല് തലയണയായി ഉപയോഗിച്ച് മൂന്ന് രാവും പകലും കാവൽ കിടന്ന് കാറൽസ്മാനെ വെല്ലുവിളിക്കുന്ന രംഗത്തോടെയാണ് ചവിട്ടുനാടകം തുടങ്ങിയത്.



കൊട്ടാരത്തിൽ കാറൽസ്മാന്റെ പാരികളിൽ പ്രധാനിയും ചക്രവർത്തിയുടെ സഹോദരീപുത്രനും അരുമയുമായ റോൾദാനൊഴിച്ച് മറ്റാരും ഇല്ലായിരുന്നു. പെരമ്പ്രാസിന്റെ വെല്ലുവിളി കൂടുതൽ ഉച്ചത്തിലാകുന്നു. എന്നാൽ റോൾദാൻ ഒന്നും ചെയ്യുവാൻ തയ്യാറാകുന്നില്ല. ഈ നിഷ്ക്രിയത്വം കാറൽസ്മാനെ ചൊടിപ്പിക്കുന്നു. ചക്രവർത്തി ചെങ്കോലെടുത്ത് റോൾദാന്റെ നെറ്റിക്ക് അടിക്കുന്നു; ചോര ചീറ്റുന്നു; റോൾദാൻ ദുരിന്താനയെന്ന തന്റെ വാളൂരുന്നു. ഫ്രാംസയുടെ ചക്രവർത്തി, ക്രിസ്തുമതത്തിന്റെ രക്ഷകൻ, റോൾദാന്റെ അമ്മയായ ബെട്ത്തയുടെ സഹോദരൻ, കാറൽസ്മാൻ ദുരിന്താനയ്ക്ക് ഇരയാകുന്നതിനുമുമ്പ് പടയാളികൾ ചക്രവർത്തിയെ രക്ഷിക്കുന്നു. പിന്നെ കാറൽസ്മാന്റെ ഉഗ്രകല്പന: റോൾദാന്റെ തലവെട്ടുക. അന്ന് ആദ്യമായി ഫ്രാൻസിലെ സൈനികർ ചക്രവർത്തിയുടെ ശാസനം അനുസരിച്ചില്ല; റോൾദാൻ അവരുടെ പ്രിയപ്പെട്ട പടനായകനായിരുന്നു. നാടകം തുടങ്ങിയതിനുശേഷം, അവസാനരംഗം കഴിഞ്ഞ്, ടി.ഡി.എം. ഹാളിലെ നീലക്കർട്ടൻ രണ്ടറ്റത്തുനിന്നും യാത്ര ചെയ്ത് നടുവിൽ സന്ധിക്കുന്നതുവരെ ഞാൻ അമ്മയുടെ കൈ മുറുകെപ്പിടിച്ചു. അമ്മ ചോദിച്ചു: "കൊച്ചെന്താണ് എന്ന അള്ളിപ്പിടിക്കണത്?" അതിന് ഉത്തരം എന്റെ അന്നുവരെയുള്ള ജീവിതത്തിലെ ഏറ്റവും നീണ്ട ഉച്ഛ്വാസമായിരുന്നു. അതിനുശേഷം ഞാൻ വല്ലപ്പോഴേ ചവിട്ടുനാടകംകണ്ടുള്ളൂ.

**ലന്തൻബത്തേരിയിലെ ലുത്തിനിയകൾ** — **എൻ.എസ്.മാധവൻ**

### ചുരുക്കിയെഴുതാം

"അതിന് ഉത്തരം എന്റെ അന്നുവരെയുള്ള ജീവിതത്തിലെ ഏറ്റവും നീണ്ട ഉച്ഛ്വാസമായിരുന്നു." ഏറ്റവും നീണ്ട ഉച്ഛ്വാസം തീവ്രമായ ഒരനുഭവത്തിന്റെ സൂചനയാണല്ലോ. ജീവിതത്തിൽ ആദ്യമായി ചവിട്ടുനാടകം കണ്ട ജെസീക്ക എന്ന കഥാപാത്രത്തിന്റെ അനുഭവം പാഠഭാഗത്തെ അടിസ്ഥാനപ്പെടുത്തി ചുരുക്കിയെഴുതുക.

### താരതമ്യക്കുറിപ്പ്

ലന്തൻബത്തേരിയിലെ കാഴ്ചകൾ, കളിവിളക്കിൻ തിരിനാളം എന്നീ പാഠഭാഗങ്ങൾ വായിച്ചല്ലോ. കലാരൂപങ്ങൾ കാണാൻ പോയ കുട്ടികളുടെ അനുഭവങ്ങളാണ് രണ്ടുരചനകളിലും ഉള്ളത്. നോവൽഭാഗത്തിലെ കുട്ടിയുടെയും കലാമണ്ഡലം രാമൻകുട്ടിനായരുടെയും അനുഭവങ്ങൾ സമാനസ്വഭാവം ഉള്ളതാണോ? ചർച്ചചെയ്ത് താരതമ്യക്കുറിപ്പ് തയ്യാറാക്കുക.

### റീൽസ് തയ്യാറാക്കാം

കേരളത്തിലെ വിവിധ കലകളുമായി ബന്ധപ്പെട്ട ഡിജിറ്റൽ ദൃശ്യങ്ങൾ ശേഖരിച്ച് റീൽസ് തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കുകയും സമൂഹമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും ചെയ്യുക.

### ബ്രോഷർ

താഴെക്കൊടുത്തിരിക്കുന്ന കലാരൂപങ്ങളുടെ ചിത്രവും വിശദീകരണവും പരിശോധിക്കുക. ഇത്തരത്തിലുള്ള കേരളീയകലാരൂപങ്ങളുടെ ചിത്രങ്ങളും വിശദാംശങ്ങളും ശേഖരിച്ച് ക്ലാസ് തലത്തിൽ ഒരു ബ്രോഷർ നിർമ്മിക്കുക. വെബ്ഡിസൈൻ ടൂളുകൾ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്.



## അറബനമുട്ട്

*ഉത്തരകേരളത്തിലെ മുസ്ലീങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ഒരു അനുഷ്ഠാനകലാരൂപമാണ് അറബനമുട്ട്. അറബന എന്ന വാദ്യോപകരണം കൈകൊണ്ട് മുട്ടിയാണ് കളിക്കുന്നത്. ചില അനുഷ്ഠാനങ്ങളുടെ ഭാഗമായി വീടുകളിലും പള്ളികളിലും അവതരിപ്പിച്ചിരുന്ന അറബനമുട്ട് ഇപ്പോൾ കലോത്സവ വേദികളിലെ മുഖ്യഇനമാണ്.*



## കൂടിയാട്ടം

*ലോകപൈതൃകമായി യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ കലാരൂപമാണ് കൂടിയാട്ടം. അഭിനയകലയ്ക്ക് നൃത്തത്തെക്കാൾ പ്രാധാന്യം നൽകുന്നതിനാൽ കൂടിയാട്ടത്തിനെ 'അഭിനയത്തിന്റെ അമ്മ' എന്നും വിശേഷിപ്പിക്കുന്നു. കൂടിയാട്ടത്തിന്റെ ഇപ്പോഴുള്ള രൂപത്തിന് എണ്ണൂറ് വർഷങ്ങളുടെ പഴക്കമുണ്ട്. ഏറ്റവും പ്രാചീനമായ സംസ്കൃതനാടകരൂപങ്ങളിലൊന്നാണിത്.*

# ചവിട്ടുനാടകം

പുരാതന കേരളത്തിന്റെ ആയോധനവൃത്തിയുമായി അവഗാഢം ബന്ധപ്പെട്ടിട്ടുള്ള വീരരസപ്രധാനമായ ഒരു സംഗീതനൃത്തനാടകരീതിയാണ് ചവിട്ടുനാടകം. പാട്ടും പയറ്റും, നൃത്തനൃത്യാഭിനയങ്ങളും മനോഹരമായി ഈ കലാരൂപത്തിൽ സമ്മേളിച്ചിരിക്കുന്നു.

യവനനാടകവേദിയുടെ സത്ത ഉൾക്കൊണ്ടുകൊണ്ട് വളർന്ന യൂറോപ്യൻ നാടുകളിൽ നിന്നും വന്ന മിഷനറിമാരുടെയും കപ്പിത്താന്മാരുടെയും കേരളത്തിലെ സൈനികപാരമ്പര്യമുള്ള ക്രൈസ്തവജനതയുടെയും സംഭാവനയാണ് ഈ നാടകസ്റ്റേജ് എന്ന് നിസ്സംശയം പറയാം. സജീവമായ യുദ്ധരംഗങ്ങളും ചൈതന്യമുറ്റ വീരഗാനങ്ങളും താളമേളങ്ങളും താണ്ഡവപ്രധാനമായ ചുവടുകളും ഒത്തൊരുമിച്ചുള്ള, ഇതുപോലെ സവിശേഷമായ ഒരു കലാരൂപം കേരളത്തിൽ മാത്രമേയുള്ളൂ താനും. ഉദ്ദേശം നാനൂറ് വർഷങ്ങൾക്ക് മുമ്പുതന്നെ തീരപ്രദേശങ്ങളിലെ വിശാലമായ മൈതാനങ്ങളിൽ കേരളത്തിലെ വിജയകരമായ നാടകവേദി ഉയർന്നുകഴിഞ്ഞു. അന്ന് ഒന്നാമത്തെ ചവിട്ടുനാടകമായ 'കാറൽസ്മാൻചരിതം' അവതരിപ്പിക്കുന്നതിനുവേണ്ടി കെട്ടിയുണ്ടാക്കിയ ആ നെടുനീളൻ നാടകസ്റ്റേജ് തന്നെയാണ് കേരളത്തിലെ ഒന്നാമത്തെ നാടകസ്റ്റേജും.

സെബീന റാഫി

### ഡിജിറ്റൽ സ്ലൈഡ്

ചവിട്ടുനാടകത്തെക്കുറിച്ചുള്ള രചന വായിച്ചുവല്ലോ? കൂടുതൽ വിവരങ്ങളും ചിത്രങ്ങളും ഉൾപ്പെടുത്തി ഡിജിറ്റൽ സ്ലൈഡ് തയ്യാറാക്കുക. വിവരശേഖരണത്തിനായി മറ്റ് മാധ്യമങ്ങളെക്കൂടി പ്രയോജനപ്പെടുത്തുക.

# മറക്കുമോ നിങ്ങൾ?

പാടിയും തുഴഞ്ഞും വഞ്ചി കൊണ്ടുവന്ന് അടുപ്പിച്ചത്, പരമാർഥം പറയട്ടെ, എന്റെ വീടിന്റെ തെക്കുവശത്താണ്. ഒരു നാഴൂരി പാല് ഞങ്ങളുടെ വീട്ടിലും തന്നിട്ടാണ് അവൾ ചന്തയിൽ പോകുന്നത്. ഇതാ വരുന്നു; പാലും പാത്രവുമായി അവൾ ഓടിവരുന്നു. പാത്രം തിണ്ണയിൽ വെച്ചിട്ട് അവൾ നിൽക്കുന്നു. നോക്കണം,

*“കൈകളിൽ പൊട്ടിപ്പൊട്ടി ചിരിക്കും വളകളും*
*കൈതപ്പൂ തിരുകിയ ചുരുളൻ മുടിക്കെട്ടും*
*പുഞ്ചിരി അടരാത്ത മുഖവും*
*തേനൂറുന്ന കൊഞ്ചലും*
*മറക്കുമോ മറക്കുമോ മറക്കുമോ*
*നിങ്ങളെന്നായിഷയെ*
*നിങ്ങളെന്നായിഷയെ”*



ഇപ്പോഴും നമ്മുടെ നാട്ടിലെ സഹൃദയന്മാർ പറയാറുണ്ട്,
*“മറന്നില്ല ഞങ്ങൾ ഈ ആയിഷയെ”* എന്ന്.
ഞാൻ അവളുടെ അടുത്ത് ഒരു ചോദ്യം ചോദിക്കും.
ആവർത്തിച്ച് ഒരു സ്റ്റോക്ക് ചോദ്യം ഞാൻ എടുത്തിടും
*“പെണ്ണേ നിന്റെ പേരെന്താണ്?”*
അവളുടെ സംഭാഷണം കേൾക്കാൻ വലിയ രസമാണ്.
അതിനുവേണ്ടി നിന്റെ പേര് എന്താണ് എന്ന്
ചോദിക്കും ഞാൻ.
എന്റെ ചോദ്യങ്ങൾ കേൾക്കുമ്പോൾ അവൾ പറയും-
*കൊച്ചു പാവാടത്തുമ്പിൽ കൈതെറുത്തവൾ*
*ചുണ്ടിൽ പിച്ചിപ്പൂവിതളുമായ്* പറയും മറുപടി
എന്താ മറുപടി?
*“എപ്പോഴും മറക്കുന്ന ചേട്ടൻ”*
അവൾ ഇന്നലെയും പറഞ്ഞില്ലേ
ഞാനിന്നും ചോദിക്കുന്നു
അതുകൊണ്ടാണ്
*“എപ്പോഴും മറക്കുന്ന ചേട്ടൻ”*
ഞാൻ അവളെ കളിയാക്കി

*"എപ്പോഴും നാണിക്കുന്ന കുഞ്ഞു പാവാടക്കാരി"*

*"എപ്പോഴും നാണിക്കുന്ന കുഞ്ഞു പാവാടക്കാരി"*

അവൾക്ക് ദേഷ്യം വരും

*"പേര് ഞാൻ പറയൂല്ല"*

മുഖം വെട്ടിച്ചവൾ ദൂരെ നോക്കും
അങ്ങനെ തന്നെ നിന്നിട്ടവൾ പറയും

*"പാത്രം തിരികെതരൂ വേഗം"*

പാൽ എടുത്തിട്ട് പാത്രം കൊടുത്തേക്കാൻ.
ഞാൻ പറയും

*"പാലെനിക്കിനി വേണ്ട...*
*"പാലെനിക്കിനി വേണ്ട...*
*പാതിയും കക്കൂസുള്ള തോട്ടിലെ നാറും വെള്ളം"*

അത് കേൾക്കുമ്പോഴേക്കും അവളുടെ മുഖം ചുവന്നു

കവിളിൽ ചെങ്കുങ്കുമം വീണപോൽ തുടുത്തവൾ കരയാൻ ആരംഭിക്കും.

*"ചേട്ടാ പേര് ഞാൻ പറഞ്ഞാലോ?"*

പേര് പറയാഞ്ഞിട്ട് ദ്രോഹി പാലു വേണ്ടാന്ന് വച്ചെങ്കിലോ?

*"പേര് ഞാൻ പറഞ്ഞാലോ?"*

ഞാൻ മിണ്ടിയില്ല

ഞാൻ മേശപ്പുറത്ത് കിടന്ന പുസ്തകത്തിന്റെ താളും മറിച്ച് നോക്കി

ഒരു കള്ളനെപ്പോലെ അങ്ങനെ ഇരിക്കും

*"ചേട്ടാ... ചേട്ടാ...ആയിഷ പോട്ടേ*

*പാത്രം തിരികെ താ ചേട്ടാ"*

ഇങ്ങനെ നീളും.

മനോഹരമായ ആ നാട്ടിൻപുറത്ത് ഒരു മഞ്ഞത്തുമ്പിയെപ്പോലെ പാറി നടക്കുന്ന ഒരു പൊന്നോമന പെൺകുട്ടി-

ആയിഷ.

നമ്മുടെ പ്രിയപ്പെട്ട കവി വയലാർ രാമവർമ്മയുടെ മനോഹരമായ ആ ഖണ്ഡകാവ്യം-

ആയിഷ.

മലയാളിക്ക് ഒരിക്കലും മറക്കാനാവാത്ത മധുരോദാത്തമായ കഥ-

ആയിഷ.

**ആയിഷ (കഥാപ്രസംഗം)** **വി.സാംബശിവൻ**

സുപ്രസിദ്ധ കാഥികൻ വി. സാംബശിവന്റെ ആയിഷ എന്ന കഥാപ്രസംഗത്തിന്റെ (വയലാർ രാമവർമ്മയുടെ ഖണ്ഡകാവ്യമായ ആയിഷയാണ് ആധാരം) ഭാഗമാണ് ഇവിടെ നൽകിയിരിക്കുന്നത്. ഈ കഥാപ്രസംഗത്തിന്റെ വീഡിയോ പൂർണ്ണമായും കണ്ടതിനുശേഷം, താഴെപ്പറയുന്ന രചനകളെയോ സമാനരചനകളെയോ കഥാപ്രസംഗരൂപത്തിലാക്കൂ... സംഘപ്രവർത്തനത്തിലൂടെ ചിട്ടപ്പെടുത്തിയ കഥാപ്രസംഗം വിദ്യാരംഗം കലാസാഹിത്യ വേദിയിൽ അവതരിപ്പിക്കുക. ഉചിതമായ വാദ്യമേളങ്ങൾ ഉപയോഗിക്കാം.

- മാമ്പഴം - വൈലോപ്പിള്ളി
- ചന്ദനക്കട്ടിൽ - ജി. ശങ്കരക്കുറുപ്പ്
- വാഴക്കുല - ചങ്ങമ്പുഴ കൃഷ്ണപിള്ള
- 

**കഥാപ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുമ്പോൾ :**

- കഥാഖ്യാനകവിതകൾ വായിച്ച് ആശയം ഗ്രഹിക്കുക.
- കവിതകളെ കഥാരൂപത്തിലാക്കുക.
- ഉചിതമായ ഇടങ്ങളിൽ കവിത, ഗാനം എന്നിവ ചേർത്ത് ഈണം നൽകുക.
- പിന്നണിക്കാരെ കണ്ടെത്തി വാദ്യമേളത്തോടെ റിഹേഴ്സൽ നടത്തുക.
- സ്റ്റേജിൽ നാടകീയമായി അവതരിപ്പിക്കുക.

# 3

# ഒന്നല്ലി നാം



എന്റെ പൂർവികർ നിർഭാഗ്യവാന്മാരായിരുന്നു. പക്ഷേ, ഞങ്ങൾ എന്നും അധ്വാനികളാണ്, മറ്റുള്ളവരെ വിശ്വസിക്കുന്നവരാണ്. നൂറ് ശതമാനവും മലയുടെ മക്കൾ, മലയുടെ അരചന്മാർ.  ഞങ്ങളെ അപരിഷ്കൃതരെന്ന് വിളിച്ചത് മറ്റുള്ളവരാണ്. പരിഷ്കാരം അങ്ങനെയാണല്ലോ. മലയോരത്ത് വീടുകെട്ടി, മണ്ണിൽ വിയർപ്പൊഴുക്കി ജീവിക്കുന്നവന്, സുന്ദരമായ ഉടയാടകളില്ലായിരിക്കാം, മനംമയക്കുന്ന, ചതിനിറഞ്ഞ വാചകശൈലി ഇല്ലായിരിക്കാം. എങ്കിലും ഞങ്ങൾക്ക് ഞങ്ങളുടേതായ നല്ല ജീവിതസമ്പ്രദായങ്ങളുണ്ട്.

**കൊച്ചരേത്തി** — **നാരായൻ**

പുറംമോടികളാണോ ഒരു പരിഷ്കൃതസമൂഹത്തെ നിർണ്ണയിക്കുന്നത്? നിങ്ങളുടെ നിരീക്ഷണങ്ങൾ ചർച്ച ചെയ്യുക.

*സുഖസൗഭാഗ്യങ്ങളുടെ വേരുകളിൽ*
*അധ്വാനിച്ചവരുടെ വിയർപ്പുണ്ട്.*
*അതോർമ്മവേണം*
*ഇല്ലെങ്കിൽ വേരുകൾ ചോദ്യങ്ങളാകും.*

# നിങ്ങളോർക്കുക

നിങ്ങളെന്റെ കറുത്തമക്കളെ ചുട്ടുതിന്നുന്നോ?
നിങ്ങളവരുടെ നിറഞ്ഞകണ്ണുകൾ ചുഴന്നെടുക്കുന്നോ?
നിങ്ങൾ ഞങ്ങടെ കുഴിമാടം കുളം തോണ്ടുന്നോ?
നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്.
കാട്ടുവള്ളിക്കിഴങ്ങുമാന്തി
ചുട്ടുതന്നില്ലേ ഞങ്ങൾ
കാട്ടു ചോലത്തെളിനീര്
പകർന്നു തന്നില്ലേ പിന്നെ
പൂത്ത മാമരച്ചോട്ടിൽ നിങ്ങൾ
കാറ്റുകൊണ്ടു മയങ്ങിയപ്പോൾ
കണ്ണുചിമ്മാതവിടെ ഞങ്ങൾ
കാവൽ നിന്നില്ലേ ഞങ്ങൾ
കാട്ടുപോത്ത്,കരടി,കടുവ
നേർത്തുവന്നപ്പോൾ ഞങ്ങൾ
കൂർത്ത കല്ലുകളോങ്ങി നിങ്ങളെ
കാത്തുകൊണ്ടില്ലേ പുലിയുടെ
കൂർത്തപല്ലിൽ ഞങ്ങളന്ന്
കോർത്തുപോയില്ലേ വീണ്ടും
പല്ലടർത്തി വില്ലുമായി
കുതിച്ചുവന്നില്ലേ........ നിങ്ങളോർക്കുന്നോ?
നദിയരിച്ച് കാടരിച്ച് കടലരിച്ച്



കനകമെന്നും കാഴ്ചതന്നില്ലേ ഞങ്ങൾ
മരമരിച്ച് പൂവരിച്ച് തേനരിച്ച്
കാഴ്ചവച്ചില്ലേ
മദിച്ചകൊമ്പനെ മെരുക്കി
നായ്ക്കളെ മെരുക്കി, പൈക്കളെ
കറന്നു പാലു നിറച്ചുതന്നില്ലേ ഞങ്ങൾ
മരം മുറിച്ച് പുല്ലുമേഞ്ഞ്
തട്ടൊരുക്കി തളമൊരുക്കി

കൂര തന്നില്ലേ പിന്നെ
മലയൊരുക്കിച്ചെളികലക്കി
മുളവിതച്ച് പതമൊരുക്കി
മൂടനിറയെപ്പൊലിച്ചു തന്നില്ലേ കതിരിൻ
കാളകെട്ടിക്കാട്ടുദൈവക്കൂത്തരങ്ങിൽ
തിറയെടുത്തില്ലേ
ഞങ്ങൾക്കന്നമെവിടെ? എവിടെ
ഞങ്ങടെ കരിപുരണ്ടു മെലിഞ്ഞ പൈതങ്ങൾ?
അവർക്ക് അന്നമെവിടെ? നാണമെവിടെ?
അന്തികൂടാൻ ചേക്കയെവിടെ?
അന്തിവെട്ടത്തിരികൊളുത്താൻ
എണ്ണയെവിടെ?

**കുറത്തി** — **കടമ്മനിട്ട രാമകൃഷ്ണൻ**

### കണ്ടെത്താം പറയാം

സമൂഹത്തോട് കവി ഉന്നയിക്കുന്ന പ്രധാന ചോദ്യങ്ങൾ എന്തെല്ലാം? കവിത വായിച്ച് കണ്ടെത്തി അവതരിപ്പിക്കുക.

### ചർച്ച

'നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്'-
ഇങ്ങനെയൊരു ഓർമ്മപ്പെടുത്തലിന് കവിയെ പ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയാവാം? ചർച്ചചെയ്യുക.

## വിവരണക്കുറിപ്പ്

"നിങ്ങളെന്റെ കറുത്തമക്കളെ ചുട്ടുതിന്നുന്നോ?
നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചുഴന്നെടുക്കുന്നോ?"

ഒരു കാലത്തിന്റെ സാമൂഹികാവസ്ഥയുടെ സൂചനയാണ് ഈ വരികൾ. മറ്റുവരികൾ കൂടി വിശകലനം ചെയ്ത് കവിതയിൽ തെളിയുന്ന സാമൂഹികജീവിതത്തെക്കുറിച്ച് വിവരണക്കുറിപ്പ് തയ്യാറാക്കുക.

ക്ലാസിൽ വികസിപ്പിച്ച സൂചകങ്ങളുടെ സഹായത്തോടെ പരസ്പരം വിലയിരുത്തി മെച്ചപ്പെടുത്തുക. ആശയം, വാക്യഘടന, പദം, അക്ഷരം, ചിഹ്നനം, വ്യവഹാരരൂപം എന്നിവ ശ്രദ്ധിക്കുമല്ലോ.

## പുസ്തകപ്രകാശനം

പ്രകൃതിയെയും പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന മനുഷ്യരെയും ചൂഷണം ചെയ്യുന്നതിനോടുള്ള പ്രതിഷേധമാണല്ലോ 'നിങ്ങളോർക്കുക' എന്ന കവിതയുടെ പ്രമേയം. ഇത്തരത്തിൽ നമുക്ക് ചുറ്റും കാണുന്ന സാമൂഹികപ്രശ്നങ്ങൾ വിഷയമാക്കി വിവിധ സർഗാത്മക രചനകൾ നടത്താം. രചനകൾ സമാഹരിച്ച് പുസ്തകരൂപത്തിൽ പ്രകാശിപ്പിക്കാം.

**രചനാവേളയിൽ ശ്രദ്ധിക്കേണ്ടവ**

- പ്രമേയം തിരഞ്ഞെടുക്കൽ, ആവിഷ്ക്കാരരൂപമേതെന്ന് നിശ്ചയിക്കൽ.
- ഉചിതമായ പദങ്ങളും പ്രയോഗങ്ങളും കണ്ടെത്തൽ.
- ആശയങ്ങളുടെ തുടക്കം, വളർച്ച, ഒടുക്കം.
- ഉചിതമായ ശീർഷകം.
- രചനകളെ ക്രോഡീകരിച്ച് പുസ്തകമാക്കി മാറ്റുക.

**പുസ്തകമാക്കുമ്പോൾ**

- കവർ ഡിസൈൻ
- ആമുഖക്കുറിപ്പ്
- അവതാരിക
- ഉള്ളടക്കത്തിന്റെ വിന്യാസം
- സചിത്ര ലേ-ഔട്ട്
- പിൻകുറിപ്പ്

## ചൊൽക്കാഴ്ച

'നിങ്ങളോർക്കുക' എന്ന കവിത സംഘം ചേർന്ന് ചൊൽക്കാഴ്ചയായി ക്ലാസ്സിൽ അവതരിപ്പിക്കുക.

- ഉചിതമായ താളവും ഈണവും കണ്ടെത്തുക.
- അഭിനയസാധ്യതകൾ പ്രയോജനപ്പെടുത്തുക, രംഗസജ്ജീകരണം വേഷവിധാനം എന്നിവ ഒരുക്കുക.

# വെളിയേ



വെടിയാലേ ഏന്താ വെളിയേ
നാമ് വാള്ന്തേമ് വെളിയേ
തായ് പെത്തെടുത്ത വെളിയേ
പ്ള്ളെപറന്ത്ത് വെളിയേ
പ്ള്ളെ വയ്സ്ക്ക് വന്ത വെളിയേ
മാസത്തി മൂന് നാള് വെളിയേ
പ്ള്ളെ കെട്ടിന വെളിയേ
പ്ള്ളെക്ക് പ്ള്ളെ പറന്താ വെളിയേ
ശാവന വെളിയേ
ശാവ്ക്ക് ശീറ് വെളിയേ
നാമ് വാള്ന്തേമ് കാടിതി
വന്തേവാസി വന്തേ കാട്ക്കേ
പിന്നെമ് നാമ് വെളിയേ
ഇനി നാമ് എപ്പ ഉള്ളെ?

അതിരാവിലെ എണീറ്റ് പുറത്തേക്ക്
ഞങ്ങൾ ജീവിച്ചത് പുറത്ത്
അമ്മ പ്രസവിച്ചെടുത്തു പുറത്തേക്ക്
കുട്ടി ജനിച്ചത് പുറത്തേക്ക്
കുട്ടി പ്രായപൂർത്തിയായാൽ പുറത്തേക്ക്
മാസത്തിൽ മൂന്നുദിവസം പുറത്തേക്ക്
കുട്ടി കല്യാണം കഴിച്ചു പുറത്തേക്ക്
കുട്ടിക്ക് കുട്ടി ജനിച്ചാൽ പുറത്തേക്ക്
മരണമായാൽ പുറത്തേക്ക്
മരണത്തിന് അടിയന്തിരചടങ്ങ് പുറത്ത്
ഞങ്ങൾ ജീവിക്കുന്നത് കാട്ടിൽ
വെളിയിലുള്ളവർ വന്നു കാട്ടിലേക്ക്
പിന്നെയും ഞങ്ങൾ പുറത്ത്
ഇനി എപ്പോഴാണ് ഞങ്ങൾ ഉള്ളിൽ?

**ഇരുളഗോത്ര കവിത** **പി. ശിവലിംഗൻ**

### കണ്ടെത്താം എഴുതാം

ഗോത്രജീവിതാനുഭവങ്ങൾ എങ്ങനെയാണ് കവിതയിൽ ആവിഷ്കരിച്ചിട്ടുള്ളത്? ഗോത്ര ഭാഷയിൽ നിന്നും മലയാളത്തിലേക്ക് മൊഴിമാറ്റിയപ്പോൾ എന്തെല്ലാം വ്യത്യാസങ്ങളാണ് വന്നിട്ടുള്ളത്? ഒരേ അർഥതലമുള്ള പദങ്ങൾ രണ്ടുഭാഷയിൽ നിന്നും കണ്ടെത്തി പട്ടികപ്പെടുത്തുക. ഇതര ഗോത്രഭാഷാപദങ്ങൾ ശേഖരിച്ച് സമാനാർഥമുള്ള മലയാളപദങ്ങൾ കണ്ടെത്തുമല്ലോ?

*നടക്കാൻ തീരുമാനിച്ചാൽ*
*കാലുകളെ വിശ്വസിക്കണം*
*പറക്കാൻ തീരുമാനിച്ചാൽ*
*ചിറകുകളെ വിശ്വസിക്കണം*
*ജീവിക്കാൻ തീരുമാനിച്ചാൽ...?*

# ബ്രേക്കിങ് ന്യൂസ്

ജയിലിൽനിന്നു ഞങ്ങൾ പുറത്തുകടന്നത് ക്യാമറയുടെ ലെൻസിലേക്കാണ്. ഞാനും അച്ഛനും ഇറങ്ങിച്ചെല്ലുന്നതു ഷൂട്ട്ചെയ്യാൻ സഞ്ജീവ് കുമാറിന്റെ ക്യാമറാമാൻ തക്കംപാർത്തിരിക്കുകയായിരുന്നു. സഞ്ജീവ് കുമാർ മിത്ര പോക്കറ്റിൽനിന്ന് ഒരു പൗഡർ ചെപ്പെടുത്ത് അതിലെ കണ്ണാടിയിൽ നോക്കി പൗഡർ തേച്ച്, മുഖം മിനുക്കി ചീപ്പെടുത്തു മുടി ചീകി ക്യാമറാമാന്റെ കൈയിൽനിന്നു മൈക്കെടുത്ത് സംസാരിക്കാൻ ആരംഭിച്ചു:

"അങ്ങനെ ലോകത്താദ്യമായി ഒരു സ്ത്രീ ആരാച്ചാർ തസ്തികയിൽ നിയമിതയായിരിക്കുകയാണ്. ബംഗാളിലെ പ്രശസ്ത ആരാച്ചാർ ഫണിഭൂഷൺ ഗൃദ്ധാ മല്ലിക്കിന്റെ എല്ലാ ഡിമാൻഡുകളും അംഗീകരിച്ചുകൊണ്ട് സർക്കാർ മല്ലിക്കിന്റെ മകൾ ചേതനാ ഗൃദ്ധാ മല്ലിക്കിനെ ആരാച്ചാർ തസ്തികയിൽ നിയമിച്ചുകഴിഞ്ഞു. നിയമന ഉത്തരവ് കൈപ്പറ്റിയ ചേതന ഗൃദ്ധാ മല്ലിക് ജയിൽ ഐ.ജിയെയും ആലിപ്പൂർ കറക്ഷനൽ ഹോം സൂപ്രണ്ടിനെയും സന്ദർശിക്കുകയും തൂക്കിക്കൊലയുടെ തയ്യാറെടുപ്പുകളുടെ ആദ്യഘട്ടം പൂർത്തിയാക്കുകയും ചെയ്തു. ജയിലിൽനിന്നു ചേതനയും പിതാവും പുറത്തുകടക്കുന്ന ദൃശ്യങ്ങളാണ് നിങ്ങളിപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. ചേതന ഗൃദ്ധാ മല്ലിക് ഉയർന്ന മാർക്കോടെ പ്ലസ് ടൂ പാസ്സായിട്ടുണ്ട്. ചേതനാ ദീ, സി.എൻ.സിയിലേക്കു സ്വാഗതം, എന്തു പറയുന്നു. പുതിയ ജോലിയെപ്പറ്റി? ആരാച്ചാരായി ജോലി ചെയ്യാൻ പേടി തോന്നുന്നുണ്ടോ?"





സഞ്ജീവ് കുമാർ ഓർക്കാപ്പുറത്ത് എന്നോടു ചോദിച്ചു.

"ഞങ്ങൾ ഗ്രദ്ധാമല്ലിക്കുമാർക്കു പേടിയെന്താണെന്ന് അറിയില്ല..."

ഞാൻ ആലോചിക്കാതെ വേഗം ഉത്തരം പറഞ്ഞു. അച്ഛൻ അതുകേട്ടു വിടർന്നുചിരിച്ചു.

"ജോലി കിട്ടിയതിൽ സന്തോഷമുണ്ടോ?"

"ഇതു മുഴുവൻ ലോകത്തെയും സ്ത്രീകൾക്ക് അഭിമാനിക്കാവുന്ന നിമിഷമാണ്..."

"നിങ്ങൾ ആരാച്ചാരായാൽ മുഴുവൻ സ്ത്രീകൾക്കും അഭിമാനിക്കാൻ സാധിക്കുമെന്നു പറയുന്നതിന് അടിസ്ഥാനമുണ്ടോ?"

"സ്ത്രീകൾക്കു ചെയ്യാൻ സാധിക്കാത്ത ജോലി യൊന്നുമില്ലെന്ന് ഇതോടെ തെളിയിക്കപ്പെടും...."

"നിങ്ങളൊരു ഫെമിനിസ്റ്റാണോ?"

"എനിക്കറിഞ്ഞുകൂടാ.. താങ്കൾക്കെന്തു തോന്നുന്നു?"

ആ ഉത്തരം അയാൾ പ്രതീക്ഷിച്ചിരുന്നില്ല.

"താനൊരു ഫെമിനിസ്റ്റാണോ എന്ന ചോദ്യം നമുക്കു നേരെ ഉയർത്തിക്കൊണ്ടാണ് ചേതനാ ഗ്രദ്ധാ മല്ലിക് സംസ്ഥാനത്തിന്റെ ഔദ്യോഗിക വനിതാ ആരാച്ചാർ എന്ന ജോലി ഏറ്റെടുക്കാനൊരുങ്ങുന്നത്. ചരിത്രത്തിലാദ്യമായി വളയിട്ട കൈകളൊരുക്കുന്ന കുടുക്ക് കഴുത്തിലണിഞ്ഞ് കാലപുരി പൂകുവാനുള്ള ഭാഗ്യം അതോടെ യതീന്ദ്രനാഥ് ബാനർജിക്കു കൈവന്നിരിക്കുകയാണ്.. പ്രേക്ഷകരോട് ഒരുകാര്യം അറിയിക്കാൻ സി.എൻ.സി. ചാനലിന് അഭിമാനമുണ്ട്. യതീന്ദ്രനാഥ് ബാനർജിയുടെ തൂക്കിക്കൊല വരെയുള്ള എല്ലാ ദിവസങ്ങളിലും ഇനി ചേതന ഗ്രദ്ധാ മല്ലിക് സി.എൻ.സി. ചാനലിന്റെ കൂടെത്തന്നെയുണ്ടാകും. കാത്തിരിക്കുക, നാളെ ഏഴരയുടെ ബുള്ളറ്റിനിൽ യതീന്ദ്രനാഥ് ബാനർജിയെക്കുറിച്ച് പ്രത്യേക പരിപാടി. തുടർന്ന് ജൂൺ ഒന്നാം തീയതി മുതൽ എല്ലാ ദിവസവും യതീന്ദ്രനാഥ് ബാനർജിയുടെ തൂക്കിക്കൊല സംബന്ധിച്ച ഒരുക്കങ്ങളെക്കുറിച്ച് മുഖ്യ ആരാച്ചാരുടെ സഹായിയായി നിയമിതയായ ചേതന ഗ്രദ്ധാ മല്ലിക് അന്നന്നുള്ള പുതിയ വിവരങ്ങൾ നൽകും. ഓർക്കുക, ചേതന ഗ്രദ്ധാമല്ലിക് നിങ്ങളുടെ സി.എൻ.സി. ചാനലിൽ മാത്രം. ആലിപ്പൂർ കറക്ഷനൽ ഹോമിനു മുമ്പിൽനിന്ന് ക്യാമറാമാൻ അതുൽ കിഷൻ ചന്ദ്രയോടൊപ്പം സഞ്ജീവ് കുമാർ മിത്ര..."

**ആരാച്ചാർ** — **കെ.ആർ.മീര**

## പ്രതികരിക്കാം

"ലോകത്തിൽ ആദ്യമായി ഒരു പെൺകുട്ടി ആരാച്ചാരുടെ തസ്തികയിൽ നിയമിതയായിരിക്കുന്നു. ഇത് എല്ലാ സ്ത്രീകൾക്കും അഭിമാനിക്കാവുന്ന നിമിഷമാണ്." ഈ പ്രസ്താവനയോട് പ്രതികരിക്കുക.

## ചർച്ച

യതീന്ദ്രനാഥ്ബാനർജിയെ തൂക്കിലേറ്റിയതോടെ ലോകത്തെ ആദ്യവനിതാ ആരാച്ചാരായിത്തീരുന്നു ചേതനാ ഗൃദ്ധാ മല്ലിക്. കുറ്റവാളികളെ തൂക്കിലേറ്റുക എന്ന ശിക്ഷാരീതി പരിഷ്കൃത സമൂഹത്തിന് യോജിച്ചതാണോ? നിങ്ങളുടെ അഭിപ്രായം എന്താണ്? ക്ലാസിൽ പൊതുവായി ചർച്ചചെയ്യൂ.

## വിലയിരുത്തൽ കുറിപ്പ്

വാർത്തകൾ സൃഷ്ടിച്ച് റേറ്റിങ് കൂട്ടുന്നതിനായി മാധ്യമങ്ങൾ നടത്തുന്ന ശ്രമങ്ങളെ നോവൽ ഭാഗത്ത് എങ്ങനെയാണ് അവതരിപ്പിച്ചിരിക്കുന്നത്? വിമർശനാത്മകമായി വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

## തത്സമയ വാർത്ത

തത്സമയ വാർത്തയുടെ സവിശേഷതകൾ എന്തെല്ലാം? ചർച്ചചെയ്യുക. നിങ്ങളുടെ അഭിപ്രായം പങ്കുവയ്ക്കുക.

- ആശയസമഗ്രത
- ആകർഷകവും ചടുലവുമായ അവതരണം
- 

നിങ്ങളുടെ സ്കൂളിലെ കലോത്സവം, കായികോത്സവം എന്നിവ തത്സമയ വാർത്തയായി അവതരിപ്പിക്കുക. ഗ്രൂപ്പ് അടിസ്ഥാനത്തിൽ മത്സരമായും സംഘടിപ്പിക്കുമല്ലോ.

## വാർത്താഭേദങ്ങൾ

ചേതന ഗൃദ്ധാ മല്ലിക്കിനെ ആരാച്ചാരായി നിയമിച്ച ദിവസത്തെ സംഭവങ്ങൾ വിവിധ മാധ്യമങ്ങളിൽ വാർത്തയായി വന്നാൽ എങ്ങനെയായിരിക്കും? സംഘങ്ങളായി തിരിഞ്ഞ് അവതരിപ്പിക്കൂ

- പത്രം
- ടെലിവിഷൻ
- റേഡിയോ
- സമൂഹമാധ്യമങ്ങൾ

ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുമല്ലോ.

*ആയുധങ്ങൾക്ക് തോൽപ്പിക്കാനാവാത്ത ആത്മബലം*
*ജീവിതത്തിന്റെ അക്ഷരത്തിളക്കം*

# സ്വപ്നച്ചിറകിൽ

പ്രിയപ്പെട്ട കൂട്ടുകാരേ, ഈ മലാലാദിനം എന്റെ ദിനമല്ല, ലോകത്ത് അവകാശങ്ങൾക്കായി ശബ്ദമുയർത്തിയ എല്ലാ സ്ത്രീകളുടെയും എല്ലാ കുട്ടികളുടെയും ദിവസമാണ് ഇന്ന്.

സമാധാനവും വിദ്യാഭ്യാസവും സമത്വവും നമ്മുടെയെല്ലാവരുടെയും അവകാശമാണ്. അത് നേടിയെടുക്കാൻ വേണ്ടി പോരാടുന്ന ഒരുപാട് പേരുണ്ട്, ലോകമാകെ. ഞാൻ അവരിൽ ഒരാൾ മാത്രമാണ്. ഞാൻ സംസാരിക്കുന്നത് എനിക്കുവേണ്ടിമാത്രമല്ല, എന്നെപ്പോലെ ആക്രമിക്കപ്പെട്ട, എന്നാൽ അതിനെതിരേ ശബ്ദിക്കാൻ കഴിയാത്ത ആയിരങ്ങൾക്ക് വേണ്ടിയാണ്. സമാധാനത്തോടെയും ആത്മാഭിമാനത്തോടെയുമുള്ള ജീവിതവും വിദ്യാഭ്യാസവും സമനീതിയും അവർക്കും അർഹതപ്പെട്ടതാണ്. ആ അവകാശങ്ങൾക്ക് വേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്.

പ്രിയ കൂട്ടുകാരേ, 2012 ഒക്ടോബർ ഒമ്പതിന് താലിബാൻ സൈനികർ എന്റെ ശിരസ്സിലേക്ക് വെടിയുതിർത്തു. എന്റെ കൂട്ടുകാരെയും അവർ വെടിവെച്ചു. വെടിയുണ്ടകൾ ഞങ്ങളെ നിശബ്ദരാക്കുമെന്ന് അവർ കരുതിയിട്ടുണ്ടാവണം. പക്ഷേ അവർ പരാജയപ്പെട്ടു. നിശബ്ദതയല്ല, ആയിരം ശബ്ദങ്ങളാണ് ആ ദിനത്തിൽ ഉയിർത്തുവന്നത്. വെടിയുണ്ടകളിലൂടെ എന്റെ ലക്ഷ്യത്തിൽ നിന്ന് എന്നെ പിന്തിരിപ്പിക്കാമെന്നും സ്വപ്നങ്ങൾ തകർത്തുകളയാമെന്നും അവർ കരുതി. അവർക്കു തെറ്റി. എന്റെ ജീവിതത്തിൽ ഉണ്ടായ ഒരേയൊരു മാറ്റം ഇതാണ്- ഭയത്തിനും നിരാശയ്ക്കും പകരം ആത്മവിശ്വാസവും ധൈര്യവും കരുത്തും എന്നിൽ തളിർത്തിരിക്കുന്നു. അതെ, ഞാൻ പഴയ അതേ മലാലയാണ്. എന്റെ സ്വപ്നങ്ങൾ മുമ്പത്തേത് തന്നെയാണ്.

ലോകത്തെ നയിക്കുന്നവരോട് ഞങ്ങൾക്ക് പറയാനുള്ളത് ഇതാണ്- നിങ്ങളുടെ മുൻഗണനകൾ മാറ്റി നിർണ്ണയിക്കുക. സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടി നിങ്ങളുടെ നയങ്ങൾ തിരുത്തുക. സ്ത്രീകളുടെയും കുട്ടികളുടെയും അവകാശങ്ങളാകട്ടെ നിങ്ങളുടെ ആലോചനകളുടെ മുഖ്യവിഷയം. അത് ഉൾപ്പെടുത്താത്ത ഒന്നും ഇനി സ്വീകാര്യമല്ല.



എല്ലാ ലോകരാജ്യങ്ങളോടും ഞങ്ങൾ പറയട്ടെ, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഓരോ കുഞ്ഞിനും ഉറപ്പുവരുത്തുക. വേദനകളിലേക്കും മുറിവുകളിലേക്കും കുട്ടികളെ തള്ളിവിടുന്ന തീവ്രവാദവും അക്രമവും അവസാനിപ്പിക്കുക. ദരിദ്ര-വികസ്വര രാജ്യങ്ങളിലെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

ലോകത്തിലെ എല്ലാ മതങ്ങളോടും ഞങ്ങൾ അഭ്യർഥിക്കുന്നു, ജാതിയുടെയും വംശത്തിന്റെയും വർണ്ണത്തിന്റെയും ലിംഗഭേദത്തിന്റേതുമായ എല്ലാ വിവേചനങ്ങളും അവസാനിപ്പിക്കുക. സ്ത്രീകൾക്കും

ലഭിക്കട്ടെ, തുല്യ അവസരവും തുല്യനീതിയും. കൂട്ടുകാരേ, ഓരോ കുഞ്ഞിനും തിളക്കമുള്ള ജീവിതത്തിന് അവകാശമുണ്ട്. അതിന് സ്കൂളുകളും വിദ്യാഭ്യാസവും വേണം. അറിവും സമാധാനവും വേണം. നമ്മുടെ അവകാശങ്ങൾക്ക് വേണ്ടി ഒരുമിച്ചുനിന്ന് ശബ്ദമുയർത്താം.

നമ്മുടെ വാക്കുകളുടെ ശക്തിയിൽ വിശ്വാസമർപ്പിക്കാം. ഒരുമിച്ചുള്ള നമ്മുടെ ശബ്ദം ലോകത്തെ മാറ്റിമറിക്കും. അറിവുകൊണ്ട് നമുക്ക് സ്വയം സജ്ജമാക്കാം. സ്നേഹത്തിലും ഐക്യത്തിലും ഒന്നാവാം. നമ്മളെ തടയാൻ ആർക്കുമാവില്ല.

മലാല താഴ്‌വരയിലെ ഗുൽമക്കായി (മലാല യൂസഫ് സായിയുടെ പ്രസംഗഭാഗം)

വിവർത്തനം: ഡോ.ശുഭ

### അഭിപ്രായം പറയാം

മലാലയുടെ പ്രസംഗം വായിച്ചുവല്ലോ. മലാല ലോകത്തോട് പറയാൻ ശ്രമിക്കുന്ന പ്രധാന ആശയങ്ങൾ വ്യക്തിഗതമായി ക്ലാസിൽ അവതരിപ്പിക്കൂ.

### പ്രഭാഷണം തയ്യാറാക്കാം

കുട്ടികൾക്ക്, വിശേഷിച്ച് പെൺകുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കണമെന്ന് മലാല ചെറുപ്രായത്തിൽ തന്നെ ചിന്തിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തിന്റെ ശക്തി നിങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടോ? സ്ത്രീകളുടെ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് വനിതാദിനത്തിൽ നടത്താനായി ഒരു പ്രഭാഷണം തയ്യാറാക്കുക.

### പാനൽചർച്ച

സ്വപ്നച്ചിറകിൽ, ബ്രേക്കിങ് ന്യൂസ് എന്നീ പാഠങ്ങളെ ആസ്പദമാക്കി 'സ്ത്രീമുന്നേറ്റത്തിലെ പ്രതിബന്ധങ്ങൾ' എന്ന വിഷയത്തിൽ പാനൽചർച്ച സംഘടിപ്പിക്കുക.

### ആൽബം തയ്യാറാക്കാം

സ്വാതന്ത്ര്യം, ജനാധിപത്യം എന്നിവയുമായി ബന്ധപ്പെട്ട മഹദ്‌വചനങ്ങൾ ശേഖരിക്കുക. അവയുമായി ബന്ധപ്പെട്ട മഹാന്മാരുടെ ചിത്രങ്ങൾ കൂടി ഉൾപ്പെടുത്തി ഒരു ആൽബം തയ്യാറാക്കുക.

### ശില്പശാല

പ്രസംഗകലയിൽ നിങ്ങൾക്ക് പ്രാവീണ്യം നേടുന്നതിനുവേണ്ടി ഭാഷാക്ലബ്ബുമായി ചേർന്ന് ഒരു പ്രസംഗപഠന ശില്പശാല സംഘടിപ്പിക്കുക. ഇതിനായി എന്തെല്ലാം തയ്യാറെടുപ്പുകളാണ് നടത്തേണ്ടത്? ചർച്ചചെയ്തു തീരുമാനിക്കൂ.

- സ്ഥലവും തീയതിയും നിശ്ചയിക്കൽ.
- പരിശീലകരെ കണ്ടെത്തൽ.
- സാമൂഹികപ്രസക്തിയുള്ള വിഷയങ്ങൾ കണ്ടെത്തൽ/വിവരശേഖരണം.
- ശില്പശാലയുടെ ഉള്ളടക്കം നിശ്ചയിക്കൽ, ആസൂത്രണം.
- പരസ്യം നോട്ടീസ്, പോസ്റ്റർ, അനൗൺസ്മെന്റ്.
- പങ്കാളിത്തം ഉറപ്പാക്കൽ.

4

# മൊഴിമുത്തുകൾ



തുഞ്ചൻപറമ്പിലെ തത്തേ വരൂ;
പഞ്ചവർണ്ണക്കിളിത്തത്തേ
കുഞ്ചന്റെ കച്ചമണികൾക്കൊത്ത്
കൊഞ്ചിക്കുഴഞ്ഞൊരു തത്തേ
വീണപൂവിൻ കഥപാടി മണി-
വീണകൾ മീട്ടിയ തത്തേ
സങ്കല്പസംഗീതസ്വർഗം തീർത്ത
ചങ്ങമ്പുഴയുടെ തത്തേ
ഇക്കളിത്തട്ടിലിരിക്കാം പോരൂ,
ഇത്തിരിനേരമെൻ തത്തേ....

**ഒ.എൻ.വി.കുറുപ്പ്**

വരികൾ ഒറ്റയ്ക്കും സംഘമായും ആലപിക്കൂ...
ഗാനത്തിൽ പരാമർശിക്കുന്ന കവികളെയും കാവ്യങ്ങളെയും കുറിച്ച് നിങ്ങൾക്കെന്തെല്ലാം അറിയാം? പറയൂ.

*മണ്ണിൽ കനവ് വിരിഞ്ഞിടാൻ...*
*മഴവില്ലഴക് പൊഴിഞ്ഞിടാൻ...*
*വാക്കിൻപൊരുളേ, നീ പോരൂ...*

# മൊഴിയഴക്

## ബാലലീല



ഓമനപ്പൈതൽ താനോരോരോ ലീലകൾ
തൂമകലർന്നങ്ങു കാട്ടിക്കാട്ടി
ആനായനാരിമാർ മാനസം തന്നെയ-
ങ്ങാകുലമാക്കിനാൻ മെല്ലെ മെല്ലെ.
അച്ഛനെപ്പോലെയുടുക്കുന്നേനെന്നിട്ടു
നൽച്ചേല കൊണ്ടങ്ങുടുക്കും നന്നായ്
മാനിച്ചു നിന്നച്ഛൻ കുമ്പിട്ടനേരത്ത-
ങ്ങാന കളിക്കും മുതുകിലേറി
തേവാരിക്കേണമിന്നിച്ഛയെനിക്കു നീ
പൂവെല്ലാം കൊണ്ടത്തായെന്നു ചൊല്ലും
അച്ഛനും താനുമായിച്ഛയിലങ്ങനെ
നിച്ചലുംനിന്നു പടകളിക്കും.

**കൃഷ്ണഗാഥ** — **ചെറുശ്ശേരി**



## പൗർണ്ണമി

ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം.
ഒരു പുഞ്ചിരി ഞാൻ മറ്റു-
ള്ളവർക്കായ്ച്ചെലവാക്കവേ
ഹൃദയത്തിലുലാവുന്നു
നിത്യനിർമ്മലപൗർണ്ണമി

**ഇരുപതാംനൂറ്റാണ്ടിന്റെ ഇതിഹാസം - അക്കിത്തം**

## നിമിഷം

ജീവിതത്തിൻ പഴംപൂക്കൾ കൊഴിഞ്ഞാലെ-
ന്തീ വിധമുള്ള ചിറകടിയാൽ?
നൂറുനൂറായിരമല്ലോ പരിണാമ-
നൂതനഭംഗികൾ മൊട്ടിടുന്നൂ!
അംബരമധ്യം തിളക്കുന്നൊരാദിത്യ-
ബിംബവും കെട്ടുപോമെങ്കിലാട്ടെ;
അക്കരിയൂതിപ്പിടിപ്പിച്ചു മറ്റൊരു
തീക്കട്ടയുണ്ടാക്കും സർഗശക്തി!
ചൂടും വെളിച്ചവും പിന്നെയും പിന്നെയും
നേടി വിടർന്നിടും ജീവിതങ്ങൾ.

**നിമിഷം** **ജി.ശങ്കരക്കുറുപ്പ്**



## പ്രലോഭനം



വയലുകൾക്കപ്പുറം വാകപൂത്ത
വഴിയിലൂടന്തി മറഞ്ഞുപോയി.
ചിറകുകുടയുന്നു തെന്ന,ലാറ്റിൻ
കരയിലെ വെള്ളിലത്തോപ്പിനുള്ളിൽ.
ഇരുളിനെക്കാത്തുകിടക്കുമാലിൻ
കരിനിഴലറിയാതുറക്കമായി.
കരളോർക്കുമേതോ പുരാണശോക-
കഥപോലിശ്ശ്യാമളഭൂമി കാണ്മൂ.
ഒരു നറുകണ്ണാന്തളിമലർപോൽ
വിരിയുമീസ്സാന്ധ്യനിശ്ശബ്ദതയിൽ
പഥികർ കാണാതെ കടന്നുപോവും
പെരുവഴിത്തിരിവിലെ വിഗ്രഹംപോൽ
മരുവുമെന്നാത്മാവുതന്നെയാരോ
പുരുമോദമാർന്നു വിളിച്ചിടുന്നു.

**ശ്യാമസുന്ദരി** **ആർ. രാമചന്ദ്രൻ**

### കാവ്യാലാപനസദസ്സ്

മുകളിൽ കൊടുത്ത കാവ്യഭാഗങ്ങൾ വായിച്ചുനോക്കൂ. തുടർന്ന് സംഘങ്ങളായി ഈണം കണ്ടെത്തി കാവ്യാലാപനസദസ്സ് നടത്തുക. കവിതകൾ ഗ്രൂപ്പിൽ വിശകലനം ചെയ്ത് കണ്ടെത്തിയ കാര്യങ്ങൾ അവതരിപ്പിക്കുകയും ചെയ്യുക.

### അറിയാം പറയാം

ബാലലീലകളെ കവി അവതരിപ്പിച്ചത് ആകർഷകമായി തോന്നിയോ? എന്തുകൊണ്ട്?

### താരതമ്യക്കുറിപ്പ്

'ഒരു കണ്ണീർക്കണം മറ്റു-
ള്ളവർക്കായ് ഞാൻ പൊഴിക്കവേ
ഉദിക്കയാണെന്നാത്മാവി-
ലായിരം സൗരമണ്ഡലം'

**അക്കിത്തം**

'എന്റെ കൈയിലെയോടത്തിൽ
എണ്ണ നിന്നുതുളുമ്പവേ
എണ്ണവറ്റിക്കെടാൻ പാടി-
ല്ലൊരു കൈത്തിരിനാളവും!'

**പ്രഭാവർമ്മ**

തന്നിരിക്കുന്ന കവിതകളിലെ ആശയം താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

### ചർച്ചാകുറിപ്പ്

'ഒരു പുഞ്ചിരി ഞാൻ മറ്റു-
ള്ളവർക്കായ്
ചെലവാക്കവേ
ഹൃദയത്തിലുലാവുന്നൂ
നിത്യനിർമ്മലപൗർണ്ണമി'

പുഞ്ചിരി പൗർണ്ണമിയായി മാറുന്നതിന്റെ പൊരുൾ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

### ആസ്വാദനാംശം വിശദമാക്കാം

'അക്കരിയൂതിപ്പിടിപ്പിച്ചു മറ്റൊരു
തീക്കട്ടയുണ്ടാക്കും സർഗശക്തി!
ചൂടും വെളിച്ചവും പിന്നെയും പിന്നെയും
നേടി വിടർന്നിടും ജീവിതങ്ങൾ'

നിമിഷം എന്ന കവിതയിലെ വരികൾ ചിലതൊക്കെ പറയാതെ പറയുന്നില്ലേ? ഇത്തരം ആഖ്യാനം കവിതയെ എങ്ങനെയെല്ലാം സുന്ദരമാക്കുന്നു? കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി ആസ്വാദനാംശം വിശദമാക്കൂ.

## ആവിഷ്കാരഭംഗി കണ്ടെത്താം

പ്രകൃതിസൗന്ദര്യത്തെ എത്രമേൽ മനോഹരമായി ആവിഷ്കരിക്കാം എന്നതിന് ഉദാഹരണമാണ് ആർ. രാമചന്ദ്രന്റെ 'പ്രലോഭനം' എന്ന കവിത.

ചില വരികൾ നോക്കാം

*'വയലുകൾക്കപ്പുറം വാകപൂത്ത*
*വഴിയിലൂടന്തി മറഞ്ഞുപോയി'*

കൂടുതൽ വരികൾ കണ്ടെത്തി സംഘമായി ചർച്ചചെയ്യുക. നിങ്ങളുടെ കണ്ടെത്തലുകൾ ഒരു കുറിപ്പായി അവതരിപ്പിക്കുക.

## കാവ്യഭാഷയുടെ സവിശേഷതകൾ

- "നിറന്ന പീലികൾ നിരക്കവേകുത്തി
  നെറുകയിൽ കൂട്ടി തിറമോടുകെട്ടി
  കരിമുകിലൊത്ത ചികുരഭാരവും
  മണികൾ മിന്നിടും മണിക്കിരീടവും!"

എഴുത്തച്ഛന്റെ ഈ വരികൾ വായിച്ചല്ലോ. വരികളെ ആകർഷകമാക്കുന്ന ചില സവിശേഷതകൾ നോക്കൂ.

- അക്ഷരങ്ങൾ ആവർത്തിച്ചു വരുമ്പോഴുള്ള ഭംഗി
- പദങ്ങളുടെ ഒഴുക്ക്
- 
- 

പാഠഭാഗങ്ങളിൽ നിന്ന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി, വിശകലനം ചെയ്ത്, കാവ്യഭാഷയുടെ മറ്റു സവിശേഷതകൾ കൂടി ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

*ആഴിയിൽ തിരപോലെ*
*മൊഴിയിൽ പൊരുൾ നിറയുമ്പോൾ*
*ആഴമേറുന്നു, അഴകേറുന്നു*
*മൊഴിയാഴമായി മാറുന്നു...*

# മൊഴിയാഴം

## നിളാതീരത്ത്



"നാലുപാടും നീലമേലാപ്പുകെട്ടിയ അനന്ത ചക്രവാളം. മേഘമാലകൾക്ക് എത്തിപ്പിടിക്കാൻ കഴിയാത്ത അഗാധനീലിമ. കണ്ണെത്താത്ത സൗന്ദര്യസരസ്സിന് കരിങ്കൽ പടവുകൾ തീർത്ത മലനിരകൾ. കിഴക്കും തെക്കും പടിഞ്ഞാറും വടക്കും ഇതൾവിരിഞ്ഞ ഗിരിനിരകളുടെ നീലത്താമരത്തടാകങ്ങൾ. കിനാവുകളുടെ അനന്ത സാമ്രാജ്യം. നേർത്ത മൂടൽമഞ്ഞിന്റെ മൂടുപടം.

അറ്റംപെടാത്ത മനോരാജ്യങ്ങളുടെ പരന്ന കരിമ്പാറക്കുന്നുകൾ. ഉറക്കക്ഷീണം പിടിപെട്ട കുപ്പിവളയിട്ട ചടച്ച പാടങ്ങൾ. പച്ചപാതി തുടച്ച തോട്ടങ്ങൾ. പാളിനോക്കുന്ന ഗ്രാമീണഭവനങ്ങൾ. നാടോടിപ്പാട്ടുപാടി വയലേലകൾക്കിടയിൽകൂടി പാദസരമിട്ട് ഭർതൃഗൃഹത്തിലേക്ക് പോകുന്ന ഭാരതപ്പുഴ."

**കവിയുടെ കാല്പാടുകൾ** — **പി. കുഞ്ഞിരാമൻനായർ**

# കൂമൻകാവ്

അരയാലിലകളിൽ ഒരു പതിഞ്ഞ കാറ്റുവീശി. തലതിരിച്ചിലിന് ഇത്തിരി ആക്കം തോന്നി. ബസ്സിന്റെ തട്ടിൽനിന്ന് പെട്ടിയും കിടക്കയും ഇറക്കിക്കഴിഞ്ഞിരുന്നു. ഹോൾഡോളിന്റെ പുറത്തു പതിഞ്ഞിരുന്ന അഴുക്കുപാടുകളിലേക്ക് രവി നോക്കി. അതൊക്കെ സോഡാപ്പൊടിയും ചൂടുവെള്ളവുമൊഴിച്ചു കഴുകിക്കളയണമെന്നോ മറ്റോ അയാൾ നിശ്ചയിച്ചു. സുഖാലസ്യത്തിന്റെ ചുഴിയിൽ പതുക്കെ കറങ്ങിത്തിരിയുന്ന മനസ്സിനെ നിലയ്ക്കുനിർത്താനെന്നോണം രവി ആ അഴുക്കുപാടുകളിൽ ശ്രദ്ധചെലുത്താൻ ശ്രമിച്ചു.



"ഞെതങ്ങ്ണ്ടാണ്?" ചുമട്ടു കാരൻ ചോദിച്ചു. "ഇനി" രവി പറഞ്ഞു. അരയാലിലകളിൽ കാറ്റുവീശി "ഖസാക്കിലിയ്ക്ക്," രവി പറഞ്ഞു. ഏറുമാടങ്ങളിൽ ഒന്ന് സർവത്തുപീടികയായിരുന്നു. "രണ്ടു സർവത്ത്," രവി പറഞ്ഞു. "ഹായ്! ഞമ്മക്ക് വേണ്ടാ," ചുമട്ടുകാരൻ ഭംഗിവാക്കുപറഞ്ഞു. "കഴിയ്ക്ക്യാ, കാർണോരെ," രവി ധൈര്യപ്പെടുത്തി. "ഇനി ബടന്നങ്ങട് ഇശ്ശി നടക്കണ്ടേ?" വേവട പിടിപ്പിച്ച നരകപടത്തിനു മുമ്പിലിരുന്നുകൊണ്ട് പീടികക്കാരൻ ഗ്ലാസ്സുകൾ കലത്തിൽ മുക്കി കഴുകിവച്ച് നന്നാരിസർവത്തിന്റെ കുപ്പിതുറന്നു.

"ഷോട വേണോ?"

"വേണ്ട. ഐസ്ണ്ടോ?"

"ഐശില്ല. പക്ഷെ, വെള്ളം ഐശ്‌ലം തണ്പ്പാണൂ."

ഒരു കവിൾ കുടിച്ചുനോക്കിയപ്പോൾ, നേരാണ്, പുതുമഴയുടെ ചുവയുള്ള വെള്ളം. അവിടെ ഒരു ബെഞ്ചിലിരുന്നുകൊണ്ട് രവി കൂമൻകാവിന്റെ ചിത്രമുൾക്കൊള്ളാൻ ശ്രമിച്ചു. നിലത്തറഞ്ഞ തേക്കിൻകുറ്റികളിൽ കേറ്റിനിർത്തീട്ടുള്ള നാലഞ്ച് ഏറുമാടങ്ങളായിരുന്നു കൂമൻകാവങ്ങാടി. പാതയവസാനിയ്ക്കുന്നേടം ചെറിയൊരു മൈതാനമായിരുന്നു. അതിനു ചുറ്റുമാണ് ഏറുമാടങ്ങൾ കിടന്നത്. അവയുടെ പുറകിൽ തുവരക്കാടുകളിലും വാഴക്കൂട്ടങ്ങളിലും നഷ്ടപ്പെട്ട കുടിലുകൾ. അവയ്ക്കെല്ലാം മുകളിൽ ബലിഷ്ഠകായന്മാരായ മുത്തച്ഛന്മാരെപ്പോലെ പടർന്നുനിന്ന മാവുകൾ. നീലഞരമ്പോടിയ പരന്നതണലുകൾ.

**ഖസാക്കിന്റെ ഇതിഹാസം** — **ഒ.വി.വിജയൻ**

# ഓർമ്മയിലെ തീനാളങ്ങൾ

ദശരഥൻ : (കൗസല്യയുടെ ആ കൈപിടിച്ച് മുഖം അമർത്തുന്നു. ക്രമേണ തലപൊക്കി) ദേവീ, ഇപ്പോൾ ആ ചിത്രം ഓർമ്മയിൽ തെളിഞ്ഞു. നീഹാരക്കോടിയിട്ട സരയൂതടം. നാലാം യാമത്തിൽ ചിലയ്ക്കുന്ന കിളികൾ ഉണർന്നുകഴിഞ്ഞു. ഞാൻ പുൽത്തറയിൽ ഉറങ്ങുകയായിരുന്നു. ആന തുമ്പിക്കൈയിൽ വെള്ളം കോരുന്ന ശബ്ദം കേട്ട് പെട്ടെന്നുണർന്നു. വില്ലുകുലച്ച് ശബ്ദത്തിന്റെ ലാക്കുനോക്കി എയ്തു. കഷ്ടം! ആ നിലവിളി ഞാൻ ഇപ്പോഴും കേൾക്കുന്നു. ആ കൂരിരുട്ടിൽ ഞാൻ അവിടെ പാഞ്ഞെത്തി. ദേവീ!... ആ കുമാരന്റെ ചോര വാർന്നൊലിക്കുന്ന മൃദുശരീരം ഞാൻ ഇപ്പോഴും വ്യക്തമായി കാണുന്നു.... 'ഞാൻ അങ്ങയോട് എന്ത് ദ്രോഹം ചെയ്തു?' എന്ന് കുമാരൻ ചോദിച്ചു. അച്ഛനമ്മമാർക്ക് ദാഹജലം നൽകാൻ കുടവുമായി പുഴയ്ക്കരികിൽ വന്നതാണ്. ഞാൻ കേണുവീണ് മാപ്പിരന്നു. പിന്നീട് കുമാരൻ പറഞ്ഞ വഴി നടന്ന് ആശ്രമത്തിലെത്തി. ആ വൃദ്ധദമ്പതികൾ ദാഹിച്ചുവലഞ്ഞ് മകനെ കാത്തിരിക്കുകയാണ്. ഇരുവർക്കും കണ്ണുകാണാൻ പാടില്ല. കാലടിശബ്ദം കേട്ട് അവർ ചോദിച്ചു. 'എന്ത് മകനേ വൈകാൻ? അച്ഛനമ്മമാർക്ക് നീയല്ലാതാരുണ്ട്...? ഞങ്ങൾ ദാഹിച്ചു വലഞ്ഞുവല്ലോ, വെള്ളത്തിൽ കളിച്ചു നീ സമയം പാഴാക്കി അല്ലേ?...' സംഭവിച്ചതെല്ലാം ഞാൻ തപസ്വികളെ അറിയിച്ചു. ഉടൻ മകന്റെ അരികിൽ കൊണ്ടുചെന്നാക്കണമെന്ന് അവർ ആവശ്യപ്പെട്ടു. അവിടെ ഇരുവരും മകന്റെ മൃതശരീരത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞു. ഒടുവിൽ മുനിയുടെ നിയോഗപ്രകാരം ഞാൻ ചിതകൂട്ടി. മകനെ തീയിൽവച്ചശേഷം അച്ഛനുമമ്മയും ഒരുമിച്ച് ചിതയിൽ പ്രവേശിച്ചു. ശരീരത്തിൽ തീ കത്തിപ്പിടിക്കുമ്പോൾ മുനി ഇപ്രകാരം അരുളിച്ചെയ്തു. "നീ അറിയാതെ ചെയ്ത പാപമാകയാൽ നിനക്ക് വലിയ വിപത്തുണ്ടാകയില്ല. പക്ഷേ, നീയും പുത്രശോകത്താൽ മരിക്കും..." ദേവീ!... ആ സ്ഫുടമായ വാക്യങ്ങൾ ഞാൻ ഇപ്പോഴും കേൾക്കുന്നു... ആ പൊട്ടിത്തെറിക്കുന്ന തീനാളങ്ങൾ എനിക്ക് വ്യക്തമായികാണാം. ആ മുഹൂർത്തം അടുത്തുകഴിഞ്ഞു... ഇനി ഒരു രക്ഷാമാർഗവുമില്ല. ആ തീനാളങ്ങൾ ഇനി എന്നെ വിഴുങ്ങാൻ താമസമില്ല.

**സാകേതം** **സി.എൻ.ശ്രീകണ്ഠൻനായർ**



# ഒരു തൂവലിന്റെ കഥ



കിൽമിംജാരോ പർവതനിരകളിൽ പ്രചാരമുള്ളൊരു നാടോടിക്കഥയുണ്ട്.

മരുഭൂമിയുടെ ഹൃദയഭാഗത്തിലെവിടെയോ അല്പം തെളിനീർ ഊറുന്ന ഒരു ജലാശയം. ഒരിക്കൽ, ഏതോ പ്രാകൃതഗോത്രത്തിൽപ്പെട്ട ഒരു ബാലൻ, ആ ജലാശയത്തിന് സമീപമെത്തുന്നു. ദാഹാർത്തനായ അവൻ കൈക്കുമ്പിളിൽ ജലമെടുത്ത് കുടിക്കാനൊരുങ്ങുകയാണ്. ഒരിറക്ക്, രണ്ടിറക്ക്; പൊടുന്നനെ, അവന്റെ കണ്ണഞ്ചിപ്പോയി. മഹാകാശങ്ങളിലേക്ക് അതിവേഗം പറന്നു ചെല്ലുന്ന ഒരു പദ്മരാഗപ്പക്ഷിയുടെ പൂഞ്ചിറകുകൾ അവന്റെ കൈത്തലത്തിലെ ജലാകാശത്തിൽ പ്രതിഫലിക്കുന്നു. അത്രയും ചെമപ്പാർന്ന ഒന്നുംതന്നെ അവൻ കണ്ടിരുന്നില്ലല്ലോ. ആ കാഴ്ച, ഒരു മിന്നൽപോലെ അവനിലൂടെ കടന്നുപോയിരിക്കണം. പദ്മരാഗപ്പക്ഷിയെ അന്വേഷിച്ച് പുറപ്പെടാൻ അവൻ തയ്യാറായത് അതിനാലാവണം. രാപകലുകൾ കടന്ന്; നിലാവും പൗർണ്ണമിയും കടന്ന്, ബാലൻ തിരഞ്ഞുപോയ വഴികളിലൊന്നുംതന്നെ, ആ പക്ഷിയെ കണ്ടവരാരുമില്ലായിരുന്നു.

പതുക്കെപ്പതുക്കെ, മാസങ്ങളും വർഷങ്ങളും പിന്നിട്ടു. പദ്മരാഗപ്പക്ഷിക്കുവേണ്ടിയുള്ള ആരായൽ അവസാനിച്ചില്ല. ബാല്യത്തിലെന്നോ അനുഭവപ്പെട്ട ഒരു ഒളിവെട്ടം ജീവിതത്തിന്റെ തന്നെ ദിശയായിത്തീർന്നത് അവനറിഞ്ഞില്ല. ചിരപരിചിതമായ ഒന്നിനെക്കുറിച്ചെന്നതുപോലെ ആ ബാലൻ പലരോടും ആ പക്ഷിയെവിടെയെന്ന് ചോദിക്കുമായിരുന്നു. ചെമന്ന ചിറകുകളുള്ള, ഒരു കൈത്തലത്തോളം മാത്രം പോന്ന ശരപ്പക്ഷി എവിടെയാണ് കൂടുകൂട്ടുന്നതെന്ന് പറഞ്ഞു തരാമോ?

കുറേ ചെന്നപ്പോൾ, ഒരു വൃദ്ധൻ മാത്രം മറുപടി പറയുകയുണ്ടായി, യാത്രയുടെ നിർണായക മായൊരുനിമിഷത്തിൽ, 'കുഞ്ഞേ, വടക്കൻ പർവതനിരകളിലേക്ക്, നീ വിവരിക്കുന്നതുപോലൊരു പക്ഷി പറന്നകലുന്നത് ഞാൻ മുമ്പ് കണ്ടിട്ടുണ്ട്.' കയറിച്ചെല്ലാൻ എളുപ്പമല്ലാത്ത ആ പർവത നിരകളിലേക്ക്, ബാലൻ പുറപ്പെടുകതന്നെയാണ്.

പരിക്ഷീണതകൾ തെല്ലും വകവെയ്ക്കാതെ കൈകാലുകൾ തളരുമ്പോഴൊക്കെയും ആ ചെമന്ന ചിറകുകൾ ഏതോ ഊർജസന്നിധിയായി ആ അന്വേഷിക്ക് അനുഭവപ്പെട്ടിരിക്കണം. പർവത ത്തിന്റെ മുകളിലെത്തിയപ്പോഴേക്കും ആ നാടോടി കുഴഞ്ഞുപോയി. അപ്പോഴും, നിവർത്തി പ്പിടിച്ച കൈത്തലവുമായി, അവൻ അവിടെ മറിഞ്ഞുവീണു. മൃതിയുടെ തിമിരം വീഴുന്നതിനു മുമ്പ്, ഒരിക്കൽക്കൂടി ആ ചിറകുകൾ കൺപാർത്തുകൊണ്ട്. ആ നിമിഷം, മുകളിലെവിടെ നിന്നോ ഒരു പദ്മരാഗത്തൂവൽ ആ കൈവെള്ളയിൽ പാറിവീഴുകയാണ്. നിങ്ങളുടെ കൺവെട്ട ത്തെങ്ങാനും അത്തരമൊരു ചിറകടി പ്രത്യക്ഷപ്പെട്ടിട്ടുണ്ടോ? എന്നുമെന്നും പിന്തുടർന്ന് ചെല്ലാൻ ത്വരിപ്പിക്കും വിധം?

**അടരുന്ന കക്കകൾ** **ആഷാമേനോൻ**

### ഭാവാത്മകവായന

പാഠഭാഗങ്ങൾ ഓരോരുത്തരായി ഭാവാത്മകമായി ഗ്രൂപ്പിൽ വായിച്ചവതരിപ്പിക്കുക. ഏറ്റവും മികച്ച വായന പൊതുവായി ക്ലാസിൽ അവതരിപ്പിക്കുമല്ലോ.

### പ്രതികരണക്കുറിപ്പ്

'അവിടെ ഒരു ബെഞ്ചിലിരുന്നുകൊണ്ട് രവി കൂമൻകാവിന്റെ ചിത്രമുൾക്കൊള്ളാൻ ശ്രമിച്ചു.' രവി കണ്ട കൂമൻകാവിന് എന്തെങ്കിലും പ്രത്യേകതയുള്ളതായി നിങ്ങൾക്ക് തോന്നിയോ? ഉണ്ടെങ്കിൽ അവയെന്തെല്ലാമെന്ന് കുറിക്കുക.

### വാക്യഭംഗി

നിളാതീരത്ത് എന്ന പാഠഭാഗത്ത്

- അനന്തചക്രവാളം
- ഗിരിനിരകൾ.
- കരിമ്പാറക്കുന്നുകൾ.

എന്നിവ എങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത്? ഭാഷാപരമായ എന്തെല്ലാം സവിശേ ഷതകൾ അവയിൽ കാണാനാവും? അവയുടെ പ്രത്യേകതകൾ ചർച്ചചെയ്യൂ. മറ്റു പാഠഭാഗ ങ്ങളിൽ നിന്നും ഇതുപോലുള്ള പ്രയോഗങ്ങൾ കണ്ടെത്തൂ.

### ഏകപാത്രാഭിനയം

ഓർമ്മയിലെ തീനാളങ്ങൾ എന്ന പാഠഭാഗം ഗ്രൂപ്പിൽ വായിച്ചുമനസ്സിലാക്കി ഏകപാത്രാഭിന യമായി അവതരിപ്പിക്കൂ. മികച്ചവ പൊതുവായി ക്ലാസിൽ അവതരിപ്പിക്കുകയും ചെയ്യുമല്ലോ.

### താരതമ്യക്കുറിപ്പ്

നിളാതീരത്ത്, കൂമൻകാവ്, ഒരു തൂവലിന്റെ കഥ എന്നീ പാഠഭാഗങ്ങൾ പരിചയപ്പെട്ടുവല്ലോ. യാത്രയുടെ വ്യത്യസ്ത വിവരണരീതികളാണ് ഇവയെ കൂടുതൽ ആകർഷകമാക്കുന്നത്. പാഠഭാഗങ്ങൾ വിശകലനം ചെയ്ത് അവയിലെ ഭാഷാപരമായ സവിശേഷതകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

### യാത്രാവിവരണം

നിങ്ങൾ നടത്തിയ ഒരു യാത്രയെക്കുറിച്ചുള്ള വിവരണം തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക. യാത്രയിൽ കണ്ട കാഴ്ചയുടെ വർണ്ണനകൂടി വിവരണത്തിൽ ഉൾപ്പെടുത്തുമല്ലോ.

### ഭാഷാപ്രോജക്ട്

മൊഴിമുത്തുകൾ എന്ന യൂണിറ്റിലെ പാഠഭാഗങ്ങൾ ഏതൊക്കെ സാഹിത്യപ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടതാണ്?

ബാലലീല എന്ന പാഠഭാഗം ഗാഥാപ്രസ്ഥാനവുമായി ബന്ധപ്പെട്ടതാണ്. കവിയുടെ കാൽപ്പാടുകളാവട്ടെ ആത്മകഥാപ്രസ്ഥാനത്തിൽ ഉള്ളതാണ്. നിങ്ങൾ ഇതുവരെ പഠിച്ചിട്ടുള്ള പാഠഭാഗങ്ങൾ, കൃതി, കർത്താവ്, സാഹിത്യപ്രസ്ഥാനം എന്നീ ക്രമത്തിൽ സംഘം തിരിഞ്ഞ് അന്വേഷിച്ച് കണ്ടെത്തുക. ക്ലാസിൽ ഡിജിറ്റൽ ചാർട്ട് രൂപത്തിൽ പ്രദർശിപ്പിക്കുക. ക്ലാസിന്റെയും സ്കൂളിന്റെയും വാട്സ്ആപ്പ് ഗ്രൂപ്പിൽ പങ്കുവയ്ക്കുകയും ചെയ്യുമല്ലോ.

### ചർച്ചചെയ്യാം

<u>നേർത്ത</u> മൂടൽമഞ്ഞിന്റെ മൂടുപടം.

അറ്റം പൊട്ടാത്ത മനോരാജ്യങ്ങളുടെ <u>പരന്ന</u> കരിമ്പാറക്കുന്നുകൾ.

ഉറക്കക്ഷീണം പിടിപെട്ട <u>കുപ്പിവളയിട്ട</u> പച്ചപ്പാടങ്ങൾ.

അടിവരയിട്ട പദങ്ങൾ ശ്രദ്ധിക്കുക. ഇവ തൊട്ടടുത്തുള്ള പദങ്ങളുടെ ആശയതലത്തിൽ ഉണ്ടാക്കുന്ന മാറ്റം എന്ത്? ചർച്ച ചെയ്യുക.

### അർഥത്തിൽ വന്ന മാറ്റം

- മകന്റെ മൃതശരീരത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞു.
- മകൻ മൃതശരീരത്തിൽ കെട്ടിപ്പിടിച്ചു കരഞ്ഞു.

വാക്യത്തിൽ 'ന്റെ' പ്രത്യയം ചേർത്തപ്പോൾ അർഥത്തിൽ വന്ന മാറ്റം എന്ത്? കണ്ടെത്തി എഴുതൂ.

*ലക്ഷ്യം തേടിയുള്ള യാത്രയിൽ*
*ഉറക്കത്തിൽ കിനാവായും*
*ഉണർവിൽ നിനവായും*
*തണലായും തുണയായും*
*ഒപ്പം നിന്നത് മറ്റൊന്നുമല്ല...*

# എന്റെ ഭാഷ

മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
എന്നെ തഴുകുന്ന കാറ്റാണ്
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്.
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്
ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത്
എന്റെ ഭാഷയിലാണ്
എന്റെ ഭാഷ ഞാൻ തന്നെയാണ്.

**(എം.ടി. വാസുദേവൻ നായർ രചിച്ച ഭാഷാപ്രതിജ്ഞ)**

## മുഖപ്രസംഗം

മുകളിൽ കൊടുത്തിരിക്കുന്ന ഭാഷാപ്രതിജ്ഞയിൽ മാതൃഭാഷ തനിക്കെന്തെല്ലാമെന്നാണ് എം.ടി. പറയാൻ ശ്രമിക്കുന്നത്? നിങ്ങൾ മനസ്സിലാക്കിയ കാര്യങ്ങൾ സംഘമായി ചർച്ച ചെയ്യുക. തുടർന്ന് ചർച്ചയിലെ ആശയങ്ങൾ ക്രോഡീകരിച്ച് മാതൃഭാഷാദിനത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി പ്രമുഖ പത്രത്തിലേക്ക് ഒരു മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

## പ്രസംഗം

- എത്ര സുന്ദരമെത്ര സുന്ദരമെന്റെ മലയാളം
  മുത്തുപവിഴങ്ങൾ കൊരുത്തൊരു പൊന്നുനൂൽപോലെ
  മണ്ണിൽ വീണുകുരുത്തു നെന്മണി വിത്ത് മുളപൊട്ടി
  മിന്നുമീരില വീശിടുമ്പോൾ എത്രയീരടികൾ
  മണ്ണിൽ വേർപ്പുവിതച്ചവർതൻ ഈണമായ് വന്നു
  അന്നുപാടിയ പാട്ടിലൂഞ്ഞാലാടി മലയാളം

**ഒ.എൻ.വി.**

- മറ്റുള്ളഭാഷകൾ കേവലം ധാത്രിമാർ
  മർത്യന്നു പെറ്റമ്മ തൻ ഭാഷതാൻ

**വള്ളത്തോൾ**

- അമ്പത്താറക്ഷരമല്ല
  അമ്പത്തൊന്നക്ഷരവുമല്ലെന്റെ മലയാളം
  മലയാളമെന്ന നാലക്ഷരവുമല്ല
  അമ്മ എന്ന ഒരൊറ്റക്ഷരമാണ്
  മണ്ണ് എന്ന ഒരൊറ്റക്ഷരമാണെന്റെ മലയാളം.

**കുഞ്ഞുണ്ണിമാഷ്**

മുകളിൽ കൊടുത്ത വരികളും പാഠസന്ദർഭങ്ങളും പ്രയോജനപ്പെടുത്തി 'എന്റെ ഭാഷ എന്റെ മലയാളം' എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കി അവതരിപ്പിക്കുക.

ചുവടെ കൊടുത്ത സൂചനകളുടെ സഹായത്തോടെ മെച്ചപ്പെടുത്തി മാതൃഭാഷാദിനത്തിൽ അവതരിപ്പിക്കുമല്ലോ.

- അഭിസംബോധന
- ആകർഷകമായ തുടക്കം
- പ്രസംഗം
- ഉപസംഹാരവാചകം
- ആശയസമഗ്രത
- ഉചിതപദങ്ങൾ, പ്രയോഗങ്ങൾ, ഉദ്ധരണികൾ
-
-

➤ അവതരണത്തിൽ എന്തെല്ലാം ശ്രദ്ധിക്കാം

- ശബ്ദനിയന്ത്രണം
- ആശയവ്യക്തത
- ഉചിതമായ ശരീരഭാഷ
-

# 5

# വിത്തും വിത്തവും

## വിത്ത്

മണ്ണു ചോദിച്ചു
മരത്തിനോട്
മരമേ മരമേ
ഒരു വിത്തുതാ
എല്ലാ വിത്തും
മണ്ണിനു നൽകി
മരത്തിനൊരുപാട്
മക്കളുണ്ടായി.

**എ. അയ്യപ്പൻ**

എല്ലാവിത്തും മരം മണ്ണിന് നൽകിയപ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് സംഭവിച്ചത്? ചർച്ചചെയ്യൂ.

*ഒറ്റക്ക് നട്ടാൽ വിളയുന്നതും ഒരുമിച്ചു നട്ടാൽ വിളയുന്നതും ഒരേ വിളവല്ല...*

# കപ്പവാട്ടിന്റെ കഥ

മലനാട്ടിലെയും ഇടനാട്ടിലെയും ഉൾനാടൻഗ്രാമങ്ങളാണ് കപ്പവാട്ടിന്റെ അണിയറയും അരങ്ങും. മലയാളിയുടെ വിശപ്പാറ്റിയ വിളയായ കപ്പ അഥവാ മരച്ചീനിയുമായി ബന്ധപ്പെട്ട കൂട്ടായ്മയുടെ കഥയാണ് പറയുന്നത്. കഠിനാധ്വാനികളായ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും നിത്യഭക്ഷണത്തിലെ പോഷകസമ്പുഷ്ടമായ കോമ്പിനേഷനായിരുന്നു കപ്പയും മീനും. രണ്ടു പതിറ്റാണ്ടുമുമ്പുവരെ കേരളത്തിലെമ്പാടും സമൃദ്ധമായി മരച്ചീനി വിളഞ്ഞിരുന്ന മലമ്പുരയിടങ്ങളുണ്ടായിരുന്നു. സ്ഥിരമായി മരച്ചീനി കൃഷിചെയ്തിരുന്ന ഈ പുരയിടങ്ങളെ ചീനിവിള എന്നാണ് വിളിച്ചുപോന്നിരുന്നത്. മലബാറിലേക്ക് കപ്പക്കൃഷി പറിച്ചുനട്ടത് തിരുവിതാംകൂറിൽനിന്നുള്ള കുടിയേറ്റകർഷകരായിരുന്നു. മലബാറിന്റെ മണ്ണിൽ അധ്വാനത്തിന്റെ ഇതിഹാസം രചിച്ച സാഹസികരായ കുടിയേറ്റകർഷകരെ ചേട്ടന്മാരെന്നാണ് വടക്കേ മലബാറുകാർ വിളിച്ചുപോന്നത്. അതുകൊണ്ടുതന്നെ കപ്പ, ചേട്ടന്മാരുടെ വിളയായിരുന്നു അവർക്ക്. ഡിസംബർ-ജനുവരി മാസമായാൽ മലനാട്ടിലും ഇടനാട്ടിലുമെല്ലാം കപ്പവാട്ടിന്റെ കാലമാണ്. അയൽപക്കബന്ധവും സൗഹൃദവും ഒരുമയും ഊട്ടിയുറപ്പിച്ചിരുന്ന ഒരു കാർഷികവൃത്തിയായിരുന്നു കപ്പവാട്ട്. മലനാട്ടിലെ ഓരോ വീട്ടുകാരും തങ്ങൾക്ക് ഒരു വർഷത്തേക്കാവശ്യമായ കപ്പ വാട്ടി പത്തായത്തിലോ അരിപ്പെട്ടിയിലോ ചണച്ചാക്കിലോ സൂക്ഷിച്ചുവയ്ക്കുക എന്നത് ഒരു രീതിയായിരുന്നു. കപ്പവാട്ട് ഒരോ വീടുകളിലും ഒരു ആഘോഷം തന്നെയായി മാറിയിരുന്നു. കുട്ടികളും മുതിർന്നവരും  അങ്ങനെ കുടുംബത്തിലെല്ലാവരും ഒപ്പം അയൽപക്കക്കാരും ഇതിൽ സർവാത്മനാ പങ്കാളികളാകുന്നു. ആരും കാഴ്ചക്കാരല്ല, ഓരോരുത്തരും തങ്ങളാൽ



കഴിയുന്ന ജോലികൾ ചെയ്യുന്നു. അക്ഷരാർഥത്തിൽ ഇതൊരു കാർഷികപാരസ്പര്യമായിരുന്നു. കപ്പ വാട്ടി ഉണക്കുവാനുള്ള പാറയൊരുക്കുക എന്നതാണ് ആദ്യപടി. ചിക്കുപായയിലോ ഇന്നത്തെപ്പോലെ സിൽപ്പോളിൻ ഷീറ്റിലോ അല്ല കപ്പ ഉണക്കുന്നത്. കൃഷി സാധ്യമല്ലാത്ത വിശാലമായ പാറപ്പുറത്താണ് കപ്പ ഉണക്കുന്നത്. കപ്പവാട്ട് സീസണുമുമ്പായി ഈ പാറപ്പുറം നന്നായി തൂത്ത് വൃത്തിയാക്കും. ഒന്നും ഒന്നരയും ടൺ കപ്പ ഉണക്കിയെടുക്കാൻ കഴിയുന്നത്ര വിശാലമായ പാറയുണ്ടായിരുന്നു. കർഷകർ പരസ്പരം ആലോചിച്ച് കപ്പ വാട്ടുന്ന തീയതിയും മറ്റും നേരത്തേ തീർച്ചയാക്കും. ഈ തീയതി തെറ്റിക്കാൻ പാടില്ലെന്നത് പരസ്പരവിശ്വാസത്തിലധിഷ്ഠിതമായ തീരുമാനമായിരുന്നു. കപ്പവാട്ടിനും കപ്പ ഉണക്കുന്നതിനുമെല്ലാം പരസ്പരം സഹായിക്കേണ്ടതിനാൽ ഒരു ടൈംടേബിളിട്ടുതന്നെയാണ് മലനാട്ടിലെ ഗ്രാമീണകർഷകർ കപ്പവാട്ടിന്റെ കാര്യങ്ങൾ ക്രമീകരിച്ചിരുന്നത്.



കപ്പ പറിച്ചെടുക്കുന്നതിന്റെ തലേദിവസംതന്നെ ഇലയും മറ്റും ഒടിച്ചുനിർത്തും. ശരാശരി ഒരുമൂട് കപ്പ ചുരുങ്ങിയത് 15 കിലോഗ്രാം വരെയുണ്ടാകും. കപ്പത്തണ്ടിൽ കുറുകെ ഒരു കഴ വെച്ചുകെട്ടി ആ കഴയിൽ പിടിച്ചാണ് കപ്പ പറിക്കുന്നത്. കപ്പയുടെ തൊലി പൊളിക്കുന്നത് സ്ത്രീകളാണ്. കപ്പ അരിയുന്നത് പുരുഷന്മാരും. സ്ത്രീകൾ പൊളിച്ചിടുന്ന കപ്പ രണ്ടും മൂന്നുമായി എടുത്ത് അരിയാനായി മുതിർന്നവരുടെ കൈകളിലെത്തിക്കുന്നത് കൊച്ചുകുട്ടികളാണ്. അണ്ണാറക്കണ്ണനും തന്നാലായത്. അരിഞ്ഞ കപ്പ ചെമ്പിലാണ് വാട്ടിയെടുക്കുന്നത്. നന്നായി കഴുകി വൃത്തിയാക്കി ചെമ്പിൽനിറച്ച്, കപ്പ മുങ്ങിക്കിടക്കാൻ പാകത്തിൽ വെള്ളം നിറച്ചാണ് വാട്ടുന്നത്. പതയും തിളയും കണക്കാക്കി ചെമ്പിൽനിന്നും കപ്പ വാരുന്നതിന് നെടുനാളത്തെ പരിചയത്തിലൂടെയുള്ള ഒരു കൈത്തിട്ടം കർഷകർക്കുണ്ട്. കപ്പ പാകത്തിന് വെന്തില്ലെങ്കിലും വേവു കൂടിയാലും പ്രശ്നമുണ്ട്. വാട്ടുകപ്പയുടെ നിറത്തെയും രുചിയേയും അത് ബാധിക്കും. നന്നേ വെളുപ്പിനെ ആരംഭിക്കുന്ന കപ്പവാട്ടുജോലികൾ രാത്രി ഏറെ വൈകുവോളം

തുടരും. ശ്രമദാനമായി ഇതിൽ പങ്കുചേരുകയും പണിയെടുക്കുകയും ചെയ്യുന്നവർക്ക് ഭക്ഷണം ഉണ്ടായിരുന്നു. ജോലിയുടെ ആയാസം അറിയാതിരിക്കാൻ നാടൻപാട്ടുകളും തനത് പ്രത്യേകതയായിരുന്നു. പച്ചക്കപ്പ വേവിച്ചതും ആറ്റുമീൻ കറിവച്ചതുമായിരുന്നു പ്രധാന ഭക്ഷണം. അധ്വാനത്തിന്റെ കഷ്ടപ്പാടുണ്ടെങ്കിലും പരസ്പരം എല്ലാവർക്കും സന്തോഷവും സംതൃപ്തിയുമേകുന്ന ഒരു കൂട്ടായ്മയായിട്ടാണ് ഓരോ വീടും കേന്ദ്രീകരിച്ചുള്ള രണ്ടുമൂന്നു ദിവസത്തെ കപ്പവാട്ട് പര്യവസാനിക്കുന്നത്. ഇതിനാവശ്യമായ കത്തി, വല്ലം, ചെമ്പ് തുടങ്ങിയവയെല്ലാം എല്ലാവരും പരസ്പരം ഉപയോഗിക്കുകയും ചെയ്യുമായിരുന്നു. കപ്പവാട്ടുകാലത്ത് ഓർക്കാപ്പുറത്ത് ഒരു മഴവന്നാൽ, മലനാട്ടിലെ ഗ്രാമീണകർഷകരുടെ യഥാർഥ ഒത്തുചേരൽ അപ്പോഴാണ് അനുഭവവേദ്യമാകുക. എല്ലാവരും ഉച്ചത്തിൽ കൂകിവിളിച്ച് ആളെക്കൂട്ടും. എല്ലാവരും ചേർന്ന് യുദ്ധകാലാടിസ്ഥാനത്തിൽ പാറപ്പുറത്ത് നിരത്തിയിരിക്കുന്ന വാട്ടുകപ്പ നനയാതെ വാരിയെടുക്കും. കപ്പവാട്ടു സീസണിൽ മലനാട്ടിലെ ഉൾനാടൻ പ്രദേശങ്ങളിലൂടെ കടന്നുപോയാൽ എല്ലാ പാറക്കെട്ടുകളിലും വെള്ളപ്പൊട്ടുപോലെ വാട്ടുകപ്പ ഉണക്കുവാനായിട്ടിരിക്കുന്നത് ഒരു കൗതുകകാഴ്ചയായിരുന്നു. നമ്മുടെ മലമ്പുരയിടങ്ങളിലെല്ലാം റബ്ബർ എന്ന അദ്ഭുതവിളയുടെ അധിനിവേശം ഉണ്ടാകുന്നതിനുമുമ്പുള്ള സ്വാർഥമോഹമില്ലാത്ത കൂട്ടായ്മയുടെ കഥയും കാര്യവുമാണിത്. ഇപ്പോഴും അപൂർവമായി മലനാട്ടിൽ അങ്ങിങ്ങായി ബാക്കിനിൽക്കുന്നുണ്ട്, ഭക്ഷണമൊരുക്കലിന്റെ ഈ സഹവർത്തിത്വം. അതിന്റെ ആരവങ്ങൾക്കും അണിയറപ്രവർത്തനങ്ങൾക്കും മിടുക്കും മോടിയും നന്നേ കുറഞ്ഞു പോയിരിക്കുന്നു. ഭക്ഷ്യസുരക്ഷ എന്ന വലിയ മുദ്രാവാക്യത്തിനു മുന്നിൽ വിനീതരാകുന്ന ലോകജനത മലനാട്ടിലെ കർഷകരുടെ ഈ പഴയകാല നന്മയ്ക്കു മുന്നിൽ ഒരുനിമിഷം നിൽക്കട്ടെ. ഓരോരുത്തരും എല്ലാവർക്കുംവേണ്ടി, എല്ലാവരും ഓരോരുത്തർക്കും വേണ്ടി എന്ന ഉദാത്തമായ ആശയത്തെ പ്രാവർത്തികമാക്കുകയായിരുന്നു ഇവിടുത്തെ കർഷകരും കർഷക കുടുംബങ്ങളും.

**കാർഷികാചാരങ്ങൾ : കാഴ്ചയും വിചാരവും** **മുരളീധരൻ തഴക്കര**

### വിശദാംശങ്ങൾ കണ്ടെത്താം

പാഠഭാഗം വായിച്ച് താഴെക്കൊടുത്തിരിക്കുന്ന സൂചനകളുടെ വിശദാംശങ്ങൾ കണ്ടെത്തുക.

- കപ്പവാട്ടിന്റെ ഒരുക്കം.
- കൂട്ടായ്മയുടെ ഉത്സവം.
- മഴ വരുമ്പോഴുള്ള ഒത്തുചേരൽ.
-
-

## കുറിപ്പ് തയ്യാറാക്കുക

'ഓരോരുത്തരും എല്ലാവർക്കും വേണ്ടി, എല്ലാവരും ഓരോരുത്തർക്കും വേണ്ടി' എന്ന ഉദാത്തമായ ആശയത്തെ ഊട്ടിയുറപ്പിക്കുന്നതാണ് കപ്പവാട്ട്. നിങ്ങളുടെ പ്രദേശത്ത് കൂട്ടായ്മയുടെ ഇത്തരം പ്രവർത്തനങ്ങൾ ഉണ്ടോ? അന്വേഷിച്ച് കണ്ടെത്തി ക്ലാസ്സിൽ അവതരിപ്പിക്കുക.

## സെമിനാർ

'കേരളത്തിന്റെ കാർഷികരംഗം നേരിടുന്ന പ്രശ്നങ്ങൾ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക

സൂചനകൾ

- കൃഷിഭൂമി കുറഞ്ഞുവരുന്നു
- കൃഷി ചെയ്യുന്നതിനുള്ള താൽപര്യക്കുറവ്
- കാർഷിക ഉൽപന്നങ്ങൾക്ക് വിപണിയും വിലയും കിട്ടുന്നില്ല
- 

| സെമിനാറിനു മുമ്പ് | സെമിനാറിനുശേഷം |
|---|---|
| • നോട്ടീസ്, പോസ്റ്റർ, ബാനർ<br>• വിവരശേഖരണം<br>• ലഭ്യമായ വിവരങ്ങളുടെ വിശകലനം<br>• സെമിനാർ പ്രബന്ധം തയ്യാറാക്കൽ<br>• ഗ്രൂപ്പിൽ വായിച്ച് മികച്ചത് കണ്ടെത്തി പൊതുഅവതരണം | • സെമിനാർ റിപ്പോർട്ട് തയ്യാറാക്കൽ<br>• പത്രവാർത്ത തയ്യാറാക്കൽ<br>• പത്രവാർത്ത മെച്ചപ്പെടുത്തൽ<br>• |

*മനവും കരവും കൈകോർക്കുമ്പോൾ*
*മണ്ണിൽ സ്വർഗം വിളയുന്നു.*

# കൃഷി



ഉള്ളംകൈയിൽ
നെൽക്കൃഷി ചെയ്യുന്ന ഒരാളുണ്ടത്രേ!
നൂറ്റാറു വയസ്സ്.
എൺപതേ തോന്നിക്കൂ
അരോഗദൃഢഗാത്രൻ
മുന്നേക്കർ നിലം ഉണ്ടായിരുന്നത്രേ
കുറെ കടം കൊണ്ടുപോയി
ബാക്കി റോഡുവികസനം വിഴുങ്ങി.
പുലരും മുമ്പുണരുന്നു.
നിവർത്തിയ കൈവെള്ളയിൽ
കലപ്പയിറക്കുന്നു.
ഉഴുകുന്നു
വിതയ്ക്കുന്നു,
വളമിടുന്നു



ഞാറുകൾ പറിച്ചുനടുന്നു
വെള്ളം തേവുന്നു
കൊക്കും എരണ്ടയും തവളയും
അതിൽ നിറയുന്നു.
വെയിൽ ചായുമ്പോൾ
വിളഞ്ഞുകിടക്കുന്ന പാടശേഖരം
ഒറ്റയ്ക്ക് കൊയ്യുന്നു.
മെതിയും മറ്റും സന്ധ്യയ്ക്കാണ്
രാത്രിയിൽ അയാൾ
സ്വന്തം കൈയിൽ വിളയിച്ചെടുത്ത
പുന്നെല്ലരിയുടെ കഞ്ഞി
ആ കൈയാൽത്തന്നെ
കോരിക്കുടിക്കുന്നു.

ഒരിക്കൽ
അയാളെച്ചെന്നു കണ്ടു;
രാത്രി; കഞ്ഞികുടി കഴിഞ്ഞ്
അയാൾ ഉറങ്ങാൻ ഒരുങ്ങുന്നു.
മങ്ങിയ വെളിച്ചത്തിൽ
ആ ഉള്ളംകൈ...
കൊയ്ത്തുകഴിഞ്ഞ വിശാലമായ പാടശേഖരങ്ങൾ!
ചില കൊറ്റികൾ
തവളകളുടെ കരച്ചിൽ...

**കൃഷിക്കാരൻ** **സെബാസ്റ്റ്യൻ**

### കണ്ടെത്തിപ്പറയുക

- കൃഷിഭൂമി നഷ്ടപ്പെട്ടതിന്റെ എന്തെല്ലാം സൂചനകളാണ് കവിതയിൽ നിന്ന് ലഭിക്കുന്നത്.
- കവിതയിൽ സൂചിപ്പിക്കുന്ന കാർഷികവൃത്തിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.

### സ്വാഭിപ്രായം വ്യക്തമാക്കുക.

'കൃഷിഭൂമി നഷ്ടപ്പെടുന്ന കർഷകന്റെ ദൈന്യതയും സ്വപ്നവുമാണ് കവിത പങ്കുവയ്ക്കുന്നത്.' ചർച്ചചെയ്ത് സ്വാഭിപ്രായം വ്യക്തമാക്കുക.

### കൃഷിപ്പതിപ്പ്

'ചേറ്റിക്കുത്തിയ കൈ ചോറ്റിക്കുത്താം.' ഈ പഴഞ്ചൊല്ലിന്റെ പൊരുളെന്ത്? കൃഷിയുമായി ബന്ധപ്പെട്ട കൂടുതൽ പഴഞ്ചൊല്ലുകൾ, ശൈലികൾ, കടങ്കഥകൾ എന്നിവ ശേഖരിച്ച് പതിപ്പ് തയ്യാറാക്കുക.

### കൊളാഷ്

'കർഷകന്റെ ഉള്ളംകൈയിൽ കൃഷിഭൂമി ഒന്നാകെ പ്രതിഫലിക്കുന്നു' ഈ ആശയം മുൻനിർത്തി കാർഷികമേഖലയുമായി ബന്ധമുള്ള കൊളാഷ് നിർമ്മിക്കുക.

*കൊളാഷ് നിർമ്മിക്കുമ്പോൾ*

- പ്രതലം നിശ്ചയിക്കൽ
- സാമഗ്രികൾ കണ്ടെത്തൽ
- ഉചിതമായി വിന്യസിക്കൽ
- 
- 

# വിത്തും കൈക്കോട്ടും

കൊണ്ടേരന്റെ ശ്വാസഗതി ക്രമത്തിലായി. ഒരു പേടിസ്വപ്നം കണ്ട് ഞെട്ടിയുണർന്നു കിടക്കുമ്പോൾ സ്ഥലകാലാവബോധമുണ്ടായതുപോലെ കൊണ്ടേരൻ മൂപ്പിൽനായരെ താണുതൊഴുതു തിരിച്ചുപോന്നു. 'അത്തിക്കോട്ടിലേക്ക് വേണ്ടി നട്ടുണ്ടാക്കിയ ഫലവൃക്ഷ ങ്ങളുടെ തൈയുകളൊക്കെ എന്തുചെയ്യണം?' കൊണ്ടേരൻ കുറെയേറെ ആലോചിച്ചു. അടുത്തകൊല്ലം ഒഴിഞ്ഞുകൊടുക്കേണ്ട ഭൂമിയിൽ പുലാത്തയ്യുവച്ചാൽ ചക്കയിട്ടു തിന്നാ നാരാവും?' ആ കർമ്മയോഗിയായ കൃഷിക്കാരൻ തീരുമാനിച്ചു. വെച്ചുപിടിപ്പിക്കുകതന്നെ. ആരാച്ചാൽ ചക്കയിട്ടു തിന്നോട്ടെ.'

'വിത്തും കൈക്കോട്ടും'
കള്ളൻ ചക്കേട്ടു'
'കണ്ടാ മുണ്ടണ്ടാ'
'കൊണ്ടെത്തിന്നോട്ടെ'

ആ വിഷുക്കാലത്ത് പാടുന്ന പക്ഷിയുടെ ശബ്ദം കൊണ്ടേരനെ ആവേശം കൊള്ളിച്ചു. അത്തിക്കോട്ടിലേക്ക് നടന്നു. തളികപ്പപാറയെ ഉള്ളിലാക്കിക്കൊണ്ട് ഒരു നാലുപറ വിത്തിന്റെ പറമ്പ് വളച്ചുകെട്ടി വളപ്പാക്കാൻ കൊണ്ടേരൻ തീരുമാനിച്ചു. ആലിന്റെ കൊമ്പുകൾ വെട്ടിക്കൊണ്ടുവന്നു തറിയിട്ടു. വെട്ടിച്ചാരിയ മുള്ളുകൊണ്ട് 'കണ്ണടച്ചു' വേലികെട്ടി. വേലിയുടെ അരികെ ഒന്നിടവിട്ടു മാവിൻതൈയും പാലാവിൻതൈയും നടാൻ കുഴികുത്തി കാച്ചിച്ചുട്ടു. മഴയും കാത്തിരുന്നു.

**മണ്ണിന്റെ മാറിൽ** — **ചെറുകാട്**



### ചർച്ചചെയ്യാം

വിഷുപ്പക്ഷിയുടെ പാട്ടിന് കൊണ്ടേരന്റെ പ്രവൃത്തികളുമായുള്ള ബന്ധമെന്ത്? ചർച്ചചെയ്യുക

*മണ്ണില്ലെങ്കിൽ എവിടെ വിതയ്ക്കും?*
*വിതയില്ലെങ്കിൽ എങ്ങനെ കൊയ്യും?*
*കൊയ്ത്തില്ലെങ്കിൽ എങ്ങനെ ഉണ്ണും?*

# ജോസപ്പ്

വളരെ നാളുകൾക്കുശേഷമാണ് ഞാൻ നാട്ടിലെത്തിയത്. വെറുതെ ഒരു സന്ദർശനം. വരവിന്റെ പ്രഥമശുശ്രൂഷകൾ കഴിഞ്ഞപ്പോൾ നാടൊക്കെ ഒന്നു ചുറ്റിക്കാണാനിറങ്ങി. അന്നേരം എന്റെ മനസ്സിൽ നിറഞ്ഞുതെളിഞ്ഞത് ജോസപ്പിന്റെ രൂപമാണ്.

പണ്ട് കുടുംബത്തിൽ പാടവും പറമ്പും ധാരാളമുണ്ടായിരുന്ന കാലത്ത് ഞങ്ങളുടെ പ്രധാന കൃഷിക്കാരനായിരുന്നു ജോസപ്പ്. നിലം ഉഴുക അയാളല്ല. അതൊക്കെ കീഴ്ത്തൊഴിലാളികളുടെ കർമ്മം. ഉഴവുകഴിഞ്ഞ് പാടം മരമടിക്ക് പാകമായാൽ ഒരു ചെറുവാല്യക്കാരൻ ജോസപ്പിന്റെ കൂരയിലേക്ക് ഓടും.

ആ അറിയിപ്പ് എത്തിയാൽ തലയിലൊരു ചുട്ടിത്തോർത്തുകെട്ടി രണ്ടുകൈയും ആഞ്ഞുവീശി അയാളൊരു വരവുണ്ട്. പാടവരമ്പത്ത് നിൽക്കുന്ന അച്ഛനെ ഒന്നു വണങ്ങിയിട്ട് പാടത്തിറങ്ങി ഒരുക്കിനിർത്തിയിരിക്കുന്ന മരത്തിൽ വലംകാൽവച്ചു കയറി, കാളകളുടെ കടിഞ്ഞാൺ ഒന്നു വെട്ടിവലിച്ചിട്ട് ഒരൊറ്റ ആക്രോശം. 'ഉരുക്കൾ' പറന്നുതുടങ്ങും. ഇടംവലം ചാട്ട പായിച്ചും, കടിഞ്ഞാൺ ഇളക്കിയും ഉദ്ധതനായ തേരാളിയുടെ ചേലിൽ ജോസപ്പ് അങ്ങനെ വട്ടമിട്ടു പറക്കും. അക്കാലത്ത് ഞാൻ സ്കൂളിൽ പഠിക്കുകയായിരുന്നു. ചെളിപ്പാടത്ത് പാഞ്ഞുപോകുന്ന മരത്തിലിരിക്കുക എനിക്കൊരു ഹരമായിരുന്നു.



അതിന് ഇടയ്ക്കിടെ അവസരം തന്നിരുന്നതുകൊണ്ടാണ് ഞാൻ ജോസപ്പിനെ ഗാഢമായി സ്നേഹിച്ചിരുന്നത്. അയാൾ എന്തു കല്പിച്ചാലും ഞാൻ അനുസരിക്കുമായിരുന്നു. വീട്ടിൽ നിന്ന് അച്ഛനു കൊണ്ടുവരുന്ന പ്രാതലിന്റെ ഒരോഹരി ജോസപ്പിനവകാശപ്പെട്ടതായിരുന്നു. ജോസപ്പിനു മാത്രം. മരമടി കഴിഞ്ഞാൽ ജോസപ്പ് കടിഞ്ഞാണെറിഞ്ഞിട്ട് നിലത്തിറങ്ങി ഊക്കായിട്ടൊന്ന് മുക്രയിട്ട് കരയിലേക്ക് പോരും. മരം നുകത്തിൽ നിന്നഴിക്കുന്നതും കാളയുടെ കഴുത്തിൽ നിന്ന് നുകം മാറ്റുന്നതും 'സിൽബന്തി'കളുടെ പണിയാണ്.

വിശാലമായ മണക്കണ്ടത്തിൽ 'പന്തിരുന്നാഴി'യിൽ, വേലപ്പറമ്പിൽ ജോസപ്പ് അങ്ങനെ പറന്നു പാഞ്ഞത് എന്റെ കൺമുമ്പിലിപ്പോഴുമുണ്ട്. ജോസപ്പിന്റെ കാലൂന്നുന്ന വയൽ താനെ പൊലിക്കുമെന്ന് നാട്ടിലൊരു ചൊല്ലുണ്ടായിരുന്നു.

ജോസപ്പിന്റെ വീടുതേടി ഞാൻ ചെന്നു. പഴയ ഓലപ്പുരയുടെ സ്ഥാനത്ത് ഓടിട്ട് വെള്ള പൂശിയ വീട്. പുറത്ത് ആരെയും കണ്ടില്ല. ഞാൻ ഒച്ചയിട്ടു.

"ആരുമില്ലേ ഇവിടെ?"

പതിനാലു വയസ്സ് പ്രായം തോന്നിക്കുന്ന ഒരു പെൺകുട്ടി പുറത്തുവന്നു.

"ജോസപ്പില്ലേ ഇവിടെ"

"എവിടെയെങ്കിലും കാണും ചെന്നുനോക്ക്" – അവൾ എന്റെ മുഖത്തു നോക്കാതെ പറഞ്ഞു.

"കുട്ടി ജോസപ്പിന്റെ..."

അവൾ അതു കേൾക്കാത്ത മട്ടിൽ കയറിപ്പോയി.

ഞാൻ നടന്നു. തെളിനീരൊഴുകുന്ന തോട്ടുവക്കിലൂടെ.

ഒരു കാലത്ത് ഞങ്ങളുടേതായിരുന്ന പാടങ്ങൾ. ഇപ്പോൾ അവയുടെ ഉടമസ്ഥർ ആരെന്നു പോലും നിശ്ചയമില്ല.

മണക്കണ്ടം ഒന്നാന്തരമൊരു റബ്ബർ തോട്ടമായിരിക്കുന്നു. പന്തിരുന്നാഴി വാഴത്തോപ്പാണ്. വേലപ്പറമ്പിൽ സങ്കരയിനം തെങ്ങുകൾ നിറയെ കായ്ച്ചു മദിച്ചുനിൽക്കുന്നു. അതിനപ്പുറത്തെ വയലൊരു അക്കേഷ്യാവനം. ഒരു നുണുങ്ങു നെൽപ്പാടം ഒരിടത്തും കണ്ടില്ല. രണ്ടാൾപ്പൊക്കം വളർന്ന മരച്ചീനി...കുണുങ്ങി ഉലയുന്ന കാറ്റാടി മരങ്ങൾ.

ഈശ്വരാ! ഇപ്പെഴീ നാട്ടിൽ പുത്തരിയൂണുണ്ടാവില്ലേ...?

എതിരെ വന്ന വൃദ്ധനോട് ഞാൻ ചോദിച്ചു.

"ജോസപ്പിനെ അറിയുമോ? പഴയൊരു കൃഷിക്കാരൻ."

"നിങ്ങളാരാ?"

ഞാൻ എന്റെ പേരും കുടുംബപ്പേരും പറഞ്ഞു.

“ഓ! നിങ്ങളുടെ പഴയ കൃഷിക്കാരൻ. ഓ തോട്ടുവരമ്പിലെവിടെയെങ്കിലും കാണും. പുള്ളിക്കിപ്പോ നല്ല സുഖമില്ല. പ്രായമായില്ലേ...”

വൃദ്ധൻ നടന്നു.

ഞാൻ പിന്നെയും ചിലരോട് തിരക്കി.

അവർ വല്ലാതൊന്ന് ചിരിച്ച് ഒരേ ഉത്തരം പറഞ്ഞു- “ഇവിടെങ്ങാണ്ട് കാണും.” ഞാൻ വീണ്ടും ചുറ്റിത്തിരിഞ്ഞു.

ഒടുവിൽ ആഫ്രിക്കൻപായൽ തഴച്ച കുളത്തിന്റെ വരമ്പിൽ കൂനിക്കൂടി ഇരിക്കുന്ന ഒരു രൂപം കണ്ട് അടുത്തുചെന്നു. സൂക്ഷിച്ചു നോക്കിയപ്പോൾ അത് ജോസപ്പു തന്നെ എന്നു തിട്ടമായി.

ഞാൻ സ്നേഹപൂർവം വിളിച്ചു.

“ജോസപ്പേ...”

അയാൾ തലയുയർത്തി. വളരെ ക്ലേശിച്ച് എണീറ്റ് അടുത്തുവന്നു. എന്നെ ആപാദചൂഡമൊന്ന് നോക്കിയിട്ട് ഒറ്റ ചോദ്യം :

“എനിക്കിത്തിരി നെലം തര്വോ.. ഈ വിത്തുവിതയ്ക്കാൻ...”

അയാൾ കക്ഷത്ത് ഭദ്രമായി ഇറുക്കിപ്പിടിച്ചിരിക്കുന്ന മുഷിഞ്ഞ തുണിക്കെട്ട് പൊക്കിക്കാട്ടി.

ഞാൻ അമ്പരന്നു നിൽക്കെ അയാൾ തുടർന്നു.

“ഇത് വിതയ്ക്കാനുള്ള മണ്ണ് – ഇരുന്നാഴി പൊന്നാര്യൻ... തര്വോ നിങ്ങള് മണ്ണ്... ഞാൻ കുറേക്കാലമായിട്ട് ഇതും കിഴികെട്ടിക്കൊണ്ട് നടക്കുവാ... തര്വോ...”

അയാൾ പൊട്ടിക്കരഞ്ഞു.

റബ്ബർക്കാടുകളിൽ, കാറ്റാടിമരങ്ങളിൽ, വാഴത്തോപ്പുകളിൽ കാറ്റ് ചൂളമടിച്ചു.

**എസ്.വിയുടെ കഥകൾ (സമ്പൂർണ്ണം)** **എസ്.വി. വേണുഗോപൻ നായർ**

### കേൾക്കാം ആസ്വദിക്കാം

താഴെക്കൊടുത്തിരിക്കുന്ന സൂചകങ്ങളുടെ സഹായത്തോടെ പാഠഭാഗം ഒറ്റയ്ക്കും സംഘമായും വായിച്ച് മികച്ച അവതരണം കണ്ടെത്തുക

- ആശയവ്യക്തത
- വൈകാരികഭാവം
- ശബ്ദനിയന്ത്രണം
- ഉച്ചാരണം

### ഹ്രസ്വചലച്ചിത്രം

തിങ്കളാഴ്ച നല്ല ദിവസം എന്ന തിരക്കഥ നിങ്ങൾ പരിചയപ്പെട്ടുവല്ലോ. ജോസപ്പ് എന്ന കഥയെ തിരക്കഥയാക്കി മാറ്റി എഴുതൂ. ഫിലിംക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഇതിനെ ഒരു ഹ്രസ്വചലച്ചിത്രമായി ആവിഷ്കരിക്കാം.

### കാർഷികപദകോശം

മണക്കണ്ടം, പന്തിരുനാഴി, നുകം ഈ പദങ്ങൾ ശ്രദ്ധിച്ചുവല്ലോ. ഇവയെല്ലാം കൃഷിയുമായി ബന്ധപ്പെട്ട പദങ്ങളാണ്. കേരളത്തിന്റെ കാർഷികസംസ്കാരവുമായി ബന്ധപ്പെട്ട കൂടുതൽ പദങ്ങളും അവയുടെ വിശദാംശങ്ങളും ഉൾപ്പെടുത്തി കാർഷികപദകോശം തയ്യാറാക്കുക.

# പദപരിചയം

## മനസ്സുനന്നാവട്ടെ

| | | |
|---|---|---|
| അന്തികത്തിൽ | - | അരികിൽ |
| അന്നപൂർണ്ണേശ്വരി | - | സുഭിക്ഷതയുടെ ദേവി |
| ആതങ്കം | - | രോഗം, ദുഃഖം, സംശയം |
| ഉദാസീനം | - | ഒന്നിനോടും പ്രത്യേകിച്ച് താൽപര്യമില്ലാതെ |
| ഓതി | - | പറഞ്ഞു |
| ഔദ്ധത്യം | - | അഹങ്കാരം |
| കല്യാണം | - | വിവാഹം, മംഗളം |
| കംഫർട്ടബ്ൾ (Comfortable) | - | സുഖകരം, സൗകര്യപ്രദം |
| ഘ്രാണേന്ദ്രിയം | - | മൂക്ക് |
| ഗഹനം | - | ആഴത്തിലുള്ള |
| ഗൗനിക്കുക | - | പരിഗണിക്കുക |
| ദീനം | - | രോഗം |
| ധാമം | - | ഇരിപ്പിടം |
| നന്ദനം | - | സന്തോഷിപ്പിക്കുന്നത്, നന്ദനവനം |
| നമ്രമുഖം | - | കുനിഞ്ഞ മുഖം |
| നിർദയം | - | ദയയില്ലാത്ത, ക്രൂരമായ |
| നിസ്തുലം | - | തുല്യതയില്ലാത്തത് |
| പാണി | - | കൈ,കൈപ്പടം |
| പാര് | - | ഭൂമി, ലോകം |
| പാർക്കുക | - | നോക്കുക, വസിക്കുക |
| പാഴുറ്റ | - | പാഴായ |
| പൂതം | - | ശുദ്ധിയുള്ളത്, സത്യം |
| പ്രകാശമാനം | - | പ്രകാശിച്ചു കൊണ്ടിരിക്കുന്ന |
| പ്രസൂനം | - | പൂമൊട്ട് |
| ഫിസിക്കൽ (Physical) | - | ശാരീരികം |
| ഭൂഷ | - | അലങ്കാരം, ആഭരണം |
| മാൺപ് | - | അഴക് |
| മാനവർ | - | മനുഷ്യർ |

| | | |
|---|---|---|
| മാല് | - | ദുഃഖം |
| മെന്റൽ (Mental) | - | മാനസികം |
| മേന്മേൽ | - | മേൽക്കുമേൽ |
| ലോകവിരക്തൻ | - | ലോകത്തോട് വിരക്തിതോന്നിയവൻ, സന്യാസി |
| വിണ്ണ് | - | ആകാശം, സ്വർഗം, മേഘം |
| വിദൂരത | - | വളരെ ദൂരെയുള്ളത് |
| വേണി | - | തലമുടി, മുടിക്കെട്ട് |
| ശോകാത്മകം | - | സങ്കടകരമായ, ദുഃഖകരമായ |
| ഷെയർ (Share) | - | ഭാഗം, ഓഹരി |
| സാഫല്യം | - | ഫലത്തോടുകൂടിയത് |
| സ്ഫീതം | - | സമൃദ്ധമായ, സന്തോഷമുള്ള, ശുദ്ധമായ |

## കലയുടെ വേരുകൾ

| | | |
|---|---|---|
| അവഗാഢം | - | തീവ്രമായി |
| ആയോധനവൃത്തി | - | ആയുധങ്ങൾ ഉപയോഗിച്ച് നടത്തുന്ന യുദ്ധം |
| ആരോഹണാവരോഹണം | - | ഉയർച്ചയും താഴ്ചയും |
| ആലാപനം | - | പാട്ടുപാടൽ |
| ഉച്ചസ്ഥായി | - | ഉയർന്ന സ്ഥായി, ഉയർന്ന സംഗീത ക്രമം |
| കളിയിമ്പം | - | വിനോദം |
| ഗലി | - | ഇടുങ്ങിയ തെരുവ് |
| ചാപല്യം | - | അവിവേകം |
| തപിച്ച | - | ദുഃഖിച്ച |
| താണ്ഡവപ്രധാനം | - | തീവ്ര ചലനങ്ങളും ഭാവപ്രകടനങ്ങളും |
| തിരക്കിയപ്പോൾ | - | അന്വേഷിച്ചപ്പോൾ |
| ദീപ്തമായി | - | പ്രകാശിച്ചു |
| ദ്വന്ദ്വയുദ്ധം | - | രണ്ടുപേർ തമ്മിലുള്ള യുദ്ധം |
| നിഷിദ്ധം | - | ഒഴിവാക്കേണ്ടത് |
| നിസ്സംഗൻ | - | ഒന്നിനോടും ചേരാത്തവൻ |
| നിർവികാരൻ | - | വികാരമില്ലാത്തവൻ |
| പരോക്ഷം | - | മറവ്, മറഞ്ഞിരിക്കുന്നത് |
| പാരി | - | അനുയായികൾ,ഭടന്മാർ |
| പ്രചോദകം | - | പ്രോത്സാഹിപ്പിക്കുന്നത് |

മടമ്പിടിച്ച് - ഉപ്പൂറ്റി അമർത്തി ചവിട്ടി
മതദ്വേഷം - മതവിരോധം
മനോഹരാലാപം - മനോഹരമായ ആലാപനം
മന്ത്രണം - നേർത്ത ശബ്ദം
മൗനസ്ഥലി - മൗനത്തിന്റെ ഇടം
യവനനാടകവേദി - ഗ്രീക്ക് നാടകവേദി
രംഗസ്ഥർ, രംഗസ്ഥിതർ - രംഗത്തുള്ളവർ
വാതായനം - വാതിൽ
വിശിഷ്യാ - പ്രത്യേകിച്ച്
ശിപാർശ - അന്യനുവേണ്ടി നടത്തുന്ന നിവേദനം
സാന്ത്വനം - ആശ്വാസം
സോദരത്വേന - സഹോദര തുല്യം
ഹഠാദാകർഷിച്ചത് - കൂടുതൽ ആകർഷിച്ചത്

## ഒന്നല്ലി നാം

അപരാധം - തെറ്റ്, കുറ്റം
അപരിഷ്കൃതർ - പരിഷ്കാരമില്ലാത്തവർ
അധീനം - കീഴടങ്ങൽ
അരചൻ - രാജാവ്
ആരാച്ചാർ - വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടവർക്ക് വധശിക്ഷ നടപ്പാക്കുന്നയാൾ
ഉടയാട - ഉടുക്കുന്ന വസ്ത്രം
കനകം - പൊന്ന്, സ്വർണ്ണം
കൂര - ചെറിയ വീട്
കൃതജ്ഞത - നന്ദി
കൈമോശം വരുക - നഷ്ടപ്പെടുക
ചോല - കാട്ടരുവി
തസ്തിക - ഔദ്യോഗിക സ്ഥാനം
തിറ - ദൈവപ്രീതിക്കായി ഉത്തര കേരളത്തിലെ കാവുകളിൽ അനുഷ്ഠിച്ചു വരുന്ന ഒരിനം ചടങ്ങ് (തെയ്യത്തിന് സമാനം)
ദ്രുതഗതി - തിടുക്കം

| | | |
|---|---|---|
| പൗരൻ | - | ഒരു രാജ്യത്തിന്റെ ഭൂപരിധിക്കുള്ളിൽ ജീവിക്കുന്നതിന് നിയമപരമായി അവകാശമുള്ള വ്യക്തി |
| പ്രഥമം | - | ആദ്യമായി, ഒന്നാമത് |
| ഫെമിനിസ്റ്റ് | - | സ്ത്രീ സ്വാതന്ത്ര്യവാദി |
| വിവേചനം | - | വ്യത്യാസം കല്പിക്കൽ |
| ശ്രോതാവ് | - | കേൾക്കുന്നവർ |
| സജ്ജം | - | ഒരുക്കം |

## മൊഴിമുത്തുകൾ

| | | |
|---|---|---|
| അനന്തം | - | അന്തമില്ലാത്തത് |
| ആക്കം | - | ശക്തി |
| ആനായനാരിമാർ | - | ഗോപസ്ത്രീകൾ |
| ആരായൽ | - | അന്വേഷിക്കൽ |
| ഉലാവുന്നു | - | വ്യാപിക്കുക, ചലിക്കുക |
| അംബരം | - | ആകാശം, വസ്ത്രം |
| കച്ച | - | കട്ടിയുള്ള ഒരുതരം വസ്ത്രം |
| ചടച്ച | - | ക്ഷീണിച്ച, മെലിഞ്ഞ |
| ചെമന്ന | - | ചുവന്ന |
| തഴുകുക | - | തലോടുക |
| തിമിരം | - | ഇരുട്ട് (കണ്ണിനെ ബാധിക്കുന്ന ഒരസുഖം) |
| തൂമ | - | ഭംഗി, അഴക് |
| തേവാരിക്കേണം | - | ദേവനെ പൂജിക്കണം |
| നൽച്ചേല | - | നല്ല വസ്ത്രം |
| നിച്ചലും | - | നിത്യവും, എപ്പോഴും |
| നിർമ്മലം | - | പരിശുദ്ധം, കളങ്കമില്ലാത്ത |
| നീലമേലാപ്പ് | - | നീലനിറത്തിലുള്ള മേൽക്കൂര |
| നീഹാരം | - | മഞ്ഞുതുള്ളി |
| നൂതനം | - | പുതിയത് |
| പഥികർ | - | വഴിയാത്രക്കാർ |
| പരിക്ഷീണതകൾ | - | ക്ഷീണാവസ്ഥകൾ |
| പുരുമോദം | - | വർധിച്ച സന്തോഷം |
| പൊഴിക്കുക | - | വർഷിക്കുക, ഉതിർക്കുക |
| പൗർണ്ണമി | - | പൂർണ്ണചന്ദ്രൻ |
| ബലിഷ്ഠകായം | - | ബലമുള്ള ശരീരം |

| | | |
|---|---|---|
| മാനിച്ച് | - | ആദരിച്ച് |
| മൊഴി | - | വാക്ക് |
| രസന | - | നാവ് |
| ലാക്ക് | - | ഉന്നം, ലക്ഷ്യം |
| വിപത്ത് | - | ആപത്ത് |
| സൗരമണ്ഡലം | - | സൂര്യമണ്ഡലം |

## വിത്തും വിത്തവും

| | | |
|---|---|---|
| അധിനിവേശം | - | കുടിയേറി പാർപ്പ്, കടന്നുകയറ്റം |
| അനുഭവവേദ്യമാകുക | - | അനുഭവിച്ചറിയുക |
| അനുസാരികൾ | - | ചേരേണ്ടത്, കൂടെയുള്ളവ |
| അരോഗദൃഢഗാത്രൻ | - | രോഗമില്ലാത്ത ഉറച്ച ശരീരത്തോട് കൂടിയവൻ |
| ആപാദചൂഡം | - | പാദം മുതൽ തല വരെ |
| ആയാസം | - | പ്രയാസം, ക്ലേശം, തളർച്ച |
| ആര്യൻ | - | പഴയ നെൽവിത്ത് |
| ഇരുന്നാഴി | - | രണ്ടു നാഴി (നാഴി: അളവു പാത്രം) |
| ഉദ്ധതൻ | - | നായകൻ, ഉയർന്നവൻ, പ്രൗഢിയുള്ളവൻ |
| ഉഴുകുന്നു | - | മണ്ണിളക്കുന്നു |
| എരണ്ട | - | ഒരുതരം പക്ഷി (മുണ്ടി) |
| കടിഞ്ഞാൺ | - | നിയന്ത്രണം |
| കർമ്മയോഗി | - | കർമ്മയോഗം ചെയ്യുന്ന ആൾ |
| കഴ | - | വണ്ണം കുറഞ്ഞ് നീളം കൂടിയ കമ്പ് |
| കുലം | - | വംശം |
| കൂരി | - | ചെറിയ കിളി |
| കൂളൻ | - | കുട്ടികൾ, മൂരിക്കുട്ടികൾ |
| കൈത്തിട്ടം | - | കൈ മതിപ്പ്, കൃത്യത, പാകം |
| കോമ്പിനേഷൻ | - | സംയോജനം |
| ചെമ്പ് | - | വലിയ പാത്രം |
| ചോലക്കുളമ്പിൽ | - | മണ്ണും ഇലകളും അടിഞ്ഞുകൂടി ചോലയുടെ ഒഴുക്ക് നിലച്ച സ്ഥലം |
| തറിയിടുക | - | വേലിക്ക് ഉറപ്പു കിട്ടാൻ കുറ്റി ഉറപ്പിക്കൽ |
| തേരാളി | - | തേര് തെളിക്കുന്ന ആൾ |
| തേവുന്നു | - | വെള്ളം കൃഷി ഭൂമിയിലേക്ക് ഒഴുക്കുന്ന പ്രവൃത്തി |
| നിലം | - | വയൽ |

| | | |
|---|---|---|
| നുകം | - | നിലം ഉഴുന്നതിന് കാളയുടെ കഴുത്തിൽ വച്ചുകെട്ടുന്ന ഉപകരണം |
| നുണുങ്ങ് | - | ചെറിയ ഭാഗം |
| നെടുനാളത്തെ | - | ദീർഘകാലത്തെ |
| പത്തായം | - | ധാന്യങ്ങളും മറ്റും സൂക്ഷിക്കുന്നതിന് ഉപയോഗിച്ചിരുന്ന പല അറകളോടുകൂടിയ വലിയ മരപ്പെട്ടി |
| പര്യവസാനിക്കുക | - | പൂർണ്ണമായി അവസാനിക്കുക |
| പ്രാതൽ | - | പ്രഭാതഭക്ഷണം |
| പാരസ്പര്യം | - | തമ്മിൽ തമ്മിൽ, കൂട്ടായ, ചേർച്ച |
| പുന്നെല്ലരി | - | പുതിയ നെല്ലിന്റെ അരി |
| പുലാത്തയ്യ് | - | പ്ലാവിൻ തൈ |
| പൊന്നാര്യൻ | - | പഴയ ഒരിനം നെൽവിത്ത് |
| പൊലിക്കുക | - | വർധിക്കുക |
| മരമടി | - | വയലിൽ കാളകളെ ഓടിക്കുന്ന ഒരു മത്സരം |
| മലമ്പുരയിടങ്ങൾ | - | മലമ്പ്രദേശത്തെ കൃഷിഭൂമി |
| മുക്ര | - | കാളയുടെ ശബ്ദം |
| മുടിങ്കോല് | - | കാലിയെ തെളിക്കുന്നവർ ഉപയോഗിക്കുന്ന വടി |
| മെതി | - | കറ്റയിൽ നിന്നും നെല്ല് ചവിട്ടിയും നിലത്തടിച്ചും വേർപ്പെടുത്തി എടുക്കുന്ന പ്രവൃത്തി (കറ്റ:കൊയ്തെടുത്ത നെൽക്കതിരുകൾ ചേർത്ത് കെട്ടിയത്) |
| മോടി | - | പുതുമ / ഭംഗി |
| വല്ലം | - | വലിയ കുട്ട |
| വാല്യക്കാരൻ | - | ഭൃത്യൻ |
| വിത്തം | - | ധനം |
| ശ്രമദാനം | - | പ്രതിഫലം വാങ്ങാതെയുള്ള പ്രവൃത്തി |
| സഹവർത്തിത്വം | - | പരസ്പരധാരണ/ കൂട്ടായി പ്രവർത്തിക്കുക |
| സ്വാർഥമോഹം | - | തൻകാര്യം, സ്വന്തം കാര്യത്തിൽ (സമ്പത്തിൽ) മാത്രം താൽപര്യം. |
| സിൽപ്പോളിൻ | - | ടാർപോളിൻ (ടാർപ, ടാർപായി) |
| സിൽബന്ധി | - | സഹായി |
| സ്ഥലകാലാവബോധം | - | സ്ഥലത്തെയും കാലത്തെയും കുറിച്ചുള്ള അറിവ് |

| കുറിപ്പുകൾ |
| --- |
| |
| |
| |
| |
| |
| |
| |
| |
| |
| |
| |
| |
| |
| |
| |

# കുറിപ്പുകൾ

# കുറിപ്പുകൾ

# കുറിപ്പുകൾ

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

### നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online* ***R.T.E Monitoring : www.nireekshana.org.in***